MADRAS UNIVERSITY ANNEXE
O.R.I. DEPARTMENTAL LIBRARY

DOCTRINA VIM PROMOVET INSITAM

Call Number

Accession Number 358393

Department 32D

This book should be returned on or before the date last marked below.

O. R. I. DEPARTMENTAL LIBRARY
20 JUN 1981
UNIVERSITY OF MADRAS

# ആറാംനമ്പർ വാർഡ്

UNIVERSITY LIBRARY
MADRAS

പ്രസാധകർ:

പ്രഭാതം പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് കമ്പനി
(പ്രൈവററ്) ലിമിററഡ്

32D
358393

# ആറാംനമ്പർ വാർഡ്

ചെക്കോവ്

വിവർത്തകൻ:

ടി. എൻ. കൃഷ്ണപിള്ള

പ്രഭാത് ബുക്ക്ഹൌസ്, എറണാകുളം.

1957

University Grants Commission

ഒന്നാം പതിപ്പ് കോപ്പി 2000

വില: 1-ക. 25-ന.പ.

ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്.

## ഒന്നു്

ആശുപത്രിയുടെ പറമ്പിൽ ഒരുപഗ്രഹമുണ്ട്. അതിനു ചുററും ചൊറുതണവും, കാട്ടുചണവും കാടുപിടിച്ചു കിടക്കുന്നു. ആ കാട്ടിൽനിന്നും, അവിരാമം, ഒരു മർമ്മരശബ്ദം ഉയൎന്നുകൊണ്ടിരിക്കും. കെട്ടിടത്തിന്റെ മേൽക്കൂരയും പുകക്കുഴലും അഴുക്കുപിടിച്ചതാണ്. മുൻവശത്തെ കല്പടവുകളിൽ, വളൎന്നുമുററിയ പുല്ലുകൾ കടന്ന് ആക്രമണം നടത്തിയിരിക്കുന്നു. ചുവരിൽ വെള്ളതേച്ചതിന്റെ നേരിയ ലക്ഷണമേ ഉള്ളു. ആ കെട്ടിടം ആശുപത്രിക്കഭിമുഖമായും പാടത്തിനു പുറന്തിരിഞ്ഞുമായാണ് നില്ക്കുന്നതു്. പാടത്തിൽനിന്നും അതിനെ വേർതിരിക്കുന്നതു് പഴകിക്കഴിഞ്ഞ ഒരു മുള്ളുവേലിയാണ്. മുകളിലേക്കുന്നംവെച്ചു നില്ക്കുന്ന മുള്ളുകളും, ആ വേലിയും, ആ ഉപഗ്രഹംതന്നെയും ഈശ്വരൻകൂടി മറന്നുകഴിഞ്ഞ ഞങ്ങളുടെ ആശുപത്രിയുടെയും ജയിലിന്റെയും നൈസൎഗ്ഗികസ്വഭാവത്തിന്റെ ഒരു ഘടകംപോലെ നിന്നിരുന്നു.

നിങ്ങൾക്ക് ആ ചൊറുതണത്തെ ഭയമില്ലെങ്കിൽ ആ ഉപഗ്രഹത്തിലേക്കുള്ള പാതയിലേക്ക് എന്നോടുകൂടി വരാം. നമുക്കതിനകത്തേക്കൊന്ന് പാളിനോക്കിക്കളയാം. മുൻവശത്തെ കതകു തുറക്കുമ്പോൾ നാം ഒരു ഝഴി കാണുന്നു. ചുവ

രിനും, സ്റ്റോവിനും അടുത്തു് ആശുപത്രിയിലെ ചപ്പുംചവറും കുന്നുപോലെ കൂട്ടി ഇടപ്പെട്ടിരിക്കുന്നു. കീറിപ്പറിഞ്ഞു നിരുപയോഗമായ ഈ—പായുടെ തുണ്ടുകളും, മേലങ്കികളും, അടിയുടുപ്പുകളും, വിലയററ നീലക്കുപ്പായങ്ങളും, പഴകിയ പാദരക്ഷകളും—എല്ലാംകൂടി ദുർഗന്ധം വമിക്കുന്നവിധം താറുമാറായിട്ടാണ് കിടക്കുന്നതു്.

കാവൽക്കാരനായ, നികിതാ ഒരു പഴയ പട്ടാളക്കാരനാണ്. തൻെറ കോട്ടിൻെറ കൈയ്യിൽ അഴക്കുപിടിച്ച രേഖകളുള്ള അയാൾ, ഒരു സമയവും തൻെറ പല്ലുകൾക്കിടയിൽനിന്നും ഇളക്കാത്ത പൈപ്പു കടിച്ചുപിടിച്ചുകൊണ്ടു്, ആ കുപ്പയുടെ കുമ്പാരത്തിനു മേൽ കിടക്കുന്നുണ്ടായിരിക്കും. നിബിഡമായി വളർന്ന പുരികങ്ങളും, മദ്യപാനാതിരേകത്താൽ തുടുത്തു വീങ്ങിയ മുഖവും അയാൾക്ക് ഒരുതരം റഷ്യൻനായുടെ രൂപത്തോടു സാദൃശ്യം വരുത്തിയിരുന്നു. അയാളുടെ നാസിക ചുവന്നതാണ്; മെലിഞ്ഞു നീണ്ടു കമ്പിപോലെയുള്ള അയാളുടെ രൂപത്തിനു് ആരുടെയും ഹൃദയത്തിൽ പതിയുന്ന ഒരു പ്രത്യേകതയുണ്ടായിരുന്നു; അയാളുടെ മുഷ്ടികൾ നല്ല മുഴപ്പുള്ളവയുമായിരുന്നു. അയാൾ അചഞ്ചലമായ ചുമതലാബോധവും, വിശ്വാസ്യതയും, ശേഷിയും തികഞ്ഞ ഗൗരവസ്വഭാവക്കാരനും അനുശാസനങ്ങളെ ലോകത്തുള്ള എന്തിലും ഉപരിയായി കാണുന്നവനും, നല്ല തല്ലിനോളം ഉതകുന്ന യാതൊന്നും ഇല്ലെന്ന വിശ്വാസക്കാരനുമായിരുന്നു. നിയമസമാധാനപാലനത്തിനു മററു യാതൊരു മാർഗ്ഗവും ഇല്ലെന്ന ഉറച്ച വിശ്വാസത്തോടെ അയാൾ ആരുടെയും നെഞ്ചിലും, മുഖത്തും, മുതുകിലും എല്ലാം യാതൊരു വിവേചനവും കാട്ടാതെ മർദ്ദനങ്ങളുടെ പെരുമഴതന്നെ വർഷിച്ചിരുന്നു.

വഴിക്കുള്ള സ്ഥലം കഴിഞ്ഞാൽ ശേഷിപ്പുള്ള, ഉപഗൃഹത്തിൻെറ വിസ്തൃതമായ ഒരറയിലേക്കാണ് ഇവിടന്നു നാം കടക്കുന്നതു്. ചെളിയുടെ നിറംവന്ന നീലച്ഛായമാണു ചുവരിലുള്ളതു്. പുകയറയും അഴുക്കുംകൊണ്ടു തട്ടു കറുത്തിരുണ്ടിരിക്കുന്നു. പുകക്കുഴലില്ലാത്ത ഒരു കൊച്ചുവീട്ടിൽ തണുപ്പുകാലത്തു വിഷലിപ്തമായ ധൂമം തങ്ങിനില്ക്കുന്നതിൻെറ ഒരു പ്രതീതിയാണു് അവിടുണ്ടാവുന്നതു്. ജനാലകൾ വികൃതവും, അകത്തു ഇരുമ്പുകൊണ്ടുള്ള ഓടാമ്പലുള്ളതുമാണു്; തറ നിറഭേദം വന്നതും ഇടിഞ്ഞുപൊളിഞ്ഞതും. ആ സ്ഥലത്തു്, അഴുകിയ കാബേജിൻേറയും പുകയുന്ന വിളക്കിൻേറയും, മൂട്ടയുടേയും അമ്മോണിയയുടേയും ദുർഗന്ധം അനുഭവപ്പെടുന്നു. ഈ ദുർഗന്ധത്തിൻെറ ലോകത്തിലേക്കു ആദ്യമായി കടക്കുമ്പോൾ വന്യമൃഗങ്ങളെ ഇട്ടടക്കുന്ന ഒരു കൂട്ടിനടുത്തെത്തിയ ഒരവസ്ഥ നിങ്ങൾക്കനുഭവപ്പെടും.

കട്ടിലുകൾ തറയുമായി ഉറപ്പിക്കപ്പെട്ടിരിക്കുന്നു. നീലനിറത്തിലുള്ള ആശുപത്രിയിലെ വസ്ത്രങ്ങൾ ധരിച്ചു, നിശാവേളയിലേക്കുള്ള പഴയ രീതിയിലെ തൊപ്പികളും വെച്ചു, കട്ടിലുകളിൽ ആളുകൾ ഇരിക്കുകയും കിടക്കുകയും ചെയ്യുന്നു. അവർ മാനസികരോഗബാധിതരാണു്.

അവർ അഞ്ചുപേരുണ്ടു്. ഒരാൾ മാത്രമെ ഉന്നതകുലജാതനായിട്ടുള്ളു. ബാക്കി നാലുപേരും സാധാരണക്കാരിൽ പെടുന്നവരാണു്. വാതിലിനടുത്തുള്ള കിടക്കയിലെ ദീർഘകായനും മെലിഞ്ഞവനും, ചേർത്തുചുവന്ന മീശയും കരഞ്ഞുകലങ്ങിയ മിഴികളും ഉള്ളയാൾ തൻെറ കൈപ്പത്തിയിൽ മുഖം താങ്ങി തുറിച്ചുനോക്കി ഇരിക്കുന്നു. രാപ്പകലില്ലാതെ അയാൾ കരയുകയും നെടുവീർപ്പിടുകയും തലയാട്ടുകയും വികൃതമായി പുഞ്ചിരിക്കയും ചെയ്യുന്നു; അയാൾ സം

ഭാഷണങ്ങളിൽ അങ്ങിന്റെ ഇടപെടുകയോ അന്വേഷണങ്ങൾക്കു മറുപടി നൽകുകയോ ചെയ്യാറില്ല. ഭക്ഷണപാനീയങ്ങൾ നൽകപ്പെട്ടമ്പോൾ അയാൾ അതെടുത്തു യാന്ത്രികമായി ഉള്ളിലാക്കുന്നു. അയാളുടെ അവിരാമമുള്ള ചുമയും, എപ്പോഴും കവിളിൽ തെളിഞ്ഞുനില്ക്കുന്ന വിളർച്ചയുംവെച്ചുകൊണ്ടു, അയാൾ ക്ഷയരോഗത്തിന്റെ ആക്രമണത്തിൽ നിന്നുള്ള ഫലം അനുഭവിച്ചുതുടങ്ങിയിരിക്കയാണെന്നു തീർത്തുപറയാൻ കഴിയും.

അടുത്ത കിടക്ക അസാധാരണമായ ചുറുചുറുക്കുള്ള ഉത്സാഹസ്വഭാവിയായ ഒരു കൃഷകവൃദ്ധന്റെ ആണു്. അയാൾക്കു നീണ്ട താടിമീശയും ഒരു നീഗ്രോയുടേതുപോലെ ശരിക്കു കറുത്ത മുടിയും ഉണ്ടു്. പകൽസമയം അയാൾ ആ അറയിലെ ഓരോ ജാലകങ്ങൾക്കും ഇടയിലായുള്ള സ്ഥലത്തു് ഉലാത്തുകയോ, തന്റെ കിടക്കയിൽ കാലും മടക്കി ഇരുന്നു ഉല്ലാസചിത്തനായി ചൂളമിടുകയോ, താഴ്ന്ന ശബ്ദത്തിൽ പാടുകയോ, വെറുമൊരു ഉൾച്ചിരിയോടെ ഇരിക്കുകയോ ചെയ്യും. രാത്രിയിൽപോലും ശിശുസഹജമായ തന്റെ ഉത്സാഹവും ലഘുചിത്തതയും അയാൾ പ്രകടിപ്പിക്കുന്നു; തന്റെ പ്രാർത്ഥനകൾ ചൊല്ലുന്നു; അതൊക്കെ കൈമുറുക്കി സ്വയം നെഞ്ചിലിടിക്കുന്ന അയാളുടെ പതിവോടെ ആയിരിക്കും. എന്നിട്ടയാൾ വാതിലിനടുത്തു തുപ്പിത്തടഞ്ഞു നടക്കും. അയാൾ ഹാററു്നിർമ്മാതാവായിരുന്ന, മോസസ്സ് എന്നു പേരുള്ള ഒരു യഹൂദനാണു്. ഇരുപതു വർഷത്തിന്നുമുൻപു തന്റെ കട വെന്തെരിഞ്ഞതുമുതൽ അയാൾ ഇവിടെയാണു്.

ആ കെട്ടിടത്തിന്നു പുറത്തുപോകാൻ അനുവാദമുള്ള ആറാം നമ്പർ വാർഡിലെ ഏകജീവി അയാൾ മാത്ര

മാണ്. പറമ്പിലും തെരുവിൽതന്നെയും ഉലാത്താൻ അയാൾക്കനുവാദമുണ്ട്. ആ സൗജന്യം അയാൾ വത്സരങ്ങളായി അനുഭവിച്ചുവരുന്നു; അയാൾക്ക് ആശുപത്രിയുമായി ദീർഘകാലബന്ധമുള്ളതുകൊണ്ടോ, അയാൾ നിരുപദ്രവിയായ മറയനായതുകൊണ്ടോ ആയിരിക്കും. വികൃതികളായ കൊച്ചുകുട്ടികളുടെയും നായ്ക്കളുടെയും ചുററും കൂടിയുള്ള ശല്യപ്പെടുത്തലുകൾക്കു ശരവ്യമായ അയാൾ പട്ടണത്തിൻെറ ഒരു ഭാഗമായിക്കഴിഞ്ഞിരുന്നു. ആശുപത്രിയിൽനിന്നും നൽകിയിട്ടുള്ള ഗൗണും, തൊപ്പിയും, ചെരിപ്പുംധരിച്ച്, ചിലപ്പോൾ നഗ്നപാദനായിട്ടായിരിക്കും, അയാൾ തെരുവിൽ അലഞ്ഞുതിരിഞ്ഞുനടക്കുകയും വാതിലുകളുടെയും കടകളുടെയും മുൻപിൽ ഒരു (1) 'കോപ്പക്ക്' യാചിച്ചു കൈ നീട്ടിനിൽക്കുകയും ചെയ്യും. അയാൾക്കു കുറച്ചു (2) 'കവാസ്' കിട്ടുന്നു, അല്ലെങ്കിൽ ഒരു കഷണം അപ്പമോ, ഒരു 'കോപ്പക്കോ' കിട്ടുന്നു; അയാൾ ആ ഉപഗ്രഹത്തിലേക്കു മടങ്ങിവരുന്നതു് സമ്പന്നനും സംതൃപ്തനുമായിട്ടാണ്. അയാൾ നേടിക്കൊണ്ടു വരുന്നതൊക്കെ 'നികിതാ' പിടിച്ചെടുക്കുന്നു. ആ പട്ടാളക്കാരൻ ആ പ്രവൃത്തിചെയ്യുന്നതു് പരുക്കൻരീതിയിലും അരിശത്തോടും അയാളുടെ കീശ കീഴ്മേൽ മറിച്ചുകൊണ്ടും നിയന്ത്രണരാഹിത്യത്തെപോലെ വഷളായ മററൊന്നും ഇല്ലെന്നും ഈ യഹൂദനെ ഇനി ഒരിക്കലും പുറത്തുവിടുകയില്ലെന്നു ദൈവത്തെവിളിച്ചു പുലമ്പിക്കൊണ്ടുമാണ്.

മോസസ് സൌമനസ്യമുള്ള ഒരുവനാണ്. തൻെറ അറയിലുള്ള സഹചരർക്കു ദാഹിക്കുമ്പോൾ അയാൾ

1. റഷ്യയിലെ ഒരു കൊച്ചു ചെമ്പുനാണയം.
2. പുളിച്ച അപ്പത്തിൽനിന്നും എടുക്കുന്ന ഒരു തരം മദ്യം.

വെള്ളം കൊണ്ടുവന്നു കൊടുക്കുന്നു. അവർ ഉറങ്ങിക്കിടക്കുമ്പോൾ പുതപ്പിക്കുന്നു, ഓരോരുത്തർക്കും ഓരോ കൊപ്പക്ക് കൊണ്ടുക്കൊടുക്കാമെന്നു് വാഗ്ദാനംചെയ്യുകയും പുതിയ തൊപ്പികൾ ഉണ്ടാക്കികൊടുക്കുകയും ചെയ്യുന്നു. അടുത്തകിടക്കയിലുള്ളയാളിനു കരണ്ടിയിൽ ആഹാരം കോരിക്കൊടുക്കുന്നതയാളാണ്—ആയാൾ ഒരു തളർവാതക്കാരനാണു്. അയാൾ ഇതൊക്കെ ചെയ്യുന്നതു് എന്തെങ്കിലും അനുകമ്പകൊണ്ടോ പരോപകാരതല്പരതകൊണ്ടോ അല്ല. അതു ശരിയായി വീക്ഷിക്കുന്നെങ്കിൽ അയാൾ തന്റെ അടുത്തു വലതുവശമുള്ള കിടക്കയിലെ ഗ്രൊമോവിന്റെ പ്രേരണക്കു യാന്ത്രികമായി കീഴടങ്ങുകയാണെന്നു കാണാൻകഴിയും.

മുപ്പത്തിമൂന്നു വയസ്സോളം പ്രായമുള്ള ഇവാൻ ഡിമിററ്റിച്ച് ഗ്രൊമോവ് ഉന്നതകുലജാതനും, ഒരു ആമീനും, പ്രാദേശിക ഗവൺമേൻറാഫീസിൽ സെക്രട്ടറിയായിരുന്നയാളുമാണ്. അയാളും ബുദ്ധിഭ്രമത്താൽ പീഡിതനായിരിക്കയാണു്. അയാൾ തന്റെ കിടക്കയിൽ കിടന്നുരുളുകയോ, ഉല്ലാസത്തിന്നുവേണ്ടി ഉലാത്തുന്നവരുടെ രീതിയിൽ ആ അറയിൽ അസ്വസ്ഥനായി നടക്കുകയോ ചെയ്യും. ഒരിടത്ത് അടങ്ങിയിരിക്കുന്ന നിലയിൽ അയാൾ കാണപ്പെട്ടുകയില്ല. അവിച്ഛിന്നമായ ചിത്തവിക്ഷോഭത്താലും ആകുലത്വത്താലും കീഴടക്കപ്പെട്ട് എപ്പോഴും അവ്യക്തമായ പ്രതീക്ഷകളാൽ അക്ഷമനായും അയാൾ കാണപ്പെട്ടിരുന്നു. ഇടനാഴികയിൽനിന്നുണ്ടാകുന്ന നേരിയ ശബ്ദം ശ്രവിച്ചാൽ തന്നെ അയാൾ ശിരസ്സുയർത്തുകയും ശ്രദ്ധിക്കുകയും ചെയ്തിരുന്നു—അയാളെ അന്വേഷിച്ച് അവർ എത്തിയോ? അയാളെയാണോ അവർ അന്വേഷിക്കുന്നതു്? ആ നിമിഷങ്ങളിൽ അയാളുടെ മുഖത്തു് അവാച്യമായ ഉദ്വേഗവും, വിദ്വേഷവും തെളിഞ്ഞുനില്ക്കും.

അയാളുടെ വിസ്തൃതവും വിളറിയതും ശോകഹരായ നിറഞ്ഞതും ഉയൎന്ന താടിയെല്ലുകളുള്ളതുമായ വദനം ഞാൻ ഇഷ്ടപ്പെട്ടിരുന്നു. അവിരാമമുള്ള കഷ്ടതകളും ഭീതിയുംകൊണ്ടു അലട്ടനുഭവിക്കുന്ന ഒരാത്മാവിൻെറ പ്രതിഫലനം കണ്ണാടിയിലെന്നപോലെ ആ മുഖത്തു ഞാൻ കണ്ടിരുന്നു. അയാളുടെ മുഖചേഷ്ടകൾ വികൃതവും വിലക്ഷണവുമായിരുന്നു. എന്നാൽ നിഷ്കപടമായ വേദനയുടെ വ്യക്തമായ രേഖകൾ തെളിഞ്ഞ അയാളുടെ വദനം സുവ്യക്തമായും സ്നിഗ്ദ്ധമാനസത്തിൻെറ പ്രത്യക്ഷലക്ഷ്യമായിരുന്നു. അയാളുടെ മിഴികളിൽ സ്നേഹസാന്ദ്രവും വിശുദ്ധവുമായ ഒരു പ്രകാശം തെളിഞ്ഞുനില്ക്കുന്നുമുണ്ടായിരുന്നു. നികിതായോടൊഴിച്ച് എല്ലാവരോടും വിനീതനും, സ്നേഹസമ്പന്നനും, ആത്മാൎത്ഥമായ പരിഗണനകളുള്ളവനുമായ ഈ മനുഷ്യനെ ഞാൻ ഇഷ്ടപ്പെട്ടിരുന്നു. ആരുടെ എങ്കിലും കൈയിൽനിന്നും ഒരു കുട്ടക്കോ, കരണ്ടിയോ നിലത്തുവീണാൽ അയാൾ കിടക്കയിൽനിന്നും തിരിഞ്ഞ് ഇറങ്ങുകയും അതെടുത്തേല്പിക്കുകയും ചെയ്യുന്നു. പ്രഭാതത്തിലും നിദ്രയ്ക്കാരംഭിക്കുമ്പോഴും അയാൾ എല്ലാവർക്കും വന്ദനം പറഞ്ഞിരുന്നു.

അയാളുടെ ചിത്തഭ്രമത്തിൻെറ പ്രത്യക്ഷഭാവത്തിനും വിലക്ഷണമായ ചേഷ്ടകൾക്കും അവിരാമമുള്ള അസ്വാസ്ഥ്യങ്ങൾക്കും ഉപരിയായിട്ടുണ്ടായിരുന്ന ലക്ഷണങ്ങൾ ഇവയാണ്: ചില രാത്രികളിൽ അയാൾ തൻെറ മേല്പുതപ്പു വലിച്ചുചുററി പുതച്ചുകൊണ്ടു്, കമ്പിതഗാത്രനായി, താളം തല്ലുന്ന പല്ലുകളോടെ ആ അറയിലും കിടക്കകൾക്കിടയിലും ദ്രുതചലനവ്യഗ്രമായ പാദങ്ങളോടെ നടക്കും. അപ്പോൾ അയാൾ അത്യധികമായ സന്നിബാധിച്ച ഒരുവനെപ്പോലെയാണ്; പൊട്ടന്നനെ നില്ക്കുകയും തൻെറ

ഒപ്പം അറയിൽ താമസിക്കുന്നവരെ നോക്കുകയും ചെയ്യുന്ന രീതിയിൽനിന്നും അതിപ്രധാനമായ എന്തോ അയാൾക്ക വരോട്ട പറയാനുണ്ടെന്നു തോന്നും. എന്നാൽ ആരെങ്കിലും തൻെറ വാക്കുകൾ ശ്രദ്ധിക്കയോ തന്നെ മനസ്സിലാക്കുകയോ ചെയ്യുകയില്ലെന്നു ബോദ്ധ്യപ്പെട്ടിട്ടെന്നവിധം അയാൾ അക്ഷമനായി ശിരസ്സു ചലിപ്പിച്ചുകൊണ്ട് നടത്തംതുടങ്ങും. എന്നാൽ സംസാരിക്കാനുള്ള അനിഷേദ്ധ്യമായ പ്രേരണയെ അതിജീവിക്കാനശക്തനായി, മറെറല്ലാ ചിന്തകളും മറന്നു്, ഉദ്വേഗത്തോടും അത്യാസക്തിയോടും അയാൾ വാചകങ്ങൾ ഭാഷിക്കാൻ തുടങ്ങും. ഉന്മാദിയായ ഒരുവൻെറ പരസ്പര ബന്ധമില്ലാത്ത പുലമ്പലിനു സ്വാഭാവികമായുള്ളവിധം, അയാളുടെ പ്രഭാഷണം ഒരിക്കലും സുവ്യക്തമായിരിക്കുകയില്ല. എന്നാൽ ആ സ്വരത്തിൽ, ആകർഷകത്വവും ഹൃദയസ്പൃശിത്വവും തികഞ്ഞ എന്തോ ഒന്നു് തെളിഞ്ഞുനില്ക്കുന്നതായി അനുഭവപ്പെട്ടും. അയാളുടെ പ്രഭാഷണത്തിൽ വിവേകിയായ ഒരു മനുഷ്യനെയും ഒരു ഭ്രാന്തനെയും ഒരേസമയം നിങ്ങൾക്കു കാണ്മാൻകഴിയും. ഉന്മത്തമായ, അയാളുടെ പ്രഭാഷണങ്ങളെ കടലാസ്സിലേക്കു പകർത്താൻ വിഷമമാണ്. മനുഷ്യൻെറ നീചതയെപ്പററിയുള്ള വാദമുഖങ്ങൾ, സത്യത്തെ തകർത്തു തരിപ്പണമാക്കുന്ന കൊട്ടമകൾ, ഒരുകാലത്തു ലോകത്തുദിക്കാനിരിക്കുന്ന സുന്ദരമായ ജീവിതം, മർദ്ദകരുടെ ക്രൂരതയേയും വിവരക്കേടിനേയും എല്ലാ നിമിഷത്തിലും അയാളെ ഓർമ്മിപ്പിച്ചുകൊണ്ടുനില്ക്കുന്ന ജനാലയുടെ ഇരുമ്പഴികൾ, ഇവയെല്ലാം അയാളുടെ പ്രഭാഷണത്തിൽ വരുന്നതാണു്. പൊരുത്തമററതും, വികൃതവും, വളരെ പഴയതെങ്കിലും ഒരിക്കലും അവസാനംവരെ ആലാപിക്കപ്പെടാത്തതുമായ കുറെ ഗാനങ്ങളാണ്, ഫലം.

## രണ്ടു്

പന്ത്രണ്ടോ പതിനഞ്ചോ വഷങ്ങൾക്കു മുമ്പു്, പട്ടണത്തിലെ ഒരു പ്രധാന തെരുവില്ലള്ള തന്റെ സ്വന്തം ഭവനത്തിൽ ഭേദപ്പെട്ട നിലയിലുള്ള ഒരുദ്യോഗസ്ഥൻ താമസിച്ചിരുന്നു; അദ്ദേഹത്തിന്റെ പേരു ഗ്രൊമോഫ് എന്നായിരുന്നു. അദ്ദേഹത്തിന്നു രണ്ടു പുത്രന്മാരുണ്ടായിരുന്നു: സെർഗെയ്യും, ഇവാനും. മൂന്നുവഷത്തെ കലാശാലാവിദ്യാഭ്യാസത്തിന്നുശേഷം കട്ടത്തും പെട്ടെന്നു പകരുന്നതുമായ ക്ഷയരോഗം ബാധിച്ചു സെർഗെയ് മരണമടഞ്ഞു; ഈ മരണം ഗ്രൊമോവ് കുടുംബത്തെ ഗ്രസിച്ച വിരാമമില്ലാത്ത ഗ്രഹപ്പിഴകളുടെ ഒരു തുടക്കമായിരുന്നു. സെർഗെയ്യുടെ മരണത്തിനു ശേഷം ഒരാഴ്ച കഴിഞ്ഞപ്പോൾ ആ വൃദ്ധൻ കള്ളയാധാരനിമ്മാണത്തിനും, പണാപഹരണത്തിനും ബന്ധനസ്ഥനാക്കപ്പെട്ടുകയും വളരെ താമസിയാതെ വിഷപ്പനി പിടിപെട്ടു ജയ്‌ലിലുള്ള ആശുപത്രിയിൽകിടന്നു മരണമടയുകയും ചെയ്തു. അയാളുടെ വീട്ടും വസ്തുവകകളും ലേലംചെയ്തു കൊടുക്കപ്പെട്ടുകയും, ഇവാൻ ഡിമിററ്റിച്ചും മാതാവും നിരാശ്രയസ്ഥിതിയിൽ പെട്ടുകയും ചെയ്തു.

തന്റെ അച്ഛൻ ജീവിച്ചിരിക്കുന്ന കാലത്തു, ഇവാൻ ഡിമിററ്റിച്ച് പീറേഴ്സ്ബഗ്ഗിലെ സർവ്വകലാശാല

യിൽ അദ്ധ്യയനം നടത്തുകയായിരുന്നു; മാസംതോറും അറു പതോ എഴുപതോ റൂബിൾവീതം കൃത്യമായി വീട്ടിൽനിന്നും കിട്ടിയിരുന്നതിനാൽ ആവശ്യങ്ങളുടെ അലട്ടലുകളെ അ യാൾക്കു് നേരിടേണ്ടിവന്നിരുന്നില്ല എന്നാൽ ഈ അവ സരത്തിൽ തൻെറ ജീവിതത്തിൽ പരുഷമായ വ്യതി യാനങ്ങൾ വരുത്താൻ അയാൾ നിർബ്ബന്ധിതനായി. ഇരവു പകൽ ഭേദമില്ലാതെ, അയാൾക്കു പണി എടുക്കേണ്ടിവന്നു. തുച്ഛമായ പ്രതിഫലത്തിനുവേണ്ടി പഠിപ്പിക്കുകയും ആധാര ങ്ങൾ പകർത്തി കൊടുക്കുകയും ചെയ്തു താൻ നേടുന്നതൊക്കെ അമ്മക്കയച്ചുകൊടുത്തിട്ടു അയാൾ വിശന്ന വയറുമായി ദിവ സങ്ങൾ തള്ളിനീക്കേണ്ടിവന്നു. ഇവാൻ ഡിമിററ്റിച്ച് ഇത്തരം യാതനാഭരിതമായ ഒരു ജീവിതത്തിനു പററിയ ആളല്ലായിരുന്നു; അയാളുടെ ഹൃദയം തളർന്നു; കലാശാല വിട്ടു അയാൾ വീട്ടിലേക്കു മടങ്ങി. സ്വാധീനശക്തിയുള്ള ചില സുഹൃത്തുക്കളുടെ സഹായത്താൽ ഡിസ്ത്രിക്ട്സ്കൂളിൽ അയാൾക്കു ഒരദ്ധ്യാപകൻെറ പണി ലഭിച്ചു. എന്നാൽ തൻെറ സഹപ്രവത്തകരുമായി പൊരുത്തപ്പെട്ടുപോകാനോ വിദ്യാത്ഥികളുടെ സ്നേഹവും സഹകരണവും നേടാനോ കഴിയാതെ അയാൾക്കു വേഗംതന്നെ ആ പ്രവൃത്തി ഉപേ ക്ഷിക്കേണ്ടിവന്നു. അയാളുടെ അമ്മ മരിച്ചു. ആറുമാസ ത്തോളം അയാൾക്കു യാതൊരു ജോലിയും ഇല്ലാതെ നിന്നു; ആ കാലമത്രയും വെറും അപ്പവും വെള്ളവുംകൊണ്ടു മാത്ര മാണു് അയാൾ ജീവൻ നിലനിത്തിയിരുന്നതു്. ഒടുവിൽ അയാൾ ഒരു ആമീൻെറ പണി സ്വീകരിച്ചു. ആരോഗ്യപര മായ കാരണങ്ങളാൽ പിരിച്ചയക്കപ്പെടുന്നതുവരെ അയാൾ കഴിച്ചുകൂട്ടിയിരുന്ന അവസാനത്തെ ജോലിയായിരുന്നു അതു്.

വിദ്യാഭ്യാസകാലത്തുപോലും അയാൾ ഒരിക്കലും ഉ ത്സാഹപ്രകൃതിയും ആരോഗ്യവാനുമായി കാണപ്പെട്ടിട്ടില്ല.

അയാൾ എപ്പോഴും വിളറി മെലിഞ്ഞും ജലദോഷബാധി തനും ആയിരുന്നു; നിദ്രയും ആഹാരവും അയാൾക്കു വളരെ കുറവായിരുന്നു. അയാളെ മത്തനാക്കുന്നതിനും തളർത്തുന്ന തിനും ഒററപ്പാത്രം വീഞ്ഞു മതിയാകുമായിരുന്നു. തൻെറ സഹചരരോട്ട് അയാൾ ആകർഷിക്കപ്പെട്ടിരുന്നെങ്കിലും അയാളുടെ സംശയസ്വഭാവവും പരുക്കൻ പെരുമാററവും ആരെങ്കിലുമായി അടുപ്പംസ്ഥാപിക്കുന്നതിനയാൾക്കു സന്ദർഭം നൽകാതെനിന്നു; ഉററ സുഹൃത്തെന്നുപറയാൻ അയാൾ ക്കാരും ഉണ്ടായിരുന്നില്ല. തൻെറ പട്ടണത്തിലുള്ളവരെ അയാൾ അവജ്ഞയോടെ വീക്ഷിച്ചിരുന്നു. അവരുടെ അ ജ്ഞതയും അലസമായ ജീവിതവും തന്നിക്കേററവും വെറുപ്പു ണ്ടാക്കുന്നതായി അയാൾ പ്രഖ്യാപിച്ചിരുന്നു. അയാളുടെ ശബ്ദം പരുഷവും സംഭാഷണം ഉച്ചത്തിലും ചീററാട്ടം ആ യിരുന്നു; അതെപ്പോഴും രൂക്ഷമായ കോപത്തോടെ, ആശ്ച ര്യഭരിതമായ ഹർഷോന്മാദത്തോടെ, ആയിരുന്നു; തൻെറ വാക്കുകളെപ്പററി അയാൾക്ക് ആത്മാർത്ഥമായ വിശ്വാസ മാണുണ്ടായിരുന്നതും. ഞങ്ങൾ അയാളോടു പറയുന്നതെന്താ യാലും തനിക്കു പ്രിയപ്പെട്ട വിഷയത്തിലേക്ക് അയാൾ സംഭാഷണം എത്തിക്കും: നമ്മുടെ പട്ടണത്തിലെ അന്ത രീക്ഷം പരുഷമാണ്, ഇവിടെ ജീവിതം വിരസമാണ്, സമൂഹം ഉന്നതമായ താല്പര്യങ്ങളാൽ ദൂഷിതമാണ്, ഇരു ണ്ടതും ഇഴഞ്ഞു നീങ്ങുന്നതുമാണ്, അക്രമംകൊണ്ടുമാത്രം നിലനില്ക്കുന്ന അർത്ഥശൂന്യതയാണ്, വികൃതമായ വിഷയാസ ക്തിയും കാപട്യവും നിറഞ്ഞതാണ്; വഞ്ചകർ സുഖിക്കു മ്പോൾ സത്യസന്ധരായവർ കഷ്ടിച്ച് ജീവൻ നിലനിറു ത്താൻ മാത്രം ശക്തരാകുന്നു; പള്ളിക്കൂടങ്ങളും, പുരോഗമന സ്വഭാവമുള്ള വർത്തമാനപ്പത്രങ്ങളും, ഒരു തിയേററും, പ്ര ഭാഷണങ്ങളും, എല്ലാ ബുദ്ധിപരമായ ശക്തികളുടെയും

സഹകരണവുമാണ് ആവശ്യമായിട്ടുള്ളത്; ഇതിനെപ്പററിയൊക്കെ സമുദായത്തിനു ബോധമുണ്ടാകണം; നിലവിലുള്ള സ്ഥിതി എത്രമാത്രം നട്ടക്കുന്നതാണെന്നു സമുദായത്തിനു കാട്ടിക്കൊടുക്കണം. തൻെറ വർഗ്ഗക്കാരായവരെപ്പററി വിധിപറയുമ്പോൾ അയാൾ കൂട്ടതൽ ചായം ഉപയോഗപ്പെട്ടത്തിയിരുന്നു; എന്നാൽ അയാളുടെ ചിത്രങ്ങളിൽ കറുപ്പും വെളുപ്പും മാത്രമേ ഉണ്ടായിരുന്നുള്ളു; നല്ല ഭാവംപകത്താൻ അതിനു കഴിഞ്ഞിരുന്നില്ല. അയാളുടെ വിശ്വാസപ്രകാരം മനുഷ്യവർഗ്ഗത്തിൽ വഞ്ചകനും സത്യസന്ധനുമെന്നു രണ്ടു വർഗ്ഗം മാത്രമേ ഉൾപ്പെട്ടിരുന്നുള്ളു; അതിനിടയിൽ ഉള്ള യാതൊരു വർഗ്ഗവും അയാളുടെ തരംതിരിക്കലിൽ ഉണ്ടായിരുന്നില്ല. ഒരിക്കലും പ്രേമിച്ചിട്ടില്ലെങ്കിലും സ്ത്രീകളെയും പ്രേമത്തെയുംപററി ഉല്ക്കടമായ കുതൂഹലത്തോടും ഔത്സുക്യത്തോടും അയാൾ സംസാരിച്ചിരുന്നു.

ദോഷൈകദൃക്കും, സഹകരണശീലമററ ക്ഷോഭശീലം തികഞ്ഞവനും ആയിരുന്നിട്ടുകൂടി അയാളെ ഞങ്ങളുടെ പട്ടണത്തിൽ ഇഷ്ടപ്പെട്ടിരുന്നു; അയാൾ കേൾക്കാതെ 'വൻയാ' എന്ന ഓമനപ്പേരിൽ വിളിക്കപ്പെട്ടുകയും ചെയ്തിരുന്നു. അയാളുടെ ദുർബലതയും, ഹിതാനുവത്തനസന്നദ്ധതയും, ഉന്നതമായ വിശ്വാസങ്ങളും സ്വഭാവരീതികളും, അഴുക്കുപിടിച്ച വേഷവും അനുകമ്പാർഹമായ കുടുംബസ്ഥിതിയും എല്ലാംകൂടി ശോകാത്മകഭാവത്തിലുള്ള ഒരു സൌഹൃദത്തിന്നും പരിഗണനയ്ക്കും അയാളെ അർഹനാക്കി; അയാൾക്കു വിദ്യാഭ്യാസവും വിവേകവും ഉണ്ടായിരുന്നതിനാൽ അയാൾക്കറിവില്ലാത്തതൊന്നും ഇല്ലെന്നും സമീപസ്ഥർ പറഞ്ഞിരുന്നു. എന്നല്ല, അയാളെ സഞ്ചരിക്കുന്ന ഒരു വിജ്ഞാനകോശമായിത്തന്നെ അവർ പരിഗണിച്ചിരുന്നു.

ഗ്രന്ഥപാരായണത്തിൽ അയാൾക്ക് അതീയായ കൗതുകമുണ്ടായിരുന്നു. മണിക്കൂറുകളോളം വായനശാലയിൽ ഇരുന്ന് നിബിഡമല്ലാത്ത തൻെറ താടിരോമങ്ങൾക്കിടയിൽ, അക്ഷമമായ അംഗുലികൾ വ്യാപരിപ്പിച്ചുകൊണ്ട് പുസ്തകങ്ങളിലും മാസികകളിലും മുഴകി അയാൾ നേരം കഴിച്ചിരുന്നു; അയാളുടെ മുഖഭാവത്തിൽനിന്നും പാരായണം ചെയ്യുക എന്നതിനേക്കാൾ അയാൾ അതൊക്കെ വിഴുങ്ങുകയായിരുന്നു എന്നുപറയാൻ തോന്നും. അവയെപ്പററി ചിന്തിക്കാൻതന്നെ അയാൾ തൻെറ ഹൃദയത്തിനു സമയം അനുവദിക്കുകയില്ലായിരിക്കാം. പാരായണം, അയാളുടെ അനാരോഗ്യകരമായ ഒരു ശീലമായിത്തന്നെ കഴിഞ്ഞിരുന്നു; എന്തുകൊണ്ടെന്നാൽ തൻെറ കൈയിൽ പെട്ടിരുന്ന എന്തിലും അയാൾ തുല്യമായ ആർത്തിയോടെ മുഴകിയിരുന്നു; അവ കഴിഞ്ഞവർഷത്തെ ഒരു പത്രത്തേയോ പഞ്ചാംഗത്തേയോപോലെ വിരസമായിരുന്നാൽതന്നെയും അക്കാര്യം അയാളുടെ ശ്രദ്ധയിൽ പെട്ടിരുന്നില്ല. വീട്ടിനുള്ളിലായിരിക്കുമ്പോൾ അയാൾ എപ്പോഴും വായനയിൽ ലയിച്ചു കിടന്നു നേരംപോക്കിയിരുന്നു.

## മൂന്നു്

ശരത്കാലത്തെ ഒരു പ്രഭാതത്തിൽ ഇവാൻഡിമിറ്റ്റിച്ച്, തന്റെ കോട്ടിന്റെ കോളർ ഉയർത്തിവെച്ചുകൊണ്ട് ചെളിനിറഞ്ഞ ഒരു അപ്രധാനതെരുവിലൂടെ നടന്നു് അതിനു പിറകിലുള്ള സ്ഥലത്തെത്തി ഗതി തുടന്നു; താൻ എഴുതിത്തീർത്ത കുറെ കടലാസ്സുകൾ ഒരാളെ ഏല്പിക്കുന്നതിനായിരുന്നു ആ നടത്തം. അയാളുടെ ഹൃദയസ്ഥിതി, പുലർകാലത്തു പതിവുള്ളവിധം കക്ശമായ ഒരവസ്ഥയിലായിരുന്നു. ഒരുവശത്തെ തെരുവിൽക്കൂടി കൈവിലങ്ങണിഞ്ഞ രണ്ടു പേർ ആയുധപാണികളായ നാലു കാവൽക്കാരുടെ കൂടെ വരുന്നതയാൾ കണ്ടു. അത്തരം കാഴ്ചകൾ ഇവാൻഡീമിററ്റിച്ചിനുണ്ടാകാറുണ്ടായിരുന്നു; അതു് അയാളിൽ അനുകമ്പയും വേദനയും ഉയർത്തുന്നതുമായിരുന്നു. എന്നാൽ ഇപ്രാവശ്യം അതയാളിൽ അവാച്യമായ അസ്വാസ്ഥ്യം വളത്തുന്നവിധം സ്പർശിച്ചു. എന്തു കാരണത്താലോ ഇതേവിധം വിലങ്ങണിഞ്ഞു തടവുകാരനായി, ചെളിനിറഞ്ഞ തെരുവിലൂടെ താൻ തുറുങ്കിലേക്കു നടക്കേണ്ടിവരുന്ന ഒരവസ്ഥയെ നിയന്ത്രിക്കാൻ യാതൊരു ശക്തിയും ഇല്ലെന്നയാൾക്കു തോന്നി. താൻ എഴുതിയ കടലാസ്സുകൾ ഏല്പിച്ചിട്ടു മടങ്ങിവരുന്ന വഴിക്ക് പോസ്റ്റാഫീസ്സിന്നടുത്തുവെച്ച് അയാൾ പരിചിതനായ ഒരു പോലീസ്ഇൻസ്പെക്ടരെ കണ്ടു; പ്രത്യഭിവാദ്യം ചെയ്തിട്ട് അയാൾ ഇവാൻ ഡിമീററ്റിച്ചിനോടു

കൂടി കുറെ ദൂരം നടന്നു. എങ്ങിനെയോ അതു് സംശയം വളർത്തുന്ന ഒരു വികാരം അയാളിൽ ഉണ്ടാത്തിവിട്ടു. വീട്ടിൽ മടങ്ങി എത്തിയപ്പോൾ വിലങ്ങണിഞ്ഞ ആ തടവുകാരും ആയുധം ധരിച്ച പടയാളികളും ആ ദിവസം മുഴുവൻ അയാളുടെ ചിന്തയിൽ അസുഖകരമായ ചിന്തകൾ ഉണർത്തിവിട്ടുകൊണ്ടിരുന്നു; വിചിത്രമായ ഒരു മാനസികക്ഷോഭവും അസ്വാസ്ഥ്യവും അന്നയാളെ പാരായണവിമുഖനാക്കിക്കൊണ്ടു ചിന്തയെ അടക്കി ഭരിച്ചിരുന്നു. ഇരുട്ടായിട്ടും അയാൾ വിളക്കു കൊളുത്തിയില്ല. താനും ബന്ധനസ്ഥനാക്കപ്പെട്ടുകയും ജയിലിലടയ്ക്കപ്പെട്ടുകയും ചെയ്യുന്നതെങ്ങിനെയാണെന്ന ചിന്തയാൽ നിദ്ര അയാളിൽനിന്നും അകന്നിരുന്നു. താൻ യാതൊരു കുററവും ചെയ്തുകഴിഞ്ഞിട്ടില്ലെന്നയാൾക്കു ബോധമുണ്ടായിരുന്നു; താൻ ഒരിക്കലും ഒരു കൊലചെയ്യുകയോ ഒരു ഭവനം ചുട്ടെരിക്കുകയോ, മോഷ്ടിക്കയോ ചെയ്യുകയില്ലെന്നുറപ്പുനൽകാനും അയാൾക്കു കഴിയും; എന്നാൽ തീരെ അവിചാരിതമായും ഉദ്ദേശരഹിതമായിത്തന്നെയും ഒരു കുററം ചെയ്തുകൂടാത്തതല്ലല്ലോ? കൂടാതെ വഞ്ചനയും കാപട്യവും ന്യായം നടത്തിപ്പിൽതന്നെ തെററായ നിലപാടും നിലനില്ക്കുന്നില്ലേ? ന്യായാധിപന്മാരും, പോലീസുമേധാവികളും ഡാക്ടർമാരും ആയവർ മനുഷ്യൻെറ കഷ്ടതകളെ തികച്ചും ഔദ്യോഗികമായ വെളിച്ചത്തിൽ കാണുന്നവരാണ്; അവർ ശീലംകൊണ്ടു കാലക്രമത്തിൽ കക്ഷികളെ സാധാരണഗതിയിൽ നിർദ്ദയമായല്ലാതെ വീക്ഷിക്കാൻ ആഗ്രഹിച്ചാൽതന്നെയും അശക്തരാണ്; ഈ സ്ഥിതിയിൽ രക്തത്തെപ്പററി വിസ്മരിച്ചുകൊണ്ടു ആടിനെയും പശുക്കുട്ടികളെയും ശാപ്പുചെയ്യുന്ന സാധാരണക്കാരനും അവരും തമ്മിൽ യാതൊരന്തരവും ഇല്ല. ഒരിക്കൽ നിർദ്ദയമായ ശീലം സ്ഥാപിതമായിക്കഴിഞ്ഞാൽ നിരപരാധിയായ ഒരു

ഖത്തെ കഠിനതടവിനു വിധിക്കുന്നതിൽ ഒരു ന്യായാധി പത്തെ ഖിലക്കുന്നതിനു ഒററ കാര്യമേ ഉള്ളൂ—സമയം. തനിക്കു കിട്ടുന്ന ശമ്പളത്തിന്നനുയോജ്യമായ നിയമാനുസൃത മായ കാര്യങ്ങൾ കണ്ടുപിടിക്കുന്നതിന്നുള്ള സമയം മാത്രമേ ന്യായാധിപന്നാവശ്യമുള്ളൂ; അതോടെ എല്ലാം അവസാനി ക്കുന്നു. അപ്പോൾ നിങ്ങൾക്ക് ഇരുനൂറു * 'ഖെർസ്സു' അക ലെയുള്ള ഏററവും അടുത്ത റയിൽവേസ്റ്റേഷനിലാണ് ന്യാ യം ലഭിക്കുന്നതു്! മറ്റുള്ളവരാമായ ഓരോ നിയമവും വിവേക പൂർണ്ണവും യുക്തവുമാണെന്നും നിർദ്ദോഷിയെന്നു കാരുണ്യ പൂർവ്വമുള്ള ഓരോ വിധിയും അസംതൃപ്തവും പക നിറഞ്ഞതു മായ മുറവിളിയോടെ മാത്രം സ്വീകരിക്കപ്പെട്ടുകയും ചെയ്യു മ്പോൾ നീതിയെപ്പററി ചിന്തിക്കുന്നതു് വെറും ഭോഷത്ത മല്ലേ?

അടുത്ത പ്രഭാതത്തിൽ അസഹ്യമായ ഭീതി നിറഞ്ഞ ഹൃദയത്തോടെയാണ് ഇവാൻ ഡിമിററ്റിച്ച് കിടക്കയിൽ നിന്നും എഴുന്നേററതു്; അയാളുടെ നെററിത്തടത്തിൽ തണു ത്ത ഖിയർപ്പുമണികൾ നിറഞ്ഞുനിന്നു; ഏതുനിമിഷത്തിലും താൻ അറസ്റ്റു് ചെയ്യപ്പെട്ടുമെന്ന ചിന്തയും ഉറച്ച വിശ്വാസ വും അയാളെ കീഴടക്കിക്കഴിഞ്ഞിരുന്നു. കഴിഞ്ഞ ദിവസ ത്തെ അസുഖകരമായ ചിന്ത തന്നെ വിട്ടകലാത്തതിനാൽ, അതിന്നാധാരമായ യഥാർത്ഥമായ എന്തോ കാരണം ഉണ്ടാ യിരിക്കണമെന്നു് അയാൾ സ്വയം പറഞ്ഞു. ഏതായാലും തക്കതായ കാരണമില്ലാതെ അവ തൻെറ ഹൃദയത്തിൽ കടന്നു കൂടാൻ ന്യായമില്ല. അയാളുടെ ജനാലയുടെ നേർക്കുകൂടി ഒരു പോലീസ്സുകാരൻ സാവധാനം കടന്നുപോയി: അതി ൻെറ അർത്ഥം എന്തായിരിക്കും? അയാളുടെ ഖീട്ടിനെതിരെ

* ഒരു ഖെർസ്സു്—3500 അടി.

രണ്ടുപേർ മൂകരായിനിന്നു, അവർ എന്താണ് മൂകരായിരിക്കുന്നതു്?

ഇരവും പകലും ഭേദമില്ലാതെ ഇവാൻ ഡിമിററ്റിച്ചിന്റെ ദിവസങ്ങൾ വ്യഥനിറഞ്ഞതായായി. തന്റെ ജന്നാലയുടെ നേർക്കുകൂടി കടന്നുപോവുകയോ, മുററത്തു കടക്കുകയോ ചെയ്യുന്ന ഓരോ വ്യക്തിയും ഒരു ചാരനോ അപസർപ്പകോദ്യോഗസ്ഥനോ ആണെന്നു് അയാൾ കരുതി. ആ തെരുവിലൂടെ ഡിസ്ത്രിക്ട് പോലീസ് ഇൻസ്പെക്ടർ എന്നും ഉച്ചക്കു രണ്ടുപ്രാവശ്യം തന്റെ വണ്ടിയിൽ ഓടിച്ചുപോകാറുണ്ടായിരുന്നു; അയാൾ തന്റെ എസ്റ്റേററിൽനിന്നും പോലീസ് ആഫീസിലേക്കു പോവുകയായിരുന്നു. എന്നാൽ അയാൾ അതിവേഗത്തിൽ ഓടിച്ചുപോകുന്നതായും ആ മുഖത്തു അർത്ഥവത്തായ ഒരു ഭാവമുള്ളതായും ഇവാൻ ഡിമിററ്റിച്ചിനു തോന്നി; ഒരുപക്ഷേ ഏററവും അപകടകാരിയായ ഒരു കുററവാളി ഈ പട്ടണത്തിലുണ്ടെന്നു് അയാൾ പ്രഖ്യാപിക്കാനിരിക്കുകയാവും. വാതിലിലെ ബെല്ലടിക്കപ്പെടുകയോ, ശേററിൽ ഒന്നു മുട്ടുകയോ ചെയ്യപ്പെട്ടപ്പോഴൊക്കെ ഇവാൻഡിമിററ്റിച്ച് ഞെട്ടി; താൻ മുൻപു കണ്ടിട്ടില്ലാത്ത ഏതോ ഒരു സന്ദർശകൻ വീട്ടുടമസ്ഥയുടെ അടുത്തെത്തിയിരിക്കുകയാണോ എന്നയാൾ സംശയിച്ചു; ഒരു പോലീസുകാരനെയോ മറേറാ കണ്ടാൽ തന്നിൽ അസാധാരണമായി ഒന്നുമില്ലെന്നു പ്രകടിപ്പിക്കാനുള്ള വ്യഗ്രതയോടെ അയാൾ ചൂളമിട്ടിരുന്നു. അറസ്റ്റിനെപ്പററിയുള്ള ഭീതികൊണ്ടു് രാത്രി മുഴുവൻ അയാൾ ഉറങ്ങാതെ കിടന്നിരുന്നു; എന്നാൽ താൻ ഉറങ്ങുകയാണെന്നു വീട്ടുടമസ്ഥയെ വിശ്വസിപ്പിക്കാനായി അയാൾ ഉച്ചത്തിൽ പാറു വലിക്കുകയും നെട്ടുതായി നിശ്വസിക്കുകയും ചെയ്തിരുന്നു; എന്തുകൊണ്ടെന്നാൽ അയാൾ ഉറങ്ങാതെ കിടക്കുന്നെങ്കിൽ അയാളുടെ ചിന്തയിൽ എന്തോ

ഉണ്ടെന്നല്ലേ—അതെത്രമാത്രം ശക്തിമത്തായ ഒരു തെളിവും സൂചനയും ആയിരിക്കും! യാഥാർത്ഥ്യവും യുക്തിയും തന്റെ ഭീതികൾ അടിസ്ഥാനരഹിതവും അർത്ഥശൂന്യവുമാണെന്ന യാൾക്കുറപ്പുനൽകികൊണ്ടിരുന്നു; വസ്തുതകളെ വിശദമായ ചിന്തക്കുവിഷയീഭവിപ്പിക്കുമ്പോൾ ബന്ധനത്തിനും തടങ്കൽ ജീവിതത്തിനും ഇടയാക്കുന്നവിധം ഭീകരമായ യാതൊന്നും കാണാനില്ല—ബുദ്ധി വ്യക്തമായിരിക്കുന്നപക്ഷം; എന്നാൽ അയാളുടെ യുക്തികൾ സ്വസ്ഥവും യുക്തിയിൽ അധിഷ്ഠിതവുമായിരിക്കുന്തോറും അയാളുടെ അക്ഷമസ്ഥതിരില്ലാതായി. കാട്ടിൽ ഒരു സ്ഥലം വെട്ടിത്തെളിയിക്കുന്നതിനു ശ്രമിക്കുകയും തന്റെ കോടാലിക്കീഴിൽ മരങ്ങളും കുററിക്കാട്ടുകളും ഏററവും നിബിഡമായിത്തന്നെ നിൽക്കുന്നതായി അനുഭവപ്പെട്ടുകയും ചെയ്യുന്ന ഒരു താപസിയുടേതുപോലെയായി അയാളുടെ നില. തന്റെ ശ്രമത്തിലുള്ള വ്യർത്ഥത ഗ്രഹിച്ചു ഇവാൻ ഡിമിററിച്ച് ഒടുവിൽ ഭീതിക്കും വിഷാദത്തിനും സ്വയം കീഴടങ്ങി.

അയാൾ ഏകാന്തതയെ പുൽകുകയും സമൂഹത്തെ പരിത്യജിക്കുകയും ചെയ്തു. താൻ എപ്പോഴും വെറുത്തിരുന്ന തന്റെ പ്രവൃത്തി അയാൾക്കു ദുർഭരവും അസഹ്യവുമായിത്തീന്നു; ആരെങ്കിലും തന്നെ ഒരു കെണിയിൽ പെടുത്തുമെന്നു അയാൾ ഭയന്നു. തന്റെ അറിവുകൂടാതെ ആരെങ്കിലും തന്റെ കീശയിൽ കൈക്കൂലിയായി എന്തെങ്കിലും തിരുകിക്കയററുകയും, എന്നിട്ടു തന്നെ പിടിച്ചേല്പിക്കുകയും ചെയ്യുമെന്നയാൾ ഭയന്നു; അല്ലെങ്കിൽ കള്ളപ്രമാണം ചമയ്ക്കുന്നതിന്നു സമമായ എന്തെങ്കിലും തന്റെ ഔദ്യോഗിക രേഖകളിൽ കടന്നുകൂടാൻ ഇടവരുത്തുകയോ, താൻ അറിയാത്തവിധം തന്റേതല്ലാത്ത പണം നഷ്ടപ്പെടാനിടയാവുകയോ ചെയ്യുമെന്നും അയാൾ ബലമായി സംശയിച്ചു. അയാളുടെ

ഹൃദയം എത്രമാത്രം നിഷ്ഫലവും ചഞ്ചലവുമായി എന്നതു് അതിശയകരമായിരുന്നു. താൻ തന്റെ അഭിമാനത്തെയും സ്വാതന്ത്ര്യത്തെയുംപററി എത്രമാത്രം ഉല്ക്കണ്ഠിതനാകേണ്ട താണെന്നതിന്നു്, ദിവസം ഒരായിരം കാരണംവീതം അയാൾ കണ്ടുപിടിച്ചു. അതോടൊപ്പം അയാളുടെ പാരായണാസക്തിയും ലോകത്തെപ്പററിയുള്ള ശ്രദ്ധയും കുറഞ്ഞു; ഓമ്മശക്തി വല്ലാതെ താറുമാറാകയും ചെയ്തിരുന്നു.

മഞ്ഞുരുകിക്കഴിഞ്ഞ വസന്തകാലത്തിൽ, ശ്മശാനത്തിനു പുറത്തുള്ള, വെള്ളം കെട്ടിനില്ക്കുന്ന സ്ഥലത്തു് ഒരു കിഴവിയുടെയും ആൺകുട്ടിയുടെയും ശവശരീരങ്ങൾ കാണപ്പെട്ടു; ആ മരണം ക്രൂരമായ ഒരാക്രമണത്താൽ സംഭവിച്ചതാണെന്നു തെളിയിക്കുന്ന സൂചനകൾ വ്യക്തമായിരുന്നു. പട്ടണം മുഴുവൻ ആ ശവശരീരങ്ങളെയും, അജ്ഞാതരായ കൊലപാതകികളെയുംപററിയല്ലാതെ മറെറാന്നും സംസാരിച്ചിരുന്നില്ല. താനാണു് ഘാതകനെന്നു് ആളുകൾ സംശയിച്ചുപോകുമെന്നു കരുതി, ഇവാൻഡിമിറ്റ്റിച്ച്, എടുത്തണിഞ്ഞ ഒരു പുഞ്ചിരിയോടുകൂടി തെരുവിൽ നടക്കുകയും പരിചിതരുമായി കൂട്ടിമുട്ടുമ്പോൾ, മാറിമാറി മുഖത്തുദിക്കുന്ന വിളച്ച്യോടും വൈവണ്ണ്യത്തോടും, ദുർബലരും അശരണരുമായവരെ കൊലപ്പെടുത്തിയ ഇത്ര നികൃഷ്ടമായ സംഭവം വേറെ ഇല്ലെന്നു പ്രസ്താവിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ വളരെവേഗംതന്നെ അവിരാമമുള്ള ഈ കാപട്യത്തിൽ വിരസത തോന്നുകയും തന്റെ അവസ്ഥയിലുള്ള ഒരുവന്നു്, ഏററവും യുക്തമായുള്ളതു് നിലവറയിൽ കടന്നു് ഒളിച്ചിരിക്കുകയാണു് എന്നുറപ്പിക്കുകയും ചെയ്തു. അയാൾ ഒരു പകലും, തുടന്നുള്ള രാത്രിയും, പിന്നൊരു പകലും നിലവറയിൽ കഴിച്ചുകൂട്ടി; തന്മൂലം അസ്ഥികൾവരെ തണുത്തു വിറച്ച അയാൾ ഇരുളു പടന്നുകഴിഞ്ഞപ്പോൾ ഒരു കള്ളനെ

പ്പോലെ പതുങ്ങി പുറത്തു കടക്കുകയും തന്റെ അറയിൽ കയറി ഒളിക്കുകയും ചെയ്തു. പുലരുന്നതുവരെ തന്റെ അറയുടെ മദ്ധ്യത്തിൽതന്നെ നിന്നു് അയാൾ ശ്രദ്ധിച്ചു. വെളിച്ചംവീശുന്നതിനല്പം മുൻപേ സ്റ്റോവുനിർമ്മിക്കുന്ന ആരോ വീട്ടടമസ്ഥയുടെ അട്ടത്തുവന്നു. അയാൾ സ്റ്റോവിന്റെ കേടുപാട്ടുകൾ മാററുന്നതിനാണു് വന്നതെന്നു് ഇവാൻഡിമിറ്റ്രിച്ചിനു നല്ല ബോധമുണ്ടായിരുന്നു; എന്നാൽ സ്റ്റോവുപണിക്കാരുടെ ഭാവത്തിൽ വന്ന അവർ പോലീസുകാരാണെന്നു്, ഭീതി അയാളോട്ടു മന്ത്രിച്ചുകൊണ്ടിരുന്നു.

കോട്ടം ഹാററുംകൂടി എടുക്കാതെ വീട്ടിനു പുറത്തേക്കു് ഒളിച്ചുകടന്ന അയാൾ ഒരു ഭ്രാന്തനെപ്പോലെ ഓടി. പട്ടികൾ കുരച്ചുകൊണ്ടു് അയാളുടെ പിറകെ എത്തി; ഒരാൾ അയാളെ പിറകിൽനിന്നു വിളിച്ചു; കാററു് അയാളുടെ ചെവിയിലേക്കടിച്ചുകയറി; ലോകത്തുള്ള സംഹാരശക്തി മുഴവൻ തന്റെ പിറകേ എത്തുകയാണെന്നും, അതുതന്നെ കർത്തു നിലംപരിശാക്കുമെന്നും ഇവാൻഡിമിററു്റിച്ചിനുതോന്നി.

അയാൾ തടഞ്ഞു നിറുത്തപ്പെട്ടുകയും വീട്ടിലെത്തിക്കപ്പെട്ടുകയും ചെയ്തു. വീട്ടടമസ്ഥ ഒരു ഡാക്കരെ വരുത്തി. ഇനി വളരെയേറെ പറയേണ്ട ആവശ്യമിരിക്കുന്ന ഡാക്കർ അൻഡ്രെയിയീഫിമിച്ച്, മരുന്നുകൾ നിർദ്ദേശിച്ചിട്ടു് ശോകാത്മകഭാവത്തോടെ ശിരസ്സു് ചലിപ്പിച്ചുകൊണ്ടിറങ്ങിപ്പോയി; വീട്ടടമസ്ഥയോട്ടു് തന്നെ ഇനി അലട്ടേണ്ടതില്ലെന്നും ഭ്രാന്തരാകാനിരിക്കുന്നവരെ തടയാൻ ശ്രമിച്ചിട്ടു ഫലമില്ലെന്നും പറഞ്ഞു. ചികിത്സക്കും കഴിച്ചിലിനും പണമില്ലാത്തതിനാൽ ഇവാൻഡിമിററു്റിച്ച് ആശുപത്രിയിലേക്കു പോയി; അവിടെ ഗുഹ്യരോഗികൾക്കുള്ള വാർ

ഡിൽ അയാൾക്കൊരു കിടക്ക ലഭിച്ചു. രാത്രി അയാൾ തീരെ ഉറങ്ങിയില്ല; അയാൾ അസ്വസ്ഥചിത്തനായി മുരളുകയും മററു രോഗികളെക്കൂടി നിദ്രാരഹിതരാക്കുന്നവിധം ഉപദ്രവങ്ങളുണ്ടാക്കുകയും ചെയ്തു. അതിനാൽ വളരെ വേഗംതന്നെ, ഡാക്ടർ അൻഡേരിയീഫിമിച്ചിൻെറ നിദ്ദേശപ്രകാരം, അയാളെ ആറാംനമ്പർ വാർഡിലേക്ക് മാററപ്പെട്ടു.

ഒരു വഷത്തിനകം ഇവാൻഡിമിററ്റിച്ചിനെ ഓക്കാൻ പട്ടണത്തിൽ ആരും ഇല്ലാതായി; അയാളുടെ പുസ്തകങ്ങൾ, വീട്ടടമസ്ഥ ആ ഭവനത്തിനോട്ട ചേൻറുള്ള ഒരു കൊച്ചുപുരയിൽ കിടന്ന വണ്ടിയുടെഅടിയിൽ വാരിത്തള്ളുകയും, അവ അവിടന്നു് അയൽപക്കങ്ങളിലുള്ള കുട്ടികൾ പെറുക്കിക്കൊണ്ടുപോവുകയും ചെയ്തു.

## നാലു്

മുൻപു പറഞ്ഞതുപോലെ, ഇവാൻഡീമീററ്റിച്ചി ൻെറ അടുത്തുള്ള കിടക്കകളിൽ ഇടത്തുവശത്തു് മോസ ഞ് എന്ന യഹൂദൻെറയും, വലത്തുവശത്തു് തടിച്ചുരുണ്ട ഒരു കൃഷകൻെറയും ആയിരുന്നു. അയാൾ വിവൎണ്ണനും തീ കച്ചും അത്ഥശൂന്യമായ ഭാവം തികഞ്ഞവനും അലസനും വികൃതരൂപിയും വൃത്തിഹീനനുമായ ഒരു ജീവിയായിരുന്നു. വളരെ മുൻപുതന്നെ ചിന്തയും വികാരങ്ങളും അയാൾ മറന്നുകഴിഞ്ഞിരുന്നു. അയാളിൽനിന്നും തീക്ഷ്ണമായ ഒരു ദുർ ഗന്ധം എപ്പോഴും പുറപ്പെട്ടിരുന്നു.

അയാളെ സൂക്ഷിക്കുന്നതിനു നിയുക്തനായ നികിതാ സൎവ്വശക്തിയും ഉപയോഗിച്ച്, തൻെറ മുഷ്ടികളെപ്പററി ത്തന്നെ ചിന്തയില്ലാതെ, അയാളെ മൃഗീയമായി മർദ്ദിച്ചി രുന്നു. അയാൾക്കു ലഭിച്ചിരുന്ന മദ്ദനം ഭയങ്കരമായിരുന്നു— അതുപോലും ഒരുത്തൻ അവിരാമം അനുഭവിക്കുമ്പോൾ, അതുമായിപ്പൊരുത്തപ്പെട്ടുപോകുന്നു—എങ്കിലും ആ അത്ഭുത ജീവി, ഒന്നു ഞരങ്ങുകയോ, കണ്ണിൻെറ ഇമയെങ്കിലും അന ക്കുകയോ ചെയ്യാതെ ഇരുവശത്തേക്കും ചലിക്കുകമാത്രം ചെയ്യുന്ന ഒരു വീപ്പപോലെ ഇരിക്കുകയേ ഉള്ളു.

ആറാംനമ്പർ വാർഡിലെ അഞ്ചാമത്തെയും അവസാനത്തെയുമായ താമസക്കാരൻ ഒരു പട്ടണത്തിൽനിന്നും വന്നയാളാണ്. അയാൾ പോസ്റ്റാഫീസിൽ കത്തുകൾ തിരയുന്ന ജോലി നോക്കിയിരുന്നയാളാണ്; മെലിഞ്ഞു, നല്ലമുടിയും ആർദ്രഭാവമുള്ളതെങ്കിലും ലേശം പാരുഷ്യം കലന്ന വദനവുമുള്ളയാളാണയാൾ. അയാളുടെ പ്രജ്ഞയുററ മിഴികളിലെ വിശുദ്ധവും ഉല്ലാസഭരിതവുമായ ഭാവം വീക്ഷിച്ചാൽ, തന്നെ രക്ഷിക്കാൻ അയാൾക്കു കഴിവുണ്ടെന്നും, ആഹ്ലാദഭരിതമായ ഏതോ രഹസ്യങ്ങളെ അയാൾ ലാളിക്കുന്നുണ്ടെന്നും തോന്നും. ആർക്കും കാട്ടിക്കൊടുക്കാൻ തയ്യാറില്ലാത്ത എന്തോ, അയാൾ ഉപധാനത്തിനടിയിലോ പായുടെ കീഴിലോ ഒളിച്ചുസൂക്ഷിക്കുന്നുണ്ട്. അതു മോഷ്ടിക്കപ്പെട്ടുമെന്ന ഭീതികൊണ്ടല്ല, നാണംകൊണ്ടാണയാൾ രഹസ്യമായി സൂക്ഷിക്കുന്നതു്. ചിലപ്പോൾ അയാൾ ജനാലയുടെ അടുത്തേക്കു നടക്കുകയും, മററുള്ളവർക്കു പുറന്തിരിഞ്ഞു നിന്നു് എന്തോ നെഞ്ചിൽ തൂക്കിയിട്ടുകൊണ്ടു നിന്നു ചന്തം നോക്കുകയും ചെയ്യും; ആ നിമിഷത്തിൽ ആരെങ്കിലും അയാളെ സമീപിക്കുന്നെങ്കിൽ, അയാൾ വ്യഗ്രതയോടെ നെഞ്ചിൽനിന്നും എന്തോ വലിച്ചെടുത്തു് ഒളിക്കുകയും അവാച്യമായ സംഭ്രമത്തിനധീനനാവുകയും ചെയ്യും. എന്നാൽ അയാളുടെ രഹസ്യം ഊഹിക്കുക, അത്ര വിഷമമുള്ളതല്ല.

“നിങ്ങൾ എന്നെ അനുമോദിക്കും.” അയാൾ ചിലപ്പോൾ ഇവാൻഡിമിററ്റിച്ചിനോടു പറയും, “എനിക്കു സെക്കൻറ് ഓർഡറിലുള്ള സ്റ്റാനിസ്ലാവ്സ് പദവിയും ഒരു സ്റ്റാറും ശുപാശ്ചെയ്യപ്പെട്ടിരിക്കുന്നു. സാധാരണഗതിയിൽ സ്റ്റാറോടുകൂടിയ സെക്കൻറ് ഓർഡർ വിദേശീയർക്കു മാത്രമാണു് നൽകപ്പെടുന്നതു്. എന്നാൽ, എന്തുകൊണ്ടോ, എൻെറ കാര്യത്തിൽ ഒരു വ്യത്യസ്തത പാലിക്കാൻ അവർ

ആഗ്രഹിക്കുന്നു.'' ഒരു പുഞ്ചിരിയോടെ ചുമലിളക്കിക്കൊണ്ടു് അയാൾ തുടരും. ''ഞാൻ ഒരിക്കലും അതു പ്രതീക്ഷിച്ചിരുന്നതല്ല.''

''എനിക്കിതേപ്പററിയൊന്നും യാതൊരു വിവരവും ഇല്ല.'' ഇവാൻ ഡിമിററിറിച്ച് പരുഷമായി പറയും.

''ഇപ്പോഴല്ലെങ്കിൽ, കുറച്ചുകഴിഞ്ഞായാലും എങ്ങിനെയും കിട്ടുമെന്നു നിങ്ങൾക്കറിയാമല്ലോ?'' നിഭൃതമായ കൌശലത്താൽ, ചുരുങ്ങിയ മിഴികളോടെ ആ പഴയ മെയിൽ സോർട്ടർ തുടരും: ''സ്വീഡിഷ് പോളാർസ്റ്റാർ കിട്ടുമെന്നു് എനിക്കുറപ്പുണ്ടു് അത്തരം ഒരു പദവി ലഭിക്കുന്നതിനു്, അല്പം ബുദ്ധിമുട്ടുന്നതു് വിഫലമല്ല. ഒരു വൈറററ് ക്രാസ്സും, കറുത്ത റിബണും വളരെ ഭംഗിയായിരിക്കും.''

ആശുപത്രിയിലെ ആ ഉപഗ്രഹത്തിലെപ്പോലെ ജീവിതം മറെറാരിടത്തും ഇത്ര വിരസമല്ലായിരിക്കാം. തളർവാതം പിടിപെട്ടു കിടക്കുന്നയാളൊഴിച്ച് എല്ലാ രോഗികളും രാവിലെ പുറത്തെ ഇടനാഴിയിൽ പോകയും തടികൊണ്ടുള്ള ഒരു വലിയ തൊട്ടിയിൽ കുളിക്കുകയും ചെയ്തിട്ടു്, സ്വന്തം മേലുടുപ്പുകൊണ്ടു് തുവർത്തുന്നു; അതിനുശേഷം പ്രധാനകെട്ടിടത്തിൽനിന്നും നികിതാ കൊണ്ടുവരുന്ന ചായ, തകരംകൊണ്ടുള്ള പാത്രത്തിൽ പകർന്നു കുടിക്കുന്നു. ഓരോരുത്തർക്കും ഒരു തകരപ്പോണിയിൽ കൊള്ളുന്ന ചായ അനുവദിച്ചിട്ടുണ്ടു്. ഉച്ചക്ക് പുളിച്ച കാബേജുകൊണ്ടുള്ള സൂപ്പും കുഴമ്പും ലഭിക്കുന്നു; അത്താഴത്തിനു ഉച്ചക്കു മിച്ചംവരുന്ന കുഴമ്പാണുള്ളതു് ആഹാരവേളകൾക്കിടയ്ക്കുള്ള സമയം അവർ കിടക്കയിൽ കഴിച്ചുകൂട്ടുന്നു; ഉറങ്ങുകയോ ജനാലയിലൂടെ പുറത്തേക്കു നോ

ക്കിക്കൊണ്ടു കിടക്കുകയോ അറയിൽ ഉലാത്തുകയോ ചെയ്യും. ഓരോ ദീർഘസവും ഈവിധം കടന്നുപോവുന്നു. ആ പഴയ മെയിൽസ്റ്റോർട്ടർപോലും അതേ പദവിക ളെപ്പററിത്തന്നെ എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കും.

ആറാംനമ്പർ വാർഡിൽ ഒരു പുതിയ മുഖം കാണാ നുണ്ടാവുകയില്ല മാനസികരോഗികളെ സ്വീകരിക്കുന്ന തിൽ ഡാക്ടരന്മാർ മുൻപുതന്നെ വിമുഖരായി കഴിഞ്ഞി രുന്നു; ബാഹ്യലോകത്തുനിന്നും ഭ്രാന്താശുപത്രി സന്ദർശി ക്കുന്നതിന്ന് അധികമാരും കൌതുകം കാട്ടിയിരുന്നില്ല. രണ്ടുമാസം കൂടുമ്പോൾ സിമിയോൺ ലാസറിച്ച് എന്ന ക്ഷുരകൻ വാർഡുസന്ദർശിക്കും. അയാൾ എങ്ങിനെ ആ രോഗികൾക്ക് ക്ഷൗരം ചെയ്യുമെന്നോ, നികിതാ അയാളെ ഏതുവിധം സഹായിക്കുന്നെന്നോ, മദ്യപിച്ചു മത്തുപിടിച്ച ക്ഷുരകൻെറ ദർശനത്തിൽ രോഗികൾ എത്ര്മാത്രം സംഭ്രാന്ത രാകുന്നെന്നോ നമുക്കു വിവരിക്കണ്ട.

ക്ഷുരകനല്ലാതെ മററാരും ആ വാർഡ് സന്ദർശിക്കു ന്നില്ല. രോഗികൾക്ക് നികിതായുടെ അവിരാമമുള്ള സാമീ പ്യംകൊണ്ട് എല്ലാ ദിവസവും തൃപ്തിപ്പെടേണ്ടിവരുന്നു. എന്നാൽ കാലക്രമത്തിൽ അസുലഭമായ ഒരു വാർത്ത ആശു പത്രിയിൽ പ്രചരിക്കാൻ തുടങ്ങി: ഡാക്ടർ ആറാംനമ്പർ വാർഡ് സന്ദർശിക്കാൻ തുടങ്ങിയിരിക്കുന്നു.

## അഞ്ചു്

തീച്ചയായും അതു് അസുലഭമായ ഒരു ഷാത്തതന്നെയാണ്!

ഡാക്ടർ അൻഡേരിയിഫീമിച്ച്റാഗിൻ പ്രശസ്തനായ ഒരു മനുഷ്യനാണ്. അദ്ദേഹം തൻെറ യൗവ്വനകാലത്തു വലിയ ധർമ്മഷ്ഠിഷ്ഠയുള്ളയാളായിരുന്നു എന്നും, 1863-ൽ തൻെറ ജീവിതം മതപരമായ പ്രവൃത്തിപരിചയം നേടുന്നതിൽ ആമഗ്നമാക്കുന്നതിന്നുള്ള തിട്ടത്തോടെ പാഠശാല ഉപേക്ഷിക്കാൻ അദ്ദേഹം ഉദ്ദേശിച്ചതായും, ഒരഭിഭാഷകനായി പ്രവൃത്തി എടുത്തിരുന്ന അദ്ദേഹത്തിൻെറ പിതാവ്, വിലക്കുകയും അതിനു വിപരീതമായി പുരോഹിതനാകാൻ നോക്കിയാൽ അദ്ദേഹത്തെ പുത്രനായി അംഗീകരിക്കയില്ലെന്നു പ്രഖ്യാപിച്ചു പിന്തിരിപ്പിച്ചതായും പറയപ്പെടുന്നു. ഇതിലൊക്കെ എത്രത്തോളം സത്യമുണ്ടെന്നറിഞ്ഞുകൂട; എന്നാൽ തനിക്കൊരു ഭിഷഗ്വരനായിരിക്കുന്നതിനോ മറേറതെങ്കിലും ശാസ്ത്രവിഭാഗത്തിൽ പ്രവത്തിക്കുന്നതിനോ തീരെ കൌതുകമുണ്ടായിട്ടില്ലെന്നു അൻഡേരിയിഫീമിച്ചതന്നെ സമ്മതിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്.

അതെന്തായാലും വൈദ്യശാസ്ത്രബിരുദം നേടിയശേഷം അദ്ദേഹം പുരോഹിതനാകുന്നതേപ്പററി ചിന്തിച്ചില്ല.

ഭക്തിപരമായ കാൎയ്യങ്ങളിൽ അദ്ദേഹം അത്ര മെച്ചമായിരുന്നമില്ല. ഇപ്പോഴത്തെപോലെതന്നെ തൻെറ പ്രവർത്തനം തുടങ്ങുന്നകാലത്തും, ഒരു പാതിരിയുടെ ഭാവങ്ങൾ അദ്ദേഹത്തിലില്ലായിരുന്നു.

അദ്ദേഹം തടിച്ചു വികൃതനായ ഒരു കൃഷിക്കാരൻെറ മട്ടുകാരനായിരുന്നു; അദ്ദേഹത്തിൻെറ മുഖവും, താടിമീശയും, നീണ്ട മുടിയും, ബലിഷ്ഠമായ മുരട്ടുശരീരവും വഴിയരുകിലുള്ള ഒരു സത്രം സൂക്ഷിപ്പുകാരനെ ഓർമ്മിപ്പിക്കുന്നതായിരുന്നു; അല്ലലില്ലാത്ത ജീവിതത്തിലൂടെ അദ്ദേഹം പരുക്കൻ മട്ടുകാരനായിരുന്നു. അദ്ദേഹത്തിൻെറ ഉഗ്രമായ രൂപം നീലഞരമ്പുകളുടെ ഒരു വലയിൽ പൊതിയപ്പെട്ടപോലിരുന്നു; മിഴികൾ ചെറുതും നാസിക ചുവന്നതുമായിരുന്നു. അദ്ദേഹം ദീർഘകായനാണ്, കൈകാലുകൾ ബലിഷ്ഠമാണ്; ഒരു കാളയെ തൻെറ മുഷ്ടികൊണ്ടു മാത്രം ഇടിച്ചു നിലത്താക്കാൻ അദ്ദേഹത്തിനു കരുത്തുണ്ടെന്നുതോന്നും. എന്നാൽ അദ്ദേഹം മൃദുപാദനായും മന്ദഗതിയിൽ ചുവടുവെച്ചുമാണ് നടക്കുന്നതു്; ഇടുങ്ങിയ ഒരിടനാഴിയിൽവെച്ച് ആരെങ്കിലുമായി കണ്ടുമുട്ടി അവരുടെ വഴിക്കു തടസ്സമായാൽ ഒഴിഞ്ഞുമാറി വഴികൊടുത്തുകൊണ്ടു ഖേദം പ്രകടിപ്പിക്കുന്നതു് ആദ്യം അദ്ദേഹമായിരിക്കും. നിങ്ങൾ പ്രതീക്ഷിക്കുന്നപോലെ അതത്ര ആഴ്ന്ന സ്വരത്തിലായിരിക്കുകയില്ല; നേർത്ത സുഖപ്രദമായ സ്വരത്തിൽ. കട്ടിയായ കോളറുള്ള ഉടുപ്പു ധരിക്കാൻ കഴിയാത്തവിധം അദ്ദേഹത്തിനു കഴുത്തിൽ ഒരു മുഴയുണ്ടു്; അതിനാൽ ലിനനിലോ സാധാരണ പരുത്തിത്തുണിയിലോ ഉള്ള കുപ്പായങ്ങൾ ധരിച്ചാണ് അദ്ദേഹം കാണപ്പെടുന്നതു്; അദ്ദേഹം ഒരു ഡാക്ടരെപ്പോലെയല്ല വേഷംധരിക്കുന്നതു്; അദ്ദേഹത്തിൻെറ ഒരു ജോടി വസ്ത്രം പത്തുവർഷത്തേക്കു നിലനിൽക്കുന്നതാണു്; താൻ

സാധാരണ ഖസ്റ്റം വാങ്ങാറുള്ള യഹൂദൻെറ കടയിൽനിന്നും അദ്ദേഹം പുതിയ ഒരു കുപ്പായം എടുക്കുമ്പോൾ അതു് അദ്ദേഹം മുൻപു ധരിച്ചിരുന്നതുപോലെതന്നെ പഴകി പൊടിഞ്ഞവിധം കാണപ്പെട്ടന്നു; ആ കോട്ടു ധരിച്ചുകൊണ്ടുതന്നെ രോഗികളെ സ്വീകരിക്കുകയും, സുഹൃത്തുക്കളെ സന്ദർശിക്കുകയും, ആഹാരം കഴിക്കുകയും ചെയ്യുന്നു. പക്ഷെ ഇതെല്ലാം ലുബ്ധുകൊണ്ടല്ല, തന്നെപ്പററിയുള്ള തികഞ്ഞ അവഗണനകൊണ്ടാണു്.

ഈ ധർമ്മസ്ഥാപനത്തിലെ പ്രവൃത്തി സ്വീകരിച്ചു് അൻഡ്രേയിഫിമിച്ച് ഞങ്ങളുടെ പട്ടണത്തിലെത്തുമ്പോൾ അതിൻെറ അവസ്ഥ പരിതാപകരമായിരുന്നു. വാർഡുകൾക്കുള്ളിൽ മനുഷ്യനു ശ്വാസം കഴിക്കാൻതന്നെ പ്രയാസമായിരുന്നു. ഇടനാഴികളും പറമ്പും എല്ലാം ദുർഗന്ധപൂരിതവും മലീമസവുമായിരുന്നു. മശകമക്കുണാദികളും, മൂഷികപ്പടയും സംഘടിതമായിച്ചേർന്നു് ജീവിതം ദുർഭരമാക്കുന്നു എന്ന പരാതിയല്ലാതെ ആർക്കും പറയാനില്ലാതിരുന്നു. ശസ്ത്രക്രിയാവിഭാഗം ഒരിക്കലും ചിതൽപ്പുററുകളിൽനിന്നും വിമുക്തമായിരുന്നില്ല. ശസ്ത്രക്രിയക്കാവശ്യമുള്ള ഒററ കത്തിയേ ആശുപത്രിയിലുണ്ടായിരുന്നുള്ളു; ഒരൊററ തെർമോമീററർ പോലും ഉണ്ടായിരുന്നില്ല. കുളിമത്തൊട്ടികൾ ഉരുളക്കിഴങ്ങു സൂക്ഷിക്കുന്നതിനുപയോഗപ്പെട്ടത്തിയിരുന്നു. സൂപ്രണ്ടും, മേട്രണും, മെഡിക്കൽ അസിസ്റ്റൻറും രോഗികളുടെ ഭക്ഷണസാധനങ്ങൾ കൊള്ളയടിച്ചിരുന്നു; അൻഡ്രേയിഫിമിച്ചിനു മുൻപു് ആശുപത്രിയുടെ ചുമതല വഹിച്ചിരുന്ന കിഴവനായ ഡാക്കരെപ്പററിയാണെങ്കിൽ, അയാൾ ആശുപത്രിയിലെ ആവശ്യത്തിനായി നൽകിയിരുന്ന മദ്യം ലാഭകരമായി പ്രയോജനപ്പെടുത്തുകയും നഴ്സുകളിൽനിന്നും രോഗികളിൽനിന്നും കുറെപ്പേരെ തിരഞ്ഞെടുത്തു തൻെറ ഖിടമ

ത്തിൻെറ വിശപ്പകററുകയും ചെയ്തിരുന്നു. ലജ്ജാകരമായ ഈ അവസ്ഥാവിശേഷങ്ങളെപ്പററി ഈ പട്ടണവാസി കൾക്കു വിവരമുണ്ടായിരുന്നു. അച്ചർ അതിനെ അതിശ യോക്തിപരമായി വർണ്ണിക്കുക വരെ ചെയ്തിരുന്നു. എന്നാൽ അതേപ്പററിയൊന്നും അസ്വസ്ഥരാകാൻ ആരും ഉണ്ടായിരു ന്നില്ല. കൃഷിക്കാരും സമുദായത്തിലെ താഴ്ന്ന പടിയിലു ള്ളവരും മാത്രമേ ആശുപത്രിയിൽ ഈവിധം കരുതപ്പെട്ടു ന്നുള്ളു എന്നും തങ്ങളുടെ ഭവനങ്ങളിൽ അക്കൂട്ടർ ഇതിലും വളരെ നികൃഷ്ടരാണെന്നും അതിനാൽ അവർക്കു പരാതി പ്പെടാനൊന്നുമില്ലെന്നും ചിലർ സമാധാനപ്പെട്ടിരുന്നു. അ വരെ വിഭവങ്ങളൂട്ടി പാലിക്കാൻ നിങ്ങൾക്കു കഴിയുമോ? *സെംസ്റ്റ്വോയുടെ സഹായമില്ലാതെ ഭേദപ്പെട്ട ഒരാശുപത്രി നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ലെന്നു ചിലർ വാദിച്ചു; മോശപ്പെട്ടതെങ്കിലും ഒരാശുപത്രി ഉള്ളതിൽ ആർക്കും നന്ദി യാണുണ്ടായിരിക്കേണ്ടതു്. വളരെക്കാലമായി തുറക്കപ്പെട്ട കതന്നെയില്ലാത്ത സെംസ്റ്റ്വോ, പട്ടണത്തിലോ സമീപപ്ര ദേശത്തോ ഒരാശുപത്രി ഉണ്ടാക്കാൻ തയ്യാറായതുമില്ല; മുൻ പുതന്നെ ഒന്നുണ്ടല്ലോ എന്നാണതിൻെറ ഭാരവാഹികൾ പറഞ്ഞിരുന്നതു്.

അൻഡ്രേയിഫിമിച്ചിൻെറ പ്രഥമപരിശോധന തന്നെ, അതു വകയ്ക്കു കൊള്ളരുതാത്തതും സമുദായത്തിൻെറ സുസ്ഥിതിയെ അപകടത്തിലേക്കു നയിക്കുന്നതുമായ ഒരു സ്ഥാപനമാണെന്നു ബോദ്ധ്യംവരുത്തി.

---

* 1866–ൽ റഷ്യയിൽ ഓരോ ജില്ലയിലുമായി ഏർ പ്പെടുത്തപ്പെട്ട ജനപ്രതിനിധിസഭ. ഇതിൻെറ അധി കാരങ്ങൾ 1890–ൽ കുറവുചെയ്തു.

അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ രോഗികളെ പിരിച്ചയച്ചിട്ട് ആശുപത്രി അടയ്ക്കുക എന്നതായിരുന്നു ഏററവും ബുദ്ധിപൂർവ്വകമായ മാർഗ്ഗം. എന്നാൽ ഇക്കാര്യത്തിനു തൻെറ തീരുമാനത്തെക്കാൾ ഉപരിയായി പലതും ആവശ്യമാണെന്നദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു; അതുകൊണ്ട്, എന്തെങ്കിലും പ്രയോജനവും ഉണ്ടാകാനില്ല; ഒരിടത്തുനിന്നും ദൃശ്യവും അദൃശ്യവുമായ അഴുക്കുകൾ തുത്തെറിയുമ്പോൾ അതു മററാരിടത്ത് ഒത്തുചേരുക എന്നതു സ്വാഭാവികമാണ്; അതിൻെറ തിരോധാനത്തിനായി കാത്തിരിക്കുകയാണ് യുക്തിപൂർവ്വകം. എന്നാൽ ആളുകൾ ഒരാശുപത്രി തുറക്കുകയും അതിനെ വെച്ചുപൊറുപ്പിക്കുകയും ചെയ്യുമ്പോൾ അവർക്കതാവശ്യമുണ്ടെന്നതാണ് സത്യം; അനഭിജ്ഞമായ ചേതോവികാരങ്ങളും ഒഴിയാതെനില്ക്കുന്ന വൃത്തികേടുകളും കുത്സിതാവസ്ഥയും എല്ലാം ഒരുകണക്കിനാവശ്യമാണ്; എന്തുകൊണ്ടെന്നാൽ ചാണകം വളമാകുന്നതുപോലെ കാലക്രമത്തിൽ അതു പ്രയോജനപ്രദമായി പരിണമിക്കപ്പെട്ടത്താവുന്നതാണ്. മാലിന്യത്തിൽനിന്നും പൊട്ടിവളൎന്നു വന്നതല്ലാതെ പ്രയോജനകരമായ യാതൊരു വസ്തുവും ലോകത്തിലില്ല.

അൻഡ്രേയിയിഫിമിച്ച് പ്രവൃത്തി തുടങ്ങിയപ്പോൾ ഈ ക്രമരാഹിത്യത്തെപ്പററി അത്ര വലിയ ബഹളമൊന്നും സൃഷ്ടിച്ചില്ല. ആശുപത്രിയിലെ സേവകരോടും നഴ്സുകളോടും, അവർ രാത്രിസമയം വാർഡുകളിൽ ചിലവഴിക്കരുതെന്നുമാത്രം അദ്ദേഹം പറഞ്ഞു; ശസ്ത്രക്രിയക്കുള്ള ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ചില തട്ടുകൾ അദ്ദേഹം സ്ഥാപിക്കുകയും ചെയ്തു; സൂപ്രണ്ടന്മാരും, മേട്രണും, മെഡിക്കൽ അസിസ്റ്റൻറും പഴയപടിതന്നെ തുടർന്നിരുന്നു.

അൻഡ്രേയിഫിമിച്ച് സത്യസന്ധതയേയും കാര്യശേഷിയേയും അങ്ങേയററം മാനിച്ചിരുന്നു. എന്നാൽ അദ്ദേഹം ചപലഹൃദയനാണ്; തൻെറ ചുററുമുള്ള ജീവിതത്തെ സത്യസന്ധതയിൽ അധിഷ്ഠിതമാക്കി സംരക്ഷിക്കുന്നതിനും, ക്രമപ്പെട്ടത്തി ഉറപ്പിക്കുന്നതിനും ആവശ്യമായ തൻെറ അധികാരത്തെപ്പററിയുള്ള ബോധം അദ്ദേഹത്തിനില്ലായിരുന്നു. ഉത്തരവുകൾ നൽകുന്നതിനോ, നിരോധനങ്ങൾ ഏർപ്പെടുത്തുന്നതിനോ; നിർബ്ബന്ധം ചെലുത്തുന്നതിനോ അദ്ദേഹം പററിയ ആളല്ലായിരുന്നു. തൻെറ ശബ്ദം ഉയന്നുപോകാതിരിക്കുന്നതിനും, ആജ്ഞാസ്വരം ഉപയോഗപ്പെടുത്തുന്നതിനും സന്നദ്ധനല്ലെന്ന് അദ്ദേഹം ശപഥം ചെയ്തിട്ടുള്ളതുപോലെ കാണപ്പെട്ടിരുന്നു. എന്തെങ്കിലും 'ഇങ്ങോട്ടെടുക്കൂ' എന്നോ, 'ഇങ്ങു കൊണ്ടുവരൂ' എന്നോ പറയാൻ അദ്ദേഹത്തിൻെറ നാവ് ആടുകയില്ല. വിശപ്പു ബാധിക്കുമ്പോൾ അദ്ദേഹം അല്പമൊരറപ്പോടെ ചുമച്ചിട്ടു തൻെറ പരിചാരികയോടു ചോദിക്കും: "കുറച്ചു ചായക്കു സൗകര്യമുണ്ടോ........?" അല്ലെങ്കിൽ "ആഹാരം തയാറായിട്ടുണ്ടോ?" മോഷണവും കൊള്ളയടിയും നിറുത്തുന്നതിനോ നിരുപയോഗമായ പ്രവൃത്തനങ്ങൾ അവസാനിപ്പിക്കുന്നതിനോ സൂപ്രണ്ടിനോട്ട് പറയാൻ അദ്ദേഹം തീരെ അപ്രാപ്തനാണ്. അൻഡ്രേയിഫിമിച്ചിനോട്ട, ആളുകൾ കളവു പറയുകയോ, മുഖസ്തുതി നടത്തുകയോ അല്ലെങ്കിൽ തികച്ചും കള്ളമായ കണക്കുകൾ ഒപ്പിട്ടുവിക്കുന്നതിന്നു കൊണ്ടുവെക്കുകയോ ചെയ്യുമ്പോൾ അദ്ദേഹം ഒരു ഞണ്ടിനെപ്പോലെ ചുവക്കുകയും, ഒരു കുററവാളിയുടെ നിലയിലെത്തിയ അനുഭൂതിയോടെ ഒപ്പുവെയ്ക്കുകയും ചെയ്യും. വിശപ്പിനെയും മദ്യത്തെയുംപററി രോഗികൾ പരാതിപ്പെടുമ്പോൾ അദ്ദേഹം അസ്വസ്ഥനും സംഭ്രാന്തനുമായി ക്ഷമാപണസ്വരത്തിൽ പറയും:

"ശരിയാണു്, ഞാനതേപ്പററി അന്വേഷിക്കാം........
അതിൽ എന്തോ തെററായ ധാരണ ഏറ്റപ്പെട്ടിരിക്കും........"

ആദ്യകാലത്തു് അൻഡേരിയിഫിമിച്ച് ആഴ്ന്ന ആത്മാത്ഥതയോടെ ജോലിചെയ്യുകയും, വളരെ വൈകുന്നതുവരെ രോഗികളെ സ്വീകരിക്കുകയും ശസ്ത്രക്രിയകൾനടത്തുകയും,പ്രസവസംബന്ധമായ തകരാറുകൾ വരുന്നിടത്തുചെന്നന്വേഷിക്കുകവരെയുംചെയ്തിരുന്നു. സ്ത്രീകൾഅദ്ദേഹത്തിൻെറ കഴിവിൽ ആശ്വസിച്ചു. അദ്ദേഹം അത്ഭുതകരമായ സാമത്ഥ്യത്തോടെ രോഗങ്ങൾ കണ്ടുപിടിക്കുകയും, സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിന് കൂടുതൽ ആത്മാർത്ഥത പ്രകടമാക്കുകയും ചെയ്തിരുന്നു. എന്നാൽ കാലം കഴിഞ്ഞുപോകുന്തോറും തൻെറ പ്രവൃത്തിയുടെ പോരായ്മകളെയും വിരസതയെയുംപററി ഓർത്തു് അദ്ദേഹം നിരാശനാകാൻ തുടങ്ങി, ഒരു ദിവസം അദ്ദേഹം മുപ്പതു രോഗികളെ സ്വീകരിക്കുന്നു; എന്നാൽ അടുത്തദിവസം ആ സംഖ്യ മുപ്പത്തി അഞ്ചും അതിനടുത്ത ദിവസം നാല്പതുമായി ഉയരുന്നു! ഓരോ ദിവസവും ഓരോ വത്സരവും ആ നിരക്ക വദ്ധിക്കുന്നു. പട്ടണത്തിലെ മരണനിരക്കിനും രോഗികളുടെ പ്രവാഹത്തിനും വദ്ധനവല്ലാതെ ഉണ്ടാകുന്നില്ല. എന്നും രാവിലെ പുറത്തുവരുന്ന നാല്പതു രോഗികൾക്ക് ഗൗരവപൂർവ്വമുള്ള വൈദ്യസഹായം നൽകുക അസാദ്ധ്യമായ കാര്യമാണു്; അതിനാൽ സ്വാഭാവികമായിത്തന്നെ അദ്ദേഹത്തിൻെറ സേവനം ഒരു വഞ്ചനയായിരുന്നു, മറെറാന്നും കഴിയുമായിരുന്നുമില്ല. ഒരു നിശ്ചിതവർഷത്തിൽ പുറത്തുള്ള പന്തീരായിരം രോഗികളെ അദ്ദേഹം സ്വീകരിക്കുന്നു എങ്കിൽ, വളരെ ലഘുവായാണെങ്കിൽതന്നെയും, അത്രയും സ്ത്രീപുരുഷന്മാരെ അദ്ദേഹം വഞ്ചിക്കുകയാണു്. ഗൗരവതരമായ രോഗബാധയുള്ളവരെ ആശുപത്രിയിൽ സ്വീകരിച്ചു്, ശാസ്ത്രത്തിൻെറ

നിയമാവലികൾക്കനുസരണമായി ചികിത്സിക്കുക എന്നതു് അസാദ്ധ്യമായിരുന്നു, നിയമങ്ങൾ ധാരാളമുണ്ടായിരുന്നെങ്കിലും അവിടെ ശാസ്ത്രത്തിനു് പ്രസക്തിയില്ലായിരുന്നു. അടിസ്ഥാനപരമായ തത്വങ്ങളെ വിസ്മരിച്ചിട്ടു്, തന്റെ അറിവിനെപ്പററിയുള്ള അഭിമാനത്തോടെ, മററു ഡാക്ടരന്മാരെപ്പോലെ നിയമങ്ങളെ മുറുകെ പിടിക്കുന്നതിനുതന്നെയും, പരിസരം ശുചിത്വമുള്ളതായും വായുസഞ്ചാരമുള്ളതായും ഇരിക്കണം; അല്ലാതെ വൃത്തികേടുകളല്ല. പുളിക്കുന്ന കാബേജുസൂപ്പിനു പകരം നല്ല ഭക്ഷണം ഉണ്ടായിരിക്കണം. സഹായത്തിനുതകുന്ന അസിസ്റ്റൻറുമാർവേണം; കള്ളന്മാരും കൊള്ളക്കാരുമല്ല വേണ്ടതു്.

കൂടാതെ ആളുകളെ മരണത്തിൽനിന്നും എന്തിനു തടയണം, മരണം ജീവിതത്തിൻെറ ഉചിതവും സാധാരണവുമായ അന്ത്യമായിരിക്കുമ്പോൾ? ഒരു ചെറുകച്ചവടക്കാരൻെറയോ, ഗുമസ്തൻെറയോ ജീവിതം അഞ്ചോ പത്തോ വഷം നീട്ടിവെയ്ക്കുന്നതുകൊണ്ടു് എന്തു നേട്ടമുണ്ടു്? മരുന്നുകളുടെ ലക്ഷ്യം അതുപയോഗിക്കുന്നതുകൊണ്ടു കഷ്ടത അവസാനിപ്പിക്കുക എന്നാണെങ്കിൽ അനിഷേദ്ധ്യമായ ഒരു ചോദ്യമുയരുന്നു: കഷ്ടതകൾ എന്തിനൊഴിവാക്കണം? ഒന്നാമതായി അതു മനുഷ്യനു പരിശുദ്ധത അടയാനുള്ള ഒരുപാധിയായി സങ്കല്പിക്കപ്പെട്ടുന്നു, രണ്ടാമതായി പൊടികളും ഗുളികകളുംകൊണ്ടു്, വേദനകളെ അകററാമെന്നു മനുഷ്യൻ പഠിച്ചാൽ ഇന്നുവരെ കരുങ്ങിനിന്ന മതവും തത്വശാസ്ത്രങ്ങളും അവൻ കൈവിടും, രോഗങ്ങളിൽനിന്നുള്ള സംരക്ഷണമല്ല പൂണ്ണമായ ആനന്ദമാണാവശ്യം. തൻെറ മരണശയ്യയിൽ കിടന്നു പുഷ്കിൻ വളരെ വേദനാജനകമായ കഷ്ടതകളനുഭവിച്ചു; വത്സരങ്ങളോളം തളർവാതം പിടിച്ചു കിടന്നിട്ടാണു് ഹിനേ മരിച്ചതു്; അപ്പോൾ നാര

തമ്യേത്ത യാതൊരു മഹത്വവുമില്ലാത്ത, ഒരമീബാ മാത്രമായ അൻഡേരിയിഫിമിച്ചോ, അല്ലെങ്കിൽ ഒരു മററ്ര്യോണാന്നാവിഷ്ണായോ തങ്ങളുടെ നിസ്സാരമായ ജീവിതത്തിൽ വേദനകളനുഭവിക്കയല്ലാതെ എന്തിനു രോഗവിമുക്തരായിരിക്കണം?

ഈ വിധത്തിലുള്ള യുക്തിചിന്തകളാൽ പീഡിതനായ അൻഡേരിയിഫിമിച്ച്, നിരാശാബോധത്തിന്നടിപ്പെട്ടുകയും പതിവായി ആശുപത്രിയിൽ പോകുന്ന പതിവു നിറുത്തുകയും ചെയ്തു.

## ആറ്

അദ്ദേഹത്തിൻെറ ദിനചര്യ ഈവിധമായിരുന്നു: എട്ടു മണിയോടുകൂടി എഴുനേററു വസ്ത്രങ്ങൾ ധരിച്ചു ചായ കഴിക്കുന്നു. എന്നിട്ടു തൻെറ വായനമുറിയിൽ കടന്നു പാരായണത്തിൽ മുഴുകുകയോ, ആശുപത്രിയിൽ പോവുകയോ ചെയ്യുന്നു. ആശുപത്രിയിലെ ഇടുങ്ങിയ ഇടനാഴിയിൽ കിടക്ക കിട്ടാൻ കാത്തുനില്ക്കുന്ന പുറത്തുനിന്നു വന്ന രോഗികളെ അദ്ദേഹം കാണും. ചുട്ടകല്ലു പാകിയ തറയിൽ തട്ടി ശബ്ദം പുറപ്പെടുവിക്കുന്ന പാദരക്ഷകൾ ധരിച്ചു ആണും പെണ്ണുമായ ആശുപത്രിജീവനക്കാർ വ്യഗ്രതയോടെ കടന്നുപോകുന്നു; മെലിഞ്ഞു ക്ഷീണിച്ച, ആശുപത്രിയിൽ കിടപ്പുകാരായ രോഗികൾ അഴുക്കുപിടിച്ച മേലുടുപ്പു ധരിച്ചുകൊണ്ടു് അലഞ്ഞുതിരിയുന്നു; ശവശരീരങ്ങളും മലമൂത്രാദികളും പുറത്തേക്കു വഹിച്ചുകൊണ്ടുപോകപ്പെടുന്നു; കുട്ടികൾ നിലവിളിക്കുകയും ചെറിയ ചാലുകൾ ഇടനാഴിയെ മലിനമാക്കുകയും ചെയ്യുന്നു. ഈ അവസ്ഥ ജ്വരബാധിതരും, ക്ഷയരോഗഗ്രസ്തരും, അല്ലെങ്കിൽ ബുദ്ധിസ്ഥിരതയില്ലാത്തവർക്കു തന്നെയും ദോഷകരമാണെന്നു് അൻഡേരിയിഫിമിച്ചിനറിയാം; പക്ഷേ ഇതിനൊക്കെ എന്തു പരിഹാരമാണു് സാദ്ധ്യമായുള്ളതു്? സ്വീകരണമുറിയിൽ പ്രവേശിക്കുമ്പോൾ

അദ്ദേഹത്തിൻെറ അസിസ്റ്റൻറായ സെർഗേയ് സെർഗിച്ച് അഭിവാദ്യം ചെയ്യുന്നു. അയാൾ തടിച്ചുകൊഴുത്തു, ക്ഷൗരം ചെയ്തു മിനുക്കപ്പെട്ട കവിൾത്തടവും സൌമ്യസ്വഭാവവുമുള്ള വനാണ്. ഇറുക്കം കുറഞ്ഞ വെള്ളവസ്ത്രങ്ങൾ ധരിച്ച അയാൾക്കു ഒരു ഡാക്ടരുടെ ഭാവത്തെക്കാൾ നിയമസഭാസാമാജികൻെറ ലക്ഷണമാണുള്ളതു്. പട്ടണത്തിൽ അയാൾക്കു ധാരാളം രോഗികളുണ്ടു്; വെളുത്ത ടൈയ് ധരിക്കുന്ന അയാൾക്കു് പട്ടണത്തിൽ യാതൊരു പ്രാക്ടീസ്സുമില്ലാത്ത ഡാക്ടരെക്കാൾ വ്യുൽപ്പത്തിയുണ്ടെന്നു കരുതപ്പെടുന്നു. സ്വീകരണമുറിയുടെ ഒരു കോണിൽ വലിയൊരു ദേവതാവിഗ്രഹവും, അതിന്നു മുമ്പിൽ മെഴുകുതിരി കത്തിച്ചുവെയ്ക്കുന്നതിന്നുള്ള വിചിത്രമായ വിളക്കും ഉണ്ടു്; അടുത്തുതന്നെ നേർച്ചയനുസരിച്ചുള്ള മെഴുകുതിരികൾ വെയ്ക്കാവുന്ന, തുണികൊണ്ടു മൂടപ്പെട്ട ഒരു വിളക്കും ഉണ്ടു്. ബിഷപ്പുമ്മാരുടേയും, സ്വ്യാട്ടോഗോർസ്കു് മഠത്തിൻെറയും ചിത്രങ്ങളും ഒരുതരം ഉണങ്ങിയ പുഷ്പങ്ങൾകൊണ്ടുള്ള മാലകളും ചുവരിനെ അലങ്കരിക്കുന്നു. സെർഗെയ്സെർഗിച്ച് മതവിചാരമുള്ളവനും, പൗരോഹിത്യാധിപത്യത്തിൻെറ ആരാധകനുമാണ്. ആശ്രുപത്രിയിൽ ആ വിശുദ്ധവിഗ്രഹം സ്ഥാപിച്ചതു്, അയാളാണ്; ഞായറാഴ്ചദിവസങ്ങളിൽ ഒരു രോഗിയോടു്, പ്രാർത്ഥനകൾ വായിക്കാൻ അയാൾ ആജ്ഞാപിക്കുകയും അതിനുശേഷം സെർഗെയ്സെർഗിച്ചുതന്നെ വാർഡുകളിൽ ചുററിനടന്നു്, ധൂപപാത്രം അങ്ങോട്ടുമിങ്ങോട്ടും വീശിക്കൊണ്ടു്, ധൂമത്തിൻെറ മണം വിതറുകയും ചെയ്യുന്നു.

രോഗികളുടെ എണ്ണം വളരെയാണ്, സമയം വളരെ കുറവും. അതിനാൽ രോഗികളോടുള്ള ചോദ്യങ്ങളെ ഡോക്ടർ നിയന്ത്രിക്കുകയും എന്തെങ്കിലും മരുന്നുകൾ വേഗം വിധിക്കുകയും വേണം; അതു മിക്കവാറും ആവണക്കെ

ണ്ണയോ കുഴമ്പോ ആയിരിക്കും. അൻഡ്രേരിയിഫിമിച്ച് മുന്നോട്ടാഞ്ഞു് തൻെറ കൈത്തലത്തിൽ കവിൾത്തടം ചേർത്തു കൊണ്ടു്, ദിവാസ്വപ്നത്തിലാണ്ടപോലെ ഇരുന്നു് രോഗീകളോടു യാന്ത്രികമായി ചോദ്യങ്ങൾചോദിക്കുന്നു. സെർഗെയ് സെർഗിച്ചും ഒരിടത്തിരുന്നു്, കൈകൾ കൂട്ടി തിരുമ്മിക്കൊണ്ടു വല്ലപ്പോഴും ഒരു ചോദ്യം ഉരുവിടുന്നുണ്ടായിരിക്കും.

"നാം രോഗപീഡിതരും ദരിദ്രരുമായി കഷ്ടപ്പെടുന്നു." അയാൾപറയും, "എന്തുകൊണ്ടെന്നാൽ നാം, ദയാലുവായ നമ്മുടെ ദൈവത്തോടു പ്രാർത്ഥിക്കുന്നില്ല. അതേ, തീർച്ചയായും അതാണു്."

രോഗികളെ സ്വീകരിക്കുന്നതിനുള്ള സമയത്തു് അൻഡ്രേരിയിഫിമിച്ച് ശസ്ത്രക്രിയകൾ നടത്തുകയില്ല; ശസ്ത്രക്രിയ നടത്തലുകളിൽനിന്നും അദ്ദേഹം വളരെ മുൻപുതന്നെ വിരമിച്ചിരുന്നു; രക്തംകണ്ടാൽ അദ്ദേഹത്തിൻെറ ഹൃദയം ചഞ്ചലമാകും. ഒരു കുട്ടിയുടെ തൊണ്ടയിൽ നോക്കുന്നതിനായി വായ് തുറക്കേണ്ടിവരുമ്പോൾ, തൻെറ കൈ തട്ടി മാററിക്കൊണ്ടു കുട്ടി പിടഞ്ഞു കരയുന്നു. അതു് അൻഡ്രേരിയിഫിമിച്ചിനെ ഭ്രാന്തുപിടിപ്പിക്കുകയും അദ്ദേഹത്തിൻെറ മിഴികൾ നിറയുകയും ചെയ്യും. അദ്ദേഹം അപ്പോൾ ഒരു മരുന്നുകുറിക്കാനായി തിരിയുകയും കുട്ടിയെ ദൂരെ കൊണ്ടുപോകുന്നതിന്നു് അതിൻെറ അമ്മയോടു് ആംഗ്യംകാട്ടുകയും ചെയ്യും.

രോഗികളുടെ ഭീതിയും വിവരക്കുറവും അദ്ദേഹത്തെ വളരെവേഗം പരിക്ഷീണനാക്കും. പ്രാർത്ഥനാഗാനങ്ങളിൽ ഭ്രാന്തമായ ഭ്രമമുള്ള സെർഗെയ് സെർഗിച്ചിൻെറ സാന്നിദ്ധ്യവും ചുവരിലെ ചിത്രങ്ങളും, ഇരുപതിൽപരം വർഷ

ങ്ങളായി മാററീയിട്ടില്ലാത്ത തൻെറ ചോദ്യങ്ങളും എല്ലാം അദ്ദേഹത്തിന്നു വിരസതയുണ്ടാക്കിയിരുന്നു. അഞ്ചോ ആറോ രോഗികളെ നോക്കിയിട്ട് അദ്ദേഹം വീട്ടിൽപോകും. മററുള്ളവരെ അസ്സിസ്റ്റാൻറാണ് സ്വീകരിക്കുന്നതു്.

അദ്ദേഹം വളരെക്കാലം മുൻപുതന്നെ സ്വകാര്യചികിത്സകൾ ഉപേക്ഷിച്ചിട്ടുള്ളതറിവുള്ളതിനാൽ, ആരും തന്നെ ശല്യപ്പെടുത്താത്തതിൽ ഈശ്വരനോടു നന്ദിപറയുകതന്നെ ചെയ്തിരുന്നു. വീട്ടിൽ മടങ്ങി എത്തിയാലുടൻ അൻഡ്രേ രിയിഫിമിച്ച് തൻെറ പുസ്തകങ്ങളിൽ മുഴുകും. അദ്ദേഹം വളരെ കൂടുതൽ വായിക്കുകയും അതിൽ അങ്ങേഅററം സന്തോഷിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിൻെറ ശമ്പളത്തിൽ പകുതിയും പുസ്തകങ്ങൾക്കായി ചിലവിടപ്പെടുന്നു: ആ ഭവനത്തിലുള്ള ആറു മുറികളിൽ മൂന്നെണ്ണവും പുസ്തകങ്ങളും - പഴയ മാസികകളുംകൊണ്ടു നിറഞ്ഞിരിരിക്കുകയാണ്. അദ്ദേഹത്തിനിഷ്ടപ്പെട്ട വിഷയങ്ങൾ ചരിത്രവും തത്വശാസ്ത്രവുമാണ്; വൈദ്യമാസികകളിൽ 'ഫിസിഷൻ' മാത്രമേ അദ്ദേഹം വരിക്കാരനായി ചേർന്നു വരുത്തുന്നുണ്ടായിരുന്നുള്ളു. അതു് എപ്പോഴും അദ്ദേഹം ആദ്യന്തം വായിക്കുകയും ചെയ്യും. യാതൊരു തളർച്ചയും തോന്നാതെ അഭിരാമമുള്ള മണിക്കൂറുകളോളം അദ്ദേഹം പാരായണം ചെയ്യും. ഇവാൻഡിമിററ്റിച്ചിനെപ്പോലെ വേഗത്തിലോ വ്യഗ്രതയോടോ അദ്ദേഹം വായിക്കാറില്ല. മനസ്സിലാക്കാൻ പ്രയാസമുള്ളതോ, കൂടുതൽ രസാവഹമായതോ ആയ ഭാഗങ്ങളിൽ നിറുത്തിയും നിരീക്ഷിച്ചും വളരെ സാവധാനമാണ് അദ്ദേഹത്തിൻെറ പാരായണം. അദ്ദേഹത്തിൻെറ സമീപം എപ്പോഴും ഒരു പാത്രം * വോഡ്ക ഉണ്ടായി

* റഷ്യാക്കാർ ഉപയോഗിക്കുന്ന നാടൻമദ്യം.

രിക്കും; ഡെസ്കിൻെറ പുറത്തുതന്നെ ഉപ്പിട്ട വെള്ളരിക്കയോ, ആപ്പിളോ വെയ്ക്കപ്പെട്ടിരിക്കും. ഓരോ, അരമണിക്കൂറിനിടയിലും പുസ്തകത്തിൽനിന്നും ശിരസ്സുയർത്താതെ ഒരു വൈൻ ഗ്ലാസ്സുനിറച്ചു ഖോഡ്ക പകരുകയും മുന്നിൽ വെള്ളരിക്ക വെച്ചിട്ടുള്ള പാത്രത്തിൽനിന്നും ഒരു കഷണംവീതം എടുത്തു തിന്നുകയും ചെയ്യും.

മൂന്നുമണിയോടെ എഴുന്നേറ്റു, കരുതലോടെ അടിവെച്ചു്, അദ്ദേഹം പാചകമുറിയുടെ വാതില്ക്കൽ ചെന്നു് ഒരു ചുമയോടെ ചോദിക്കും:

"ഡരിയാ ഊണിൻെറകാര്യം എന്തായി?"

രുചിയില്ലാത്തതും, സുഖപ്രദമല്ലാതെ നൽകപ്പെട്ടതുമായ ആഹാരത്തിനുശേഷം അൻഃഡരിയിഫിമിച്ചു് കൈകൾ മടക്കിവെച്ചുകൊണ്ടു്, ചിന്തയിൽ മുഴുകി, ഓരോ അറയിലും കയറി ഇറങ്ങും. ക്ലോക്ക് മുറക്കു നാലും അഞ്ചും ശബ്ദിച്ചുകൊണ്ടിരിക്കും; പക്ഷേ, അൻഡേരിയിഫിമിച്ചിൻെറ ചിന്തയും നടത്തവും അവസാനിച്ചിരിക്കുകയില്ല. കൂടക്കൂടെ പാചകശാലയുടെ കതകു ഞരങ്ങിക്കൊണ്ടു തുറക്കുകയും, ഡരിയായുടെ ചുവന്നുവീർത്ത മുഖം വാതില്ക്കൽ പ്രത്യക്ഷപ്പെടുകയും ചെയ്യും.

"അൻഡേരിയിഫിമിച്ചു്, അങ്ങേക്കു ബീയർ കുടിക്കാൻ സമയമായില്ലേ?" അവൾ ഉൽക്കണ്ഠയോടെ ചോദിക്കും.

"ധൃതിയില്ല." അദ്ദേഹം പ്രതിവചിക്കും "കുറച്ചു കഴിയട്ടെ. അല്പംകൂടി......."

സന്ധ്യയാകുന്നതോടെ പോസ്റ്റ്മാസ്റ്ററായ മൈക്കേൽ അവറിയാനിച്ച് അവിടെ വരും; പട്ടണത്തിലെ ആളുക-

ളിൽ ഒരിക്കലും ഡാക്ടർക്കു വിരസത തോന്നിച്ചിട്ടില്ലാത്ത സാന്നിദ്ധ്യം ആയളുടെതു മാത്രമാണ്. മൈക്കേൽ അഖരിയാനിച്ച് ചെറുപ്പത്തിൽ ഖലിയ ഭൂസ്വത്തുടമസ്ഥനും, കാലാൾപടയിൽ ഉദ്യോഗം വഹിച്ചിട്ടുള്ളയാളുമായിരുന്നു; എന്നാൽ തൻെറ സമ്പത്തുമുഴവൻ നഷ്ടപ്പെട്ട അയാൾ ജീവിതാവശ്യങ്ങളുടെ സമ്മർദ്ദത്താൽ വാദ്ധക്യകാലത്തു പോസ്റ്റാഫീസിൽ ഒരുദ്യോഗം സ്വീകരിക്കാൻ നിർബ്ബന്ധിതനായി. അയാൾ ആരോഗ്യവാനും സരളഹൃദയനുമാണ്. അയാൾ വെളുത്തു നിബിഡമായ മീശയും, സുഖപ്രദമായ ശബ്ദവും, വളരെ നല്ല സമ്പ്രദായങ്ങൾ ശീലത്തിൻെറ ഒരു ഘടകമായി ഉള്ളയാളുമായിരുന്നു. അയാൾ ദയാലുവും മൃദുലഹൃദയനും അതേസമയം മുൻകോപിയുമായിരുന്നു. പൊതുജനങ്ങളിൽ ആരെങ്കിലും ഒരാൾ, പോസ്റ്റാഫീസിൽ, ഒരു പ്രതിഷേധസ്വരം ഉയർത്തുകയോ, എന്തെങ്കിലും കാര്യത്തിൽ ഖിയോജിക്കുകയോ ചെയ്താൽ മൈക്കേൽ അവറിയാനിച്ചിൻെറ മുഖം തുടുത്തു ചുവക്കുകയും, അയാൾ വിറയ്ക്കാൻ തുടങ്ങുകയും ചെയ്യും. അടുത്തനിമിഷം, 'ശബ്ദിക്കരുതു'' എന്നു് ഇടിമുഴക്കംപോലെ അയാൾ അലറും. അതിനാൽ പോസ്റ്റാഫീസ്, ഭീതിജനകമായ ഒരു സ്ഥലമെന്നു പഴക്കമുള്ള ധാരണ നിലനിന്നിരുന്നു. മൈക്കേൽ അവറിയാനിച്ച്, അൻഡ്രേയിയിഫിമിച്ചിനെ ഇഷ്ടപ്പെടുകയും സ്നേഹിക്കുകയും അദ്ദേഹത്തിൻെറ പാണ്ഡിത്യത്തെയും ഔന്നത്യത്തെയും ബഹുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അയാൾ എല്ലാവരെയും തന്നെക്കാൾ താണവരായി കരുതുകയും അഹന്തയോടെ പെരുമാറുകയും ചെയ്തിരുന്നു.

''ഞാനിതാ എത്തി!'' ആ അറയിലെത്തിയാലുടൻ അയാൾ ഉച്ചത്തിൽ പറയും, ''സ്നേഹിതാ, നിങ്ങൾക്കെങ്ങി

ണിരിക്കുന്നു? ഞാൻ നിങ്ങൾക്കൊരു സൊല്ലയായിരിക്കയാണു്, അല്ലേ?"

"ഒരിക്കലുമല്ല, ഒരിക്കലുമല്ല." ഡാക്ടർ പ്രതിവചിക്കും. "നിങ്ങളെ കാണുന്നതു്, എനിക്കെപ്പോഴും സന്തോഷകരമാണെന്നു നിങ്ങൾക്കറിയാമല്ലോ."

അവർ കുറെ സമയത്തേക്കു, മൂകരായി, പുകവലിച്ചുകൊണ്ടു സോഫയിൽ ഇരിക്കും.

"കുറച്ചു ബീയർ സൌകൎയ്യപ്പെട്ടുത്താമല്ലോ, ഡരീയാ?" ഡാക്ടർ ചോദിക്കും.

മൌനമുദ്രിതമായ അതേ ഭാവത്തോടെതന്നെ ആദ്യത്തെ കുപ്പി ഒഴിയും. ഡാക്ടർ ഉദാസീനനായിരിക്കും; എന്നാൽ വളരെ രസകരമായ കാൎയ്യങ്ങൾ വെളിപ്പെടുത്താനുള്ള ഒരാളെപ്പോലെ മൈക്കേൽ അവറിയാനിച്ച്, ഉല്ലാസചിത്തനായിരിക്കും. സാധാരണനായി ഡാക്ടരാണു് സംഭാഷണം ആരംഭിക്കുന്നതു്.

"ഈ അവസ്ഥ പരിതാപകരമല്ലേ?" സ്നേഹിതൻെറ മുഖത്തുനോക്കാതെ (അദ്ദേഹം ഒരിക്കലും ആരുടെയും മുഖത്തു നോക്കുകയില്ല) അദ്ദേഹം ശാന്തമായും മൃദുസ്വരത്തിലും ആരംഭിക്കും. "അതെ, എൻെറ പ്രിയപ്പെട്ട മൈക്കേൽ അവറിയാനിച്ച്, നമ്മുടെ ഈ പട്ടണത്തിൽ ബുദ്ധിപൂൎവ്വകവും പ്രയോജനപ്രദവുമായ കാൎയ്യങ്ങളെപ്പററി സംസാരിക്കുന്നതിനു താല്പൎയ്യമോ അറിവോ ഉള്ളവർ തീരെ ഇല്ലാത്തതു പരിതാപകരമല്ലേ? ഇതു നമ്മുടെ ഒരു വലിയ ന്യൂനതയാണു്. വിദ്യാഭ്യാസമുള്ള വിഭാഗംപോലും ഈ സാമാന്യനിലയിൽ

ന്നിന്നും ഉയരുന്നില്ല; അവരുടെ മാനസികവികാസം താഴ ത്തെ പടിയിലുള്ളവരുടേതിൽനിന്നും തീരെ മെച്ചമല്ല."

"വളരെ ശരിയാണു്. ഞാനതിനോടു യോജിക്കുന്നു."

"നിങ്ങൾ തീർച്ചയായും അതേപ്പററി ഓർക്കുന്നു ണ്ടാവും." ഡാക്ടർ തൻെറ നരപ്പുള്ള ശാന്തസ്വരത്തിൽ തുടരും, "മനുഷ്യഹൃദയത്തിൻെറ ആത്മീയമായ പ്രാദുർഭാവ മൊഴിച്ചു ലോകത്തു സർവ്വവും അർത്ഥശൂന്യവും വിരസവു മാണു്. മനുഷ്യനും മൃഗവുമായുള്ള അതിർത്തിരേഖ വരയ്ക്കുന്നതു അന്തക്കരണമാണു്; അതു നമുക്കു ദിവ്യമായ ഒരു ഭാവത്തി ൻെറ പ്രകാശം നൽകുന്നു; നിലയില്ലാത്ത ശാശ്വതത്വംതന്നെ വരുത്തുന്നു. മുഖവുരയായി പറയുമ്പോൾ, ഹൃദയം മാത്രമാ ണു് ആനന്ദത്തിൻെറ ഉറവിടം എന്നു നമുക്കു പറയാം. അ ന്തക്കരണത്തിൻെറ സാമീപ്യം നാം നമ്മുടെ ചുററും കാണു ന്നില്ല; അതിൻെറ അർത്ഥം ആനന്ദം നമുക്കു പ്രാപ്യമായി തീ ന്നിരിക്കുന്നു എന്നാണു്. നമുക്കു പുസ്തകങ്ങളുണ്ടെന്നതു സത്യ മാണു്, എന്നാൽ അവയ്ക്കു സംഭാഷണത്തിൻെറയോ വ്യക്തി പരമായ സാമീപ്യത്തിൻെറയോ സ്ഥാനം വഹിക്കാൻ കഴിത്തില്ല. ഒരു രൂപകാലങ്കാരം പ്രയോഗം നിങ്ങളനുവദി ക്കുമെങ്കിൽ—അതത്ര ഹൃദ്യമായിരിക്കുകയില്ലെന്നു ഞാൻ ഭയക്കുന്നു—പുസ്തകം അച്ചിടപ്പെട്ട സംഗീതവും, സംഭാഷണം ഗാനാലാപനവുമാണു്."

"അതു വളരെ ശരിയാണു്."

മൂകത തുടർന്നുനില്ക്കുന്നു. മൂകമായ വിഷാദഭാവത്തോടെ ഡരീയാ പാചകമുറിയിൽനിന്നും പുറത്തുവന്നു്, കൈത്തല ത്തിൽ കവിൾത്തടം ചേർത്തുനിന്നു്, ആ സംഭാഷണം ശ്രവിക്കും.

"ഹാ," മൈക്കേൽ അഘേറിയാന്തിച്ച് നെട്ടവീർപ്പിട്ടന്നു. "ആളുകൾക്ക്, ഇന്നു് അന്ത:കരണമുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു!"

എന്നിട്ടയാൾ പഴയ കാലത്തെപ്പററി സംസാരിക്കുന്നു; അന്നു ജീവിതം സുഖകരവും ആനന്ദപ്രദവും ഉല്ലാസനിർഭരവുമായിരുന്നു; ഉന്നതവിദ്യാഭ്യാസം നേടിയ റഷ്യയിലെ പഴയ ആളുകൾ സത്യസന്ധതക്കും സൗഹൃദത്തിനും വിശുദ്ധമായ വില കല്പിച്ചിരുന്നു. ഒരു രസീതോ പ്രമാണങ്ങളോ ഇല്ലാതെ ആളുകൾ പരസ്പരം കടങ്ങൾ നൽകിയിരുന്നു; ആവശ്യങ്ങളുടെ അലട്ടനുഭവിക്കുന്ന ഒരു സ്നേഹിതനു സഹായം നൽകാതിരിക്കുക അന്നു പരിഹാസാവഹമായ ഒരേർപ്പാടായിരുന്നു. പിന്നെ, അന്നത്തെ യുദ്ധങ്ങളും, സാഹസിക സംഭവങ്ങളും, ചെറിയ ശണ്ഠകളും, സൗഹാർദ്ദവേഴ്ചകളും, സ്ത്രീകളും! കൂടാതെ കാക്കസസ്—എന്തൊരു രാജ്യമായിരുന്നു! അന്നു് ഒരു ബററാലിയൻ കമാൻററുടെ ഭാര്യ പുരുഷന്മാരെപ്പോലെ വസ്ത്രധാരണം ചെയ്യുകയും എല്ലാ ദിവസവും ഒരനുചരൻെറ സഹായംപോലും ഇല്ലാതെ മലമുകളിലേക്കു സവാരിപോവുകയും ചെയ്യുമായിരുന്നു. ഏതോ മലയോര ഗ്രാമത്തിലെ ഒരു രാജകുമാരനുമായി അവൾക്കു രഹസ്യവേഴ്ച ഉണ്ടായിരുന്നതായാണു് പറയപ്പെട്ടുന്നതു്.

"വിശുദ്ധമാതാവേ!" ഡരിയാ നെട്ടവീർപ്പിട്ടു.

"നാം എങ്ങിനെ തിന്നിരുന്നു! എങ്ങിനെ കുടിച്ചിരുന്നു! നാമെല്ലാം എത്ര സാഹസികരായ ദാനശീലരായിരുന്നു!"

അൻഡേരിയിഫിമിച്ച് വാക്കുകളുടെ അത്ഥത്തെപ്പററി ചിന്തയില്ലാതെ ഇരുന്നു ശ്രദ്ധിക്കും; തൻെറ ബീയർ കുപ്പ്ലേ

യായിക്കൊടിക്കുന്നതിന്നിടയിൽ അദ്ദേഹം മറെറന്തോ ചിന്തിക്കുകയായിരിക്കും.

"ഞാൻ ചിലപ്പോൾ വിഖരമുള്ളവരെ സ്വപ്നം കാണുകയും, അവരുമായി സംഭാഷണം ചെയ്യുന്നതായി എനിക്കനുഭവപ്പെടുകയും ചെയ്യാറുണ്ട്." മൈക്കേൽ അവറിയാനിച്ചിൻെറ സംഭാഷണത്തിന്നിടയിൽ കടന്നു, അദ്ദേഹം പെട്ടെന്നു പറയും. "എൻെറ അച്ഛൻ എനിക്കു നല്ല വിദ്യാഭ്യാസം നൽകി, എന്നാൽ 1860–ലെ ആശയഗതികളുടെ സ്വാധീനശക്തി എന്നിൽ ചെലുത്തുകയും വൈദ്യശാസ്ത്രവുമായി എന്നെ ബന്ധപ്പെടുത്തുന്നതിന്നിടയാക്കുകയുമാണു ചെയ്തതു്. അദ്ദേഹത്തെ അനുസരിച്ചിരുന്നില്ലെങ്കിൽ, വിവേകപരമായ എൻെറ പുരോഗതി പകുതിവരെ എത്തുമായിരുന്നു എന്നു ചിലപ്പോൾ ഞാൻ ആലോചിക്കും. ഒരുപക്ഷേ ഞാൻ കലാശാലയിൽ ഒരു സ്ഥാനം നേടുമായിരുന്നു. തീച്ചയായും ഹൃദയഗതികൾക്കു ശാശ്വതത്വമുള്ളതല്ല. അതു മറെറല്ലാംപോലെ മാറുകയും പരിവർത്തനമടയുകയും ചെയ്തുകൊണ്ടിരിക്കും. എങ്കിലും ഞാനതിനെ ഏററവും മഹത്തായി കരുതുന്നതെന്താണെന്നു നേരത്തേ വിശദീകരിച്ചുകഴിഞ്ഞിട്ടുണ്ടു്. ജീവിതം യാതനാപൂൎണ്ണമായ ഒരു കുരുക്കാണു്. ചിന്താശക്തിയുള്ള വ്യക്തി പൂൎണ്ണവളർച്ചയിലെത്തുകയും, വിവേകപരമായ ചിന്തകൾ ശക്തമാവുകയും ചെയ്യുമ്പോൾ താൻ രക്ഷാമാർഗ്ഗങ്ങളററ ഒരു കുരുക്കിൽ പെട്ടിരിക്കയാണെന്നയാൾക്കു വിശ്വാസം വരാതിരിക്കാൻ നിവത്തിയില്ല. നിങ്ങൾ അതിനെപ്പററി ചിന്തിക്കാൻ തുനിയുമ്പോൾ തീകച്ചും യാദൃശ്ചികമായ കാരണങ്ങളാൽ തൻെറ ഹിതത്തിനു വിപരീതമായി വലിച്ചിഴക്കപ്പെട്ടിരിക്കയാണെന്നു കാണാം, നിലനില്പില്ലാത്ത ഒരവസ്ഥയിൽനിന്നും .......എന്തിനുവേണ്ടിയാണതു്? അയാൾ തൻെറ നിലനി

ല്പിൻെറ അർത്ഥവും ലക്ഷ്യവും അറിയാൻ ശ്രമിക്കുന്നെങ്കിൽ, ഒന്നുകിൽ അയാൾക്കുത്തരം ലഭിക്കാതാകും, അല്ലെങ്കിൽ വികൃതമായ വിവരങ്ങളാണയാൾക്കു ലഭിക്കുന്നതു്; അയാൾ മുട്ടി വിളിക്കുകയും അയാളുടെ മുന്നിൽ ആരും ഒരു വഴി തുറക്കാതിരിക്കുകയുമാണുണ്ടാകുന്നതു്; എന്നിട്ട മരണം അയാളെ സമീപിക്കുന്നു — അതും അയാളുടെ ഇച്ഛക്കു വിപരീതമായാണു്. പൊതുവായ ഭാഗ്യക്കുറവിന്നാൽ പരസ്പര ബന്ധത്തിലെത്തുന്ന തടവുകാർ ഒത്തുചേരാൻ കഴിയുമ്പോൾ ആശ്വസിക്കുന്നതുപോലെ വിശുകലത്തിന്നും സാധാരണത്വം ദർശിക്കുന്നതിനും തുനിയുന്നവർ, തങ്ങൾ ഒരു കുരുക്കിലാണെന്നറിയാതെ പരസ്പരം ആകൃഷ്ടരാകുകയും തടസ്സമററതും ഉദ്ധതവുമായ ചിന്തകളിൽക്കൂടി ഉന്മത്തമായ കാലം കഴിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ ഹൃദയം ഉപമിക്കാനാവാത്ത സംതൃപ്തിയുടെ ഉറവിടമാണു്."

"വളരെ ശരിയാണു്."

തൻെറ ശ്രോതാവിൻെറ വീക്ഷണം ഒഴിവാക്കിക്കൊണ്ടു്, അൻഡേരിയിഫിമിച്ച് മൃദുലവും നാവധാനവുമായ സ്വരത്തിൽ, വിവേകമുള്ള ആളുകളേയും അവരുമായി സംഭാഷണംചെയ്യുന്നതിലുള്ള സുഖത്തേയുംപററി പറഞ്ഞുകൊണ്ടിരിക്കുകയും, മൈക്കേൽ അവറിയാനിച്ച് ശ്രദ്ധാപൂർവ്വം ശ്രവിച്ചുകൊണ്ടു്, 'വളരെ ശരിയാണു്' എന്നു് ഇടയ്ക്കിടയ്ക്കുരുവിട്ടുകയും ചെയ്തുകൊണ്ടിരിക്കും.

"പക്ഷെ ആത്മാവിൻെറ ശാശ്വതത്വത്തിൽ നിങ്ങൾ വിശ്വസിക്കുന്നില്ലേ?" ആ പോസ്ററുമാസ്റ്റർ പൊട്ടന്നനെ ആരായും.

"ഇല്ല. എൻെറ, പ്രിയപ്പെട്ട മൈക്കേൽ അവറിയാനിച്ച്, ഞാനതിൽ വിശ്വസിക്കുന്നില്ലെന്നു മാത്രമല്ല, വിശ്വസിക്കാൻ കഴിയുന്ന കാരണങ്ങളും ഞാൻ കാണുന്നില്ല."

"സത്യം പറഞ്ഞാൽ എന്തിക്കതേപ്പററി ചില സംശയങ്ങളുണ്ട്. മറിച്ച്, ഞാൻ ഒരിക്കലും മരിക്കയില്ലെന്നെനിക്കു തോന്നാറും ഉണ്ട്. 'ഹേ, കിഴവാ നിങ്ങൾക്കു മരിക്കാനുള്ള സമയമായി' എന്നു ഞാൻ ചിലപ്പോൾ സ്വയം പറയാറുമുണ്ട്! എന്നാൽ ഒരു നേർത്ത സ്വരം മന്ത്രിക്കുന്നതു കേൾക്കാം, 'അത് വിശ്വസിക്കരുത്', നിങ്ങൾ ഒരിക്കലും മരിക്കയില്ല."

ഒൻപതുമണി കഴിയുമ്പോഴേക്കും മൈക്കേൽ അവറിയായിച്ച് പിരിയും. തന്റെ വലിയ കോട്ടിനുള്ളിലേക്കു സ്വയം തിരുകിക്കയറാൻ ശ്രമിക്കുന്നതിനിടയിൽ അയാൾ നെടുവീർപ്പോടെ പറയും:

"വിധി, നമ്മെ എന്തൊരു പടുകുഴിയിലാണ് തള്ളിയിരിക്കുന്നതെന്നാലോചിക്കുക! അതിലും പരിതാപകരമായിട്ടുള്ളതു നാം അതിനുള്ളിൽതന്നെ കിടന്നവസാനിക്കണമെന്നതാണ്. എന്തു കഷ്ടമാണത്!"

## ഏഴു്

സുഹൃത്തിനെ യാത്രയാക്കിയിട്ടു് അൻഡേരീയിഫിമിച്ച് തൻെറ ഡസ്ക്കിനടുത്തിരുന്നു വായന തുടരും. നിശയുടെ നിറഞ്ഞ നിശ്ശബ്ദതയെ പൊളിക്കുന്ന ഒരു ചെറു ശബ്ദംകൂടി ഉയരുകയില്ല; സമയംതന്നെ നിശ്ചലമായിനിന്നു് ഡാക്ടരേയും അദ്ദേഹത്തിൻെറ പുസ്തകത്തേയും ശ്രദ്ധിക്കുകയാണെന്നു തോന്നും; ലോകത്തിൽ അദ്ദേഹത്തിൻെറ പുസ്തകവും പച്ച ഷെയിഡുവെച്ച വിളക്കും മാത്രമേ നിലനില്ക്കുന്നുള്ളു എന്ന ഭാവമാണു്. ഡാക്ടരുടെ പരുക്കനും ഗ്രാമ്യവുമായ ഭാവം ക്രമേണ സ്നേഹസാന്ദ്രമായ ഒരു പുഞ്ചിരിയിൽ പ്രകാശമാനമാവുകയും മനുഷ്യചേതസ്സിൻെറ പ്രാദുർഭാവത്തെപ്പററി ആദരവുകൊണ്ടു തിളങ്ങുകയും ചെയ്യും. "എന്താണു്, എന്താണു് മനുഷ്യൻ അനശ്വരനായിരിക്കാത്തതു്?", അദ്ദേഹം ചിന്തിക്കും. ഈ മസ്തിഷ്കത്തിൻെറ കേന്ദ്രവും, വിക്ഷോഭവും, ദർശനശക്തിയും, സംഭാഷണവും, സ്വബോധവും, മതിപ്രഭാവവും എല്ലാം മണ്ണിനോടു ലയിക്കാനും പൂഴിയിലും പൊടിയിലും കലന്നു് ഒടുവിൽ കോടിക്കണക്കിനു വത്സരങ്ങളോളം സൂര്യൻെറ ചുററും ലക്ഷ്യവും ഉദ്ദേശവും ഇല്ലാതെ ചുററിത്തിരിയാൻ വിധിക്കപ്പെട്ടതുമാണെങ്കിൽ എന്തിനാണു്? മറവിക്കിരയാകേണ്ട മനുഷ്യൻ, തൻെറ ഉന്നതവും ഏതാണ്ടു ദിവ്യവുമായ സ്ഥിതി തണുത്തു

റഞ്ഞു ചുററിത്തിരിയാനും, ഒട്ടവിൽ കസ്സുററ ഒരു മേരമ്പോക്കപോലെ മണ്ണാകാനുമാണെങ്കിൽ തീർച്ചയായും അതത്ര ആവശ്യമുള്ളതല്ല!

ജീവവസ്തുവിൻെറ സത്വപരിണാമം! ഒരു ഭീരുവിനല്ലാതെ അനശ്വരതയ്ക്കു പകരമുള്ള ഈ അവസ്ഥയിൽ എങ്ങിനെ ആശ്വസിക്കാൻ കഴിയും? പ്രകൃതിയിൽ നിലനില്ക്കുന്ന, ബോധപൂർവ്വമല്ലാത്ത, ഈ ഗതി മനുഷ്യൻെറ വിവേകശൂന്യതയെക്കാൾ താണപടിയിലാണു്; എന്തുകൊണ്ടെന്നാൽ വിവേകശൂന്യതയിൽതന്നെ ഏതാണ്ടൊരളവുവരെ അന്തഃക്കരണശുദ്ധിയും ബോധവും ഉണ്ടു്; എന്നാൽ നേരെമറിച്ചുള്ള ആ ഗതിയിൽ അടിസ്ഥാനപരമായ യാതൊന്നും ഇല്ല. തൻെറ അഭിമാനത്തെക്കാൾ മരണത്തെ ഭയക്കുന്ന ഒരു ഭീരുവിനു മാത്രമേ, തൻെറ ശരീരം ഒരു പുൽക്കൊടിയിലോ കല്ലിലോ തവളയിലോകൂടി അനശ്വരമായിരിക്കുന്നതിൽ സമാധാനപ്പെടാനൊക്കു...... ജീവവസ്തുവിൻെറ സത്വപരിണാമത്തിൽ അനശ്വരത്വം കാണുക എന്നതു് വിലയുററ ഒരു വയലിൻ തകന്നു തരിപ്പണമായ ശേഷം അതിൻെറ പെട്ടിക്കു സുശോഭനമായ ഒരു ഭാവി പ്രവചിക്കാൻ തുനിയുന്നതുപോലെ അപഹാസ്യമായ കാര്യമാണു്.

ഓരോ മണിക്കൂറുകഴിയുമ്പോഴും നാഴികമണി ശബ്ദിക്കുകയും, അൻഡ്രേയിയിഫിമിച്ച് തൻെറ ചിന്തകളെ ഏകാഗ്രമാക്കുന്നതിനു്, ചാരുകസേരയിലേക്കു മലന്നു് ഒരു നിമിഷം കിടക്കുകയും ചെയ്യും. താൻ വായിച്ച പുസ്തകത്തിൽ നിന്നുയന്ന ആശയങ്ങളുടെ സ്വാധീനശക്തിയാൽ തൻെറ ജീവിതത്തിൻെറ ഭൂതകാലത്തെയും ഭാവിയെയും അപഗ്ര

ധിക്കുന്നതിൽ, ബോധപൂർവ്വമല്ലാതെ, അദ്ദേഹം മുഴുകും. ഭൂതകാലത്തെ അദ്ദേഹം വെറുക്കുകയും അതേപ്പററി ചിന്തിക്കാതിരിക്കാനാഗ്രഹിക്കയും ചെയ്യും. വത്തമാനകാലവും ഭൂതകാലത്തെപോലെതന്നെ. തൻെറ ചിന്തകൾ, തണുപ്പു് ഇല്ലുന്ന ഭ്രമണത്തോടെ സൂര്യനെ ചുററുന്ന ഭൂമിയോടൊപ്പം, തിരിയുമ്പോൾ വളരെ അകലെയല്ലാതെയുള്ള കെട്ടിടത്തിലെ അറകളിൽ മനുഷ്യൻ വേദനയിലും കഷ്ടപ്പാടിലും കിടന്നുഴലുകയാണെന്നദ്ദേഹത്തിന്നറിയാം; ഒരുപക്ഷേ ഈ നിമിഷത്തിൽ മൂട്ടയോടു മല്ലടിച്ചുകൊണ്ടും, വ്രണങ്ങളും അവയിൽ വല്ലാതെ മുറുക്കിക്കെട്ടിയിരിയ്ക്കുന്നതുകൊണ്ടുണ്ടാകുന്ന അതീവേദനകൊണ്ടും ഉറങ്ങാനാവാതെ കിടന്നു പുളയുകയും, ഒരുപക്ഷെ ചില രോഗികൾ ചീട്ടുകളിക്കുകയും നഴ്സുകളോടുകൂടി വോഡ്ക കഴിക്കുകയും ചെയ്യുകയുമായിരിക്കും. കഴിഞ്ഞ വർഷം പന്തീരായിരം സ്ത്രീപുരുഷന്മാർ വഞ്ചിയ്ക്കപ്പെട്ടു; ആശുപത്രിയിലെ ജീവിതം മുഴുവൻ കൊള്ളയിലും, വഴക്കിലും, ജല്പനങ്ങളിലും, സ്വജനപക്ഷപാതത്തിലും, ലജ്ജാരഹിതമായ പിത്തലാട്ടങ്ങളിലും മുഴുകി, ഇരുപതു വർഷത്തിനുമുൻപുള്ള നിലയിൽത്തന്നെ നീങ്ങുന്നു. ഇന്നും ഈ ആശുപത്രി അവിശുദ്ധമായ ഒരു സ്ഥാപനവും പൊതുജനാരോഗ്യത്തിനു നാശം ചേർത്തുകൊണ്ടിരിയ്ക്കുന്നതുമാണു്. ആറാം നമ്പർ വാർഡിലെ ഇരുമ്പഴികൾക്കു പിറകിൽ നികിതാ, രോഗികളെ തല്ലിച്ചതയ്ക്കാറുണ്ടെന്നും, മോസയ്ക്ക് എന്നും ഭിക്ഷയാചിയ്ക്കാനായി പുറത്തുപോകാറുണ്ടെന്നും അൻഡ്രേ യിഫിമിച്ചിന്നറിയാം.

അതേസമയംതന്നെ കഴിഞ്ഞ ഇരുപത്തഞ്ചു വർഷമായി വൈദ്യശാസ്ത്രം അത്ഭുതകരമായ നേട്ടങ്ങൾ കൈവരുത്തിയിട്ടുണ്ടെന്നും അദ്ദേഹത്തിന്നറിയാം. കലാശാലയിൽ പഠിക്കുന്ന കാലത്തു വൈദ്യശാസ്ത്രം രസതന്ത്രത്തിൻെറയും

ശൈശാസ്ത്രത്തിന്റെയും പങ്കുപററുമെന്നദ്ദേഹത്തിനുതോന്നിയിട്ടുണ്ട്. എന്നാൽ അഭിരാമമുള്ള നിരകളിലെ പാരായണത്തിൽനിന്നും അതേ മരുന്നുകൾ അദ്ദേഹത്തെ അഗാധമായി സ്പർശിക്കുകയും, ഭ്രാന്തുപിടിപ്പിക്കാൻ പോരുന്ന സംഭ്രാന്തിയുടെ ആശ്ചര്യത്തിനു കാരണമാവുകയും ചെയ്യുന്നു. എന്തൊരപ്രതീക്ഷിതമായ നേട്ടമാണു്, എന്തൊരു പരിവർത്തനമാണു്! അണുസംഹാരികളായ മരുന്നുകളോടു നന്ദി പറയണം; മുൻപു പ്രയാസപൂർണ്ണമായി കരുതിയിരുന്ന ശസ്ത്രക്രിയകൾ ഇന്നു സുസാദ്ധ്യമായിരിക്കുന്നു. സെംസ്റ്റവോയിലെ സാധാരണഡാക്ടർമാർക്കുപോലും ഇന്നു കാൽമുട്ടിലെ ശസ്ത്രക്രിയ നടത്തുന്നതിൽ ഭയമില്ല, അടിവയറിലെ ശസ്ത്രക്രിയകൊണ്ടു് നൂററിലൊരാൾ മാത്രമാണു് ഇന്നു മരണമടയുന്നതു്. മൂത്രതടസ്സത്തെസംബന്ധിച്ച രോഗം അല്പമിക്കാൻ തക്കവിധം പറയാൻതന്നെ ഇല്ലാത്തവിധം നിസ്സാരമായി കരുതപ്പെടുന്നു. സിഫിലിസ് നിശ്ശേഷം സുഖപ്പെടുത്താൻ കഴിയും. പരമ്പരാഗതവും, ആഭിചാരപരവുമായ കാര്യങ്ങളെപ്പററിയുള്ള സിദ്ധാന്തങ്ങളും, പാസ്റ്റീന്റെയും കോച്ചിന്റെയും കണ്ടുപിടുത്തങ്ങളും, ആരോഗ്യശാസ്ത്രവും, സ്ഥിതിവിവരകണക്കുകളും നമ്മുടെ റഷ്യൻ സെംസ്റ്റ്വേ വൈദ്യശാസ്ത്രസംഘടനകളും! മാനസികരോഗചികിത്സാവിധികൾ. രോഗങ്ങളെ പുതുതായി ഇനംതിരിക്കുന്നു; പുതിയ രോഗനിർണ്ണയവിധികളും, ചികിത്സാരീതികളും, പഴയ സമ്പ്രദായങ്ങളുടെമേൽ വളരെ ഉന്നതമായിക്കഴിഞ്ഞിരിക്കുന്നു. മാനസികരോഗികളെ തണുത്തവെള്ളത്തിൽ മുക്കുകയോ മറേറാ ചെയ്യുന്ന പതിവു് അവസാനിച്ചിരിക്കുന്നു; അവരെ മനുഷ്യരായി പരിഗണിക്കുകയും, അവരുടെ ഉല്ലാസത്തിനായി നാടകാഭിനയങ്ങളും നൃത്തയല്ലാരാദികളും ഏർപ്പെടുത്തപ്പെടുന്നതായും നാം പത്രത്തിൽ വായിക്കുന്നുണ്ടു്. നവീനമായ

ഷിക്ഷണഗതികളും, മാൎഗ്ഗങ്ങളും ആറാംജന്മർ വാർദ്ധക്യ ളെപോലുള്ളവയെ വെറുക്കാൻ പ്രേരിപ്പിച്ചിരുന്നു എന്നു് അൻഡ്രേയീയിഫിമിച്ചിനു ബോദ്ധ്യമുണ്ടായിരുന്നു. എന്നാൽ ഇരുനൂറു വെർസ്ററ് അകലത്തിൽ മാത്രം ഒരു റയിൽവേ സ്റ്റേഷനുള്ളതും, വളരെ കുറച്ചു വിദ്യാഭ്യാസം മാത്രമുള്ളവരും രോഗികളുടെ വായിൽ ഉരുക്കിയ ഈയ്യം ഒഴിക്കുന്ന ഉന്നതനായ ഒരു സംഹാരകൎത്താവാണു് ഡാക്ടർ എന്നു കരുതുന്ന നഗരസഭാസാമാജികന്മാരും ഉള്ളതുമായ ഒരു പട്ടണമല്ലായിരുന്നു അതെങ്കിൽ, ജനങ്ങളും പത്രങ്ങളുംകൂടി കൊച്ചു *ബെസ്റ്റില്ലിയെ തുത്തെറിയുമായിരുന്നു.

"പക്ഷെ എന്തു പ്രയോജനമാണു്?" തന്റെ മിഴികൾ ശരിക്കു തുറന്നുകൊണ്ടു് അൻഡ്രേയിയിഫിമിച്ച് സ്വയം ചോദിക്കും. "അതുകൊണ്ടെല്ലാം എന്തുണ്ടായി? രോഗാണുക്കളെ സംഹരിക്കുന്ന മരുന്നുകളും, കോച്ചും പാസ്റ്ററും ഒന്നും ആവശ്യമായ വ്യതിയാനങ്ങൾ വരുത്തിയിട്ടില്ല. സദാചാരവും രോഗങ്ങളും നീണ്ടിടത്തുതന്നെ സ്ഥിതി ചെയ്യുന്നു.

---

* രാഷ്ട്രീയത്തടവുകാരെയും കുററവാളികളേയും സൂക്ഷിക്കുന്നതിന്നു 1360-ൽ പാരീസിൽ സ്ഥാപിതമായ ഒരു കോട്ടയാണു് 'ബെസ്റ്റില്ലി'. ക്രൂരമായ മർദ്ദനത്തിന്റെ ഒരു പൎയ്യായപദമായിത്തീൎന്നു, ആ കോട്ടയുടെ പേരു്. 1789 ജൂലൈ 14-ാം തിയ്യതി, അതിനെ ചിലതിൽത്താൻ വയ്യാതായ ഒരു ജനക്കൂട്ടം സൃഷ്ടിച്ച വിപ്ളവത്തോടെ കോട്ട നാമാവശേഷമാക്കപ്പെട്ടുകയും അതിന്റെ ഭരണാധികാരിയായിരുന്ന 'ദേലാമേ' കൊല്ലപ്പെട്ടതുകൂടാതെ ഏഴുകുററവാളികൾ സ്വതന്ത്രരാക്കപ്പെട്ടുകയും ചെയ്തു. ഈ സംഭവത്തിന്റെ വാൎഷികം ഫ്രാൻസിലെ ഒരു പ്രധാന വിശേഷദിവസമായി ആഘോഷിക്കപ്പെട്ടുന്നു. —പരിഭാഷകൻ

മാനസിക രോഗ ചികിത്സകളിൽ നാടകാഭിനയവും നൃത്തങ്ങളും ഏർപ്പെടുത്തീയിരിയ്ക്കുന്നു. പക്ഷെ അവർ തടങ്കലിൽ നിന്നും മുക്തരാക്കപ്പെട്ടിട്ടില്ല. അപ്പോൾ എല്ലാം അർത്ഥശൂന്യവും നിഷ്ഫലവുമാണു്. ഈ നിലയിൽ വീയന്നയിലെ ഏററവും നല്ല ചികിത്സാലയവും എൻെറ ആസ്പത്രീയുമായി യാതൊരന്തരവും ഇല്ല."

എന്നിരുന്നാല്പം അസഹിഷ്ണുതയോളം എത്തുന്ന ഖേദനയും വികാരാധീനതവും അശ്രദ്ധനായിരിക്കുന്നതിൽനിന്നും അദ്ദേഹത്തെ വിലക്കുന്നു. എന്നാൽ ഈ വികാരവിധേയതം തളർച്ചക്കിടയാക്കുന്നതായിരിയ്ക്കണം. അദ്ദേഹത്തിൻെറ ഭാരമേറിയ ശിരസ്സ് പുസ്തകത്തിൻെറ താളിന്നു നേരെ താണുപോകയും കൂടുതൽ ആശ്വാസത്തിന്നുവേണ്ടി കൈത്തലത്തിൽ മുഖംതാങ്ങി ചിന്ത തുടരുകയും ചെയ്യും:

"ഞാൻ തെററായ ഒരു ലക്ഷ്യത്തെ ഉപാസിക്കുകയാണു്; ഞാൻ ചതിക്കുന്നജനങ്ങളിൽനിന്നും എനിക്കെൻെറ അമ്പളം ലഭിക്കുകയും ചെയ്യുന്നു, ഞാൻ സത്യസന്ധനല്ല. പക്ഷെ ഞാൻ സ്വയം ഒന്നും ചെയ്യുന്നില്ല; നിലവിലിരിക്കുന്ന സാമൂഹ്യപശ്ചാത്തലത്തിൽ ഞാൻ ഒരു കൃമി മാത്രമാണു്; എല്ലാ ഉദ്യോഗസ്ഥന്മാരും യാതൊരു പ്രവൃത്തിയുംചെയ്യാതെയാണു് ശമ്പളം പററുന്നത്.... അതിനാൽ ഈ കാലവിശേഷത്തെയാണു് പഴിക്കേണ്ടതു്. സത്യസന്ധതക്കുറവിന്നു ഞാൻമാത്രമല്ല അപരാധിയാകേണ്ടതു്.... ഞാൻ രണ്ടു നൂററാണ്ടിന്നു ശേഷം ജനിക്കുകയായിരുന്നെങ്കിൽ, വ്യത്യസ്തനായിരിക്കുമായിരുന്നു."

നാഴികമണി മൂന്നു പ്രാവശ്യം ശബ്ദിക്കുമ്പോൾ അദ്ദേഹം വിളക്കണച്ചിട്ടു്, ഉറക്കറയിലേക്കു പോകും. അദ്ദേഹത്തിന്നു തീരെ ഉറക്കം വരുന്നുണ്ടായിരിക്കയില്ല.

# എട്ട്

ഒന്നോ രണ്ടോ വർഷങ്ങൾക്കുശേഷം ആശുപത്രിയിലെ സേവനത്തിന്നു കൂടുതൽ ആളിനെ വെയ്ക്കുന്നതിന്ന് ആണ്ടിൽ മുന്നൂറു റൂബിൾ സഹായധനം നൽകുന്നതിന്നും, സെംസ്റ്റ്വോവേയുടെ വകയായി ഒരാശുപത്രി തുറക്കുന്നതുവരെ അൻഡ്രേയിഫിമിച്ചിന്റെ സഹായത്തിന്ന് ഡിസ്റ്റിക്റ്റ് മെഡിക്കൽ ആഫീസറായ, യവ്ജനി ഫെഡറോവിച്ച് ഖൊബൊറ്റോവിനെ ക്ഷണിക്കുകയും ചെയ്യുന്നതിന്ന് സെംസ്റ്റ്വോ, ഔദാര്യപൂർവ്വം തീരുമാനമെടുത്തു. പുതിയ ഡാക്ടർ മുപ്പതുവയസ്സിന്നു താഴെമാത്രം പ്രായം വരുന്ന ഒരു യുവാവായിരുന്നു; ദീർഘകായനും, ഇരുണ്ട നിറവും വിസ്തൃതമായ താടിഎല്ലുകളും ചെറിയ കണ്ണുകളുമുള്ള അയാൾ റഷ്യക്കാരനല്ലാത്ത ഒരു വംശജനായിരിക്കും. അയാൾ തന്റെ കീശയിൽ ഒരു കോപ്പക്ക്കൂടി ഇല്ലാതെയാണ് ഞങ്ങളുടെ പട്ടണത്തിൽ വന്നത്. അയാളുടെ ഒപ്പം ഒരു ട്രങ്കും, വലിയ ആർഭാടമൊന്നുമില്ലാത്ത ഒരു യുവതിയും അവളുടെ കൈയ്യിൽ ഒരു കുട്ടിയും ഉണ്ടായിരുന്നു. അവൾ തന്റെ പാചകക്കാരിയാണെന്നാണ് അയാൾ പറഞ്ഞിരുന്നത്. യവ്ജനി ഫെഡറോവിച്ച് ഒരു നീണ്ട തൊപ്പിയും, ഉയർന്ന ഷൂസും തണുപ്പുകാലത്തു ഷീപ്സ്കിൻ കോട്ടും ധരിച്ചു നടന്നിരുന്നു. അയാൾ വളരെവേഗംതന്നെ മെഡിക്കൽ

അസിസ്റ്റാൻറായ സെർഗെയ് സെർഗിച്ചുമായും കൃാഷ്യയറുമായും സൗഹൃദം സ്ഥാപിച്ചു. എന്നാൽ, മററുദ്യോഗസ്ഥന്മാരെ അയാൾ ഗർവ്വിഷ്ടരെന്നു വിളിക്കുകയും അവരിൽ നിന്നും അകന്നു കഴിക്കുകയും ചെയ്തിരുന്നു. അയാളുടെ പക്കൽ മൊത്തം ഒററ പുസ്തകമേ ഉണ്ടായിരുന്നുള്ളു—'ഖീയന്നീസ് ക്ലിനിക്കിലെ 1881—ാം ആണ്ടത്തെ ഏററവും പുതിയ ഔഷധവിവരങ്ങൾ'. ആ പുസ്തകം കൈയ്യിലെടുക്കാതെ അയാൾ ഒരിക്കലും ഒരു രോഗിയെ സന്ദർശിക്കാൻ പോവുകയില്ല. സായന്തനവേളകളിൽ അയാൾ, ക്ലബ്ബിൽ ബില്ലിയാഡ്സ് കളിച്ചിരുന്നു. പക്ഷേ ചീട്ടുകളിയിൽ അയാൾക്കു തീരെ ഭ്രമമില്ലായിരുന്നു. ചില പ്രത്യേക വാചകങ്ങളിൽ അയാൾക്കു ഭ്രമമേറിയിരുന്നു. "ഇവിടെ, ഒരു പാത്രം നിറയെ യഥേഷ്ടം മത്സ്യമുണ്ട്". "വരൂ, മനുഷ്യൻ ആജ്ഞാപിക്കാനായി സൃഷ്ടിക്കപ്പെട്ടവനാണ്!" ഇങ്ങിനെയൊക്കെ ചില വാചകങ്ങൾ.

അയാൾ ആഴ്ചയിൽ രണ്ടുദിവസം ആശുപത്രിയിൽ പോവുകയും വാർഡുകളിൽ ചുററിനോക്കുകയും, പുറത്തുനിന്നുള്ള രോഗികളെ പരിശോധിക്കുകയും ചെയ്തിരുന്നു. രോഗാണുക്കളോടു പൊരുതുന്ന മരുന്നുകളില്ലാത്തപ്പോൾ അവിടെ ധാരാളം രക്തചൂഷണയന്ത്രങ്ങളുണ്ടായിരിക്കും; അതയാളെ അരിശം പിടിപ്പിക്കുമെങ്കിലും അൻഡേരിയിഫിമിച്ചിനെ ഭയന്നു് അയാൾ യാതൊരു പുതിയ പ്രയോഗത്തിനും തുനിയുകയില്ല. തൻെറ സഹപ്രവർത്തകനായ അൻഡേരിയിഫിമിച്ച്, ഒരു ധൂർത്തനും സമ്പന്നനുമാണെന്നു് അയാൾ വിശ്വസിയ്ക്കുകയും അയാൾ അതിൽ അസൂയാലുവാകുകയും ചെയ്തിരുന്നു. ഒരു സന്ദർഭം ലഭിച്ചാൽ ആനന്ദത്തോടെ അയാൾ അദ്ദേഹത്തെ പിഴതെറിയുമായിരുന്നു.

## ഒൻപതു്

നിലത്തു മഞ്ഞു നിശ്ശേഷം മറയുകയും, ആശുപത്രിയുടെ പരിസരത്തിൽ കിളികളുടെ കളഗാനം നിറഞ്ഞിരിക്കുകയും ചെയ്യുന്ന ഒരു വസന്തകാല സായാഹ്നത്തിൽ ഡാക്ടർ തൻെറ സുഹൃത്തിനെ യാത്രയാക്കുന്നതിനു് ഗേററുവരെ ചെന്നു. അതേസമയത്തു തൻെറ പതിവുള്ള അലഞ്ഞുനടത്തം കഴിഞ്ഞിട്ടു്, മോസസു് എന്ന യഹൂദൻ. അദ്ദേഹത്തിൻെറ മുന്നിൽ എത്തി. അയാൾക്കു തൊപ്പി ഉണ്ടായിരുന്നില്ല; നഗ്നമായ പാദങ്ങളിൽ അയാൾ മരച്ചെരിപ്പു് ധരിച്ചിരുന്നു; അയാളുടെ കൈയിൽ അന്നു തെണ്ടി ശേഖരിച്ച സാധനങ്ങളും ഉണ്ടായിരുന്നു.

“നിങ്ങൾ എനിക്കൊരു ‘കോപ്പക്’ തരികയില്ലേ?” തണുപ്പുകൊണ്ടു വിറച്ചിട്ടാണെങ്കിലും ഒരു പുഞ്ചിരിയോടെ അയാൾ ചോദിച്ചു.

നിഷേധിക്കാൻ ഒരിക്കലും കഴിയാത്ത അൻഡ്രേരിയിഫിമിച്ചു് അയാൾക്കു പത്തു കോപ്പെക്കിൻെറ ഒരു നാണയം കൊടുത്തു.

“എന്തു ഭയങ്കരമാണു്!” അയാളുടെ നഗ്നമായ പാദങ്ങളിലും തേമ്പിയ കണങ്കാലിലും നോക്കിക്കൊണ്ടു് ഡാക്ടർ ചിന്തിച്ചു: “ഈ ഭയങ്കരമായ തണുപ്പുകാലത്തു്........”

സഹതാപവും വെറുപ്പുംകൊണ്ടു് തരളചിത്തനായ ഡാക്ടർ അയാളുടെ കക്ഷങ്ങൾക്കിടയിലൂടെ ശിരസ്സും തേഞ്ഞ കണങ്കാലും സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടു് ഉപഗൃഹത്തിലേക്കു പോകുന്ന അയാളെ അനുഗമിച്ചു. ഡാക്ടരെ കണ്ട മാത്രയിൽ, ആ കുപ്പക്കൂമ്പാരത്തിൽനിന്നും ചാടിയെഴുന്നേററ നികിതാ അററൻഷനായി നിന്നു.

തൻെറ മൃദുലസാന്ദ്രമായ സ്വരത്തിൽ ഡാക്ടർ നികിതായ്ക്കു വന്ദനംപറഞ്ഞു. "ആ യഹൂദനു് ഒരു ജോടി ഷൂസുകൾ കൊടുത്തുകൂടെ; അയാൾക്കു തണുപ്പു ബാധിക്കുമെന്നു നിനക്കു മനസ്സിലാക്കാമല്ലോ".

"വളരെ ശരിയാണു്, യജമാനനെ. ഞാനതു സൂപ്രണ്ടിനെ അറിയിക്കാം".

"അതേ, അങ്ങിനെ ചെയ്യൂ. എൻെറ പേരിൽ ആവശ്യപ്പെട്ടു. ഞാൻ പറഞ്ഞതായി അദ്ദേഹത്തോടു പറയൂ."

ഇടനാഴിയിൽനിന്നും വാർഡിലേക്കുള്ള വാതിൽ തുറക്കപ്പെട്ടു. ഇവാൻഡിമിററ്റിച്ച് ഒരു വശം തിരിഞ്ഞു്, തൻെറ കൈയ്ത്തലത്തിൽ ശിരസ്സു താങ്ങി, അപരിചിതമായ പുതിയ സ്വരം ശ്രദ്ധിച്ചുകൊണ്ടു കിടക്കുകയായിരുന്നു. പെട്ടെന്നു്, അയാൾ ഡാക്ടരുടെ സ്വരം തിരിച്ചറിഞ്ഞു. അരിശംകൊണ്ടു വിറയ്ക്കുന്ന അയാൾ കിടക്കയിൽനിന്നും ചാടി ഇറങ്ങി; അയാളുടെ മുഖം കോപാവേശത്താൽ ചുവന്നിരുന്നു. കണ്ണുകൾ തുറിച്ചുനിന്നു; അയാൾ ആ അറയുടെ മദ്ധ്യത്തിലേക്കോടി.

"ഡാക്ടർ വന്നിരിക്കുന്നു!" അയാൾ ആക്രോശിച്ചിട്ടു പൊട്ടിച്ചിരിച്ചു. "ഒടുവിൽ അദ്ദേഹം എത്തി! മാന്യരെ,

ഞാൻ നിങ്ങളെ അനുമോദിക്കുന്നു. ഞമ്മെ ഒന്നു സന്ദർശിക്കാൻ ഡാക്ടർ പ്രസാദിച്ചിരിക്കുന്നു! വൃത്തികെട്ട പോക്കിരി!" ഒരിക്കലും ആ വാർഡിന്റെ ഭിത്തികൾ സാക്ഷ്യംവഹിച്ചിട്ടില്ലാത്തവിധം ഉന്മാദപൂർവ്വം നിലത്താഞ്ഞുചവിട്ടിക്കൊണ്ടു അയാൾ അട്ടഹസിച്ചു. "ആ പോക്കിരിയെ കൊല്ലണം! എത്ര ക്രൂരമായവിധം കൊന്നാലും അതവൻ അർഹിക്കുന്ന വിധമാവുകയില്ല! അവനെ പൊക്കിയെടുത്തു കക്കൂസിലിടണം".

അൻഡ്രേയിയിഫിമിച്ച് ഒരു വാതിലിലൂടെ തല അകത്തേക്കിട്ടു ശാന്തമായി ചോദിച്ചു:

"എന്തിനാണു്?"

"എന്തിനെന്നോ?" ഭീഷണിപ്പെടുത്തുന്ന ഒരു നോട്ടത്തോടെ തന്റെ മേല്പട്ടപ്പു് വികൃതമായി വലിച്ചുചുററിക്കൊണ്ടു, ഡാക്ടരുടെനേരെ അടുത്തു് ഇവാൻഡിമിററ്റിച്ച് ആക്രോശിച്ചു. "എന്തിനെന്നോ? താൻ ഒരു കള്ളനാണു്!" കാറിത്തുപ്പാൻ പോകുന്നതുപോലെ അധരങ്ങൾ വക്രിച്ചുകൊണ്ടു് അയാൾ അലറി. "കപടവൈദ്യൻ! കൊലയാളി!"

"നിങ്ങൾ ദേഷ്യപ്പെടാതിരിക്കൂ." ക്ഷമാപണപൂർവ്വം മന്ദഹസിച്ചുകൊണ്ടു് അൻഡ്രേയിയിഫിമിച്ച് പറഞ്ഞു: "ജീവിതത്തിൽ ഒരിക്കലും ഒരു വകയും ഞാൻ മോഷ്ടിച്ചിട്ടില്ലെന്നു ഉറപ്പുപറയുന്നു. മററുള്ളവരെസംബന്ധിച്ചാണെങ്കിൽ നിങ്ങൾ അതിശയോക്തിപരമായിട്ടാണു് പറയുന്നതു്. നിങ്ങൾ എന്നോടു കോപിച്ചിരിക്കുകയാണെന്നെനിക്കു മനസ്സിലാക്കാൻ കഴിയുന്നു. പ്രത്യേക ഉദ്ദേശത്തോടെ ചിന്തിക്കാതിരിക്കൂ, എന്താണു് നിങ്ങളെ കുപിതനാക്കുന്നതു്?"

"നിങ്ങൾ എന്തിനാണെന്നെ ഇവിടെ സൂക്ഷിക്കുന്നതു്"

"നിങ്ങൾക്കു സുഖമില്ലാത്തതുകൊണ്ടു്."

"അതേ, എനിക്കു സുഖമില്ല. എന്നാൽ സ്വാതന്ത്ര്യമനുഭവിക്കുന്ന കോടിക്കണക്കിനു ഭ്രാന്തന്മാർ ലോകത്തുണ്ടു്, സാധാരണ സ്വഭാവമുള്ള മനുഷ്യരിൽനിന്നും അവരെ തിരിച്ചറിയാൻ നിങ്ങൾക്കു പ്രാപ്തി ഇല്ലാഞ്ഞിട്ടാണതു്. അപ്പോൾ ഞാനും ഈ ശപിക്കപ്പെട്ടവരും, മററുള്ളവരുടെ പാപത്തിനുവേണ്ടി ബലിയാടുകളെപോലെ ഇവിടെ ബന്ധിതരായിരിക്കണം! നിങ്ങളും നിങ്ങളുടെ അസിസ്റ്റണ്ടും, ഇൻസ്പെക്ടരും, ഈ ആശുപത്രിയിലുള്ള നീചർ മുഴുവനും തന്നെ അസന്ദിഗ്ദ്ധമായും ഞങ്ങളിൽ ആരെക്കാളും ധാർമ്മികമായി അധഃപതിച്ചവരാണു്. അപ്പോൾ നിങ്ങൾക്കുപകരം ഞങ്ങളെന്തിനിവിടെ ബന്ധനസ്ഥരായിരിക്കണം? ഇതെന്തു യുക്തിവാദമാണു്?"

"സദാചാരമൂല്യങ്ങൾക്കും, യുക്തിവാദത്തിനും ഇതുമായി യാതൊരു ബന്ധവുമില്ല. എല്ലാം സന്ദർഭത്തെ ആശ്രയിച്ചിരിക്കുന്നു. ഇവിടെ പാർപ്പിക്കപ്പെട്ടിരിക്കുന്നവർ ഇവിടെ കഴിഞ്ഞുകൂടുന്നു, അല്ലാത്തവർ തങ്ങളുടെ സ്വാതന്ത്ര്യം അനുഭവിക്കുന്നു, അത്രതന്നെ. നിങ്ങൾ ഒരു മാനസികരോഗിയും ഞാൻ ഒരു ഡാക്ടരുമായിരിക്കുക എന്ന യാഥാർത്ഥ്യത്തിൽ നീതിക്കോ യുക്തിക്കോ ചിന്തകൾക്കോ പ്രസക്തിയൊന്നും ഇല്ല, അതു വെറും യാദൃശ്ചികത്വമല്ലാതൊന്നുമല്ല."

"ഈ ജല്പനങ്ങൾ എനിക്കു മനസ്സിലാകുന്നില്ല" തന്റെ കിടക്കയുടെ അരികിൽ ഇരുന്നുകൊണ്ടു്, വെറും പൊള്ളയായ സ്വരത്തിൽ ഇവാൻഡിമിററ്റിച്ച് പറഞ്ഞു.

ഡാക്ടറുടെ സാന്നിദ്ധ്യത്തിൽ, നികിതാ പരിശോധി ക്കാതെ വിടാൻ നിർബന്ധിതനായ മോസസ്, താൻ സംഭ രിച്ചു ചപ്പും ചവറും അസ്ഥിയും എല്ലാം കിടക്കയിൽ നിരത്തിവെച്ച്, അപ്പോഴും തണുപ്പുകൊണ്ടു വിറയ്ക്കുന്ന മേനിയുമായി, യഹൂദഭാഷയിൽ, ഒരു ഗാനംപോലെ സ്വയം സംസാരിക്കാൻ തുടങ്ങിയിരുന്നു. താൻ ഒരു പീടിക തുറ ന്നിരിക്കുന്നതായി, ഒരുപക്ഷേ അയാൾ കരുതിയിരിക്കണം.

"എന്നെ വിട്ടയക്കൂ!" ചിതറിയ സ്വരത്തിൽ ഇവാൻ ഡിമിററ്റിച്ച് പറഞ്ഞു.

"എനിക്കതു ചെയ്യാൻ നിവൃത്തിയില്ല."

"എന്തുകൊണ്ടാണ് നിങ്ങൾക്കു കഴിയാത്തതു്? എന്തു കൊണ്ട്?"

"അതെൻെറ അധികാരത്തിനതീതമായതുകൊണ്ട്. നിങ്ങൾതന്നെ സ്വയം ചോദിക്കൂ, ഞാൻ നിങ്ങളെ വിട്ടയ ക്കുന്നതുകൊണ്ടെന്തു ഗുണമാണ്? ഞാൻ നിങ്ങളെ വിട്ടാൽ പട്ടണത്തിലുള്ള ആളുകളോ, പോലീസോ നിങ്ങളെ പി ടിച്ച്, ഇവിടെ തിരിച്ചുകൊണ്ടുവരും."

"അതേ, അതേ, നീങ്ങൾ പറഞ്ഞതു ശരിയാണ്." ഇ വാൻ ഡിമിററ്റിച്ച് തൻെറ നെററിത്തടത്തിൽ അമർത്തി തിരുമ്മിക്കൊണ്ടു പറഞ്ഞു: "അതു ഭയങ്കരമാണ്! ഞാനെന്തു ചെയ്യണം? എന്ത്—എന്തു ചെയ്യണമെന്നു പറയൂ!"

അയാളുടെ സ്വരവും, വിലക്ഷണമെങ്കിലും യുവത്വം നിറഞ്ഞ വദനവും അൻഡ്രേയിയിഫിമിച്ചിനെ വല്ലാതെ സ്പർശിച്ചു. അയാളോടു സഹതാപസൂചകമായ എന്തെങ്കിലും

O. R. I. DEPARTMENTAL LIBRARY
20 JUN 1981
32D
358393

പറഞ്ഞ് ആശ്വസിപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. അയാളുടെ അരികിലായി, കിടക്കയിൽ ഇരുന്ന് അല്പനേരം ചിന്തിച്ചിട്ടദ്ദേഹം പറഞ്ഞു:

"നിങ്ങൾ എന്താണു ചെയ്യേണ്ടതെന്ന് എന്നോടു ചോദിക്കുകയാണല്ലോ! നിങ്ങൾക്കേററവും പററിയ വഴി ഒളിച്ചോടുക എന്നതാണ്. നിർഭാഗ്യവശാൽ അതു നിഷ്പ്രയോജനമാണ്. നിങ്ങൾ പിടിച്ചേല്പിക്കപ്പെടും. കുററവാളികളിലും മാനസികരോഗികളിലും, മററുപദ്രവകാരികളിലും നിന്നു സ്വയം സംരക്ഷിക്കാൻ സമുദായം ആഗ്രഹിക്കുന്നു, അതിനെ ജയിക്കാനാവുന്നതല്ല. നിങ്ങൾക്കു യുക്തമായ ഒററ നടപടിയേ ഉള്ളു. അതു നിങ്ങളുടെ സാന്നിദ്ധ്യം ഇവിടെ ആവശ്യമാണെന്ന യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുക എന്നതാണ്."

"അതുകൊണ്ട് ആർക്കും ഒരു പ്രയോജനവും ഉണ്ടാകാനില്ല."

"ജയിലുകളും ഭ്രാന്താശുപത്രികളും നിലനില്ക്കുമ്പോൾ അതിൽ കഴിഞ്ഞുകൂടാൻ ആളുകളും ഉണ്ടായിരിക്കണം. അതിനു നിങ്ങളല്ലെങ്കിൽ ഞാൻ. ഞാനല്ലെങ്കിൽ, മറെറാരാൾ. നില്ക്കു, ഭ്രാന്താലയങ്ങളും ജയിലുകളും ഇല്ലാത്ത, അകന്നു നില്ക്കുന്ന ഭാവിയിൽ അഴികളിട്ട ജനാലകളോ ആശുപത്രിയിലെ വേഷങ്ങളോ ഉണ്ടായിരിക്കുകയില്ല. ആ കാലം തീർച്ചയായും വരും; പെട്ടെന്നോ അല്ലെങ്കിൽ അല്പം താമസിച്ചോ ആയാലും."

പരിഹാസനിർഭരമായ ഒരു പുഞ്ചിരി ഇവാൻ ഡിമിററ്റിച്ചിന്റെ അധരങ്ങളിൽ വന്നുതെളിഞ്ഞു.

"തീർച്ചയായും നിങ്ങളങ്ങിനെ വിശ്വസിക്കുന്നില്ല," ചുരുങ്ങിയ മിഴികളോടെ അയാൾ പറഞ്ഞു. "മാന്യരായ നിങ്ങളുടെയും നിങ്ങളുടെ കൂട്ടാളിയായ നീകിതായുടേയും ഭാവി അപ്പോൾ എന്താണു്? പക്ഷേ നല്ലകാലം വരുമെന്നു നിങ്ങൾക്കുറപ്പുണ്ടു്! എന്റെ വാക്കുകൾ പുതുമയററതായിരിക്കാം; എന്നെ നിങ്ങൾ പരിഹസിച്ചേക്കാം; എങ്കിലും, ഒരു പുതിയ ജീവിതം പ്രകാശധോരണി പരത്തികൊണ്ടു് ഉദിക്കും, സത്യം വിജയിക്കും. അപ്പോൾ—അപ്പോൾ ഞങ്ങളും പ്രകാശംകാണും! ഞാനതു കാണുകയില്ലായിരിക്കാം, അതിനിടയിൽ ഞാൻ മരിച്ചുപോയേക്കാം, എന്നാൽ മററുള്ളവരുടെ പൗത്രർ അതുകാണും. ഞാൻ എന്റെ ഹൃദയത്തിൽ നുരയിട്ടുയരുന്ന ആഴമേറിയ ആനന്ദത്തോടെ അവരെ സ്വാഗതം ചെയ്യുന്നു, അവരുടെ നില ഓർത്തു ഞാൻ ആനന്ദിക്കുന്നു! മുന്നോട്ടുപോകുവിൻ! സുഹൃത്തുക്കളേ ദൈവം നിങ്ങളെ സഹായിക്കും!"

ഇവാൻ ഡിമിററ്റിച്ച് എഴുന്നേററു തിളങ്ങുന്ന മിഴികളോടെ, കൈകൾ മുന്നോട്ടുനീട്ടി, ജനാലയുടെ അട്ടത്തേക്കു നടന്നുകൊണ്ടു് ആകുലസ്വരത്തിൽ പറഞ്ഞു:

"ഈ അഴികൾക്കു പിറകിൽ നിന്നുകൊണ്ടു്, ഞാൻ എന്റെ ആശംസകൾ അയക്കുന്നു! സത്യം നീണാൾ വാഴട്ടെ! ഞാനതിൽ ആനന്ദിക്കുന്നു!"

"ആനന്ദിക്കാൻ കഴിയുന്ന യാതൊന്നും ഞാൻ കാണുന്നില്ല". ഇവാൻ ഡിമിററ്റിച്ചിന്റെ വികാരപ്രകടനങ്ങൾ ഏതാണ്ടു നാടകീയമായി അൻഡ്രേയിയിഫിമിച്ചിനുതോന്നി. അതുകൊണ്ടുതന്നെ അദ്ദേഹത്തിനുയാളെ ഇഷ്ടമാവുകയും ചെയ്തു. "അപ്പോൾ ജയിലുകളും ഭ്രാന്താലയങ്ങളും ഉണ്ടാ

യിരിക്കുകയില്ല, നീങ്ങൾ പറയുന്നതുപോലെ അത്യം ജിജ്ഞാസ യിക്കുകയും ചെയ്യും. എന്നാൽ വസ്തുതകളുടെ കാതലായ ഭാഗത്തിനു പരിവർത്തനം വരികയില്ല, പ്രകൃതിയുടെ നിയമങ്ങൾ വ്യത്യാസമില്ലാതെതന്നെ നിലനില്ക്കും. ആളുകൾ രോഗഗ്രസ്തരാവുകയും, വാർദ്ധക്യം പ്രാപിച്ച് ഇപ്പോഴത്തെ പോലെ മരണമടയുകയും ചെയ്യും. ജീവിതത്തിൻെറ പുലരി നിങ്ങളിൽ എത്രമാത്രം പ്രകാശമാനമായിരുന്നാലും, ഒടുവിൽ നിങ്ങൾ ഒരു ശവപ്പെട്ടിയിൽ അടക്കപ്പെടുകയും മണ്ണിനടിയിൽ ആഴ്ത്തപ്പെടുകയും ചെയ്യും".

"അനശ്വരതയെപ്പററി നിങ്ങളെന്തുപറയുന്നു?"

"വിഡ്ഢിത്തം!"

"നിങ്ങളതിൽ വിശ്വസിക്കുന്നില്ല, പക്ഷേ ഞാനതിൽ വിശ്വസിക്കുന്നു. ഡസ്റേറാവസ്കി, അല്ലെങ്കിൽ വോൾട്ടയറായിരിക്കും, ഈശ്വരൻ ഇല്ലായിരുന്നെങ്കിൽ മനുഷ്യൻ കണ്ടുപിടിക്കുമായിരുന്നെന്നു പറഞ്ഞിട്ടുണ്ട്. അനശ്വരത എന്നൊന്നില്ലെങ്കിൽ, ഇപ്പോഴല്ലെങ്കിൽ കുറെ കഴിഞ്ഞായാലും, മഹത്വമുള്ള മനുഷ്യൻ അതു കണ്ടുപിടിക്കുമെന്നാണ് എൻെറ വിശ്വാസം."

"നീങ്ങളതു ഭംഗിയായിത്തന്നെ പറഞ്ഞു," സന്തോഷത്തോടെ പുഞ്ചിരിച്ചുകൊണ്ട് അൻഡ്രേയിഫിമിച്ച് ആക്രോശിച്ചു. "നിങ്ങൾക്കു വിശ്വാസമുള്ളതു നല്ലതാണ്. നിങ്ങളെപ്പോലെ ദൃഢമായ വിശ്വാസമുള്ള ഒരാൾക്കു നാലു ചുവരുകൾക്കിടയിൽ അടക്കപ്പെട്ടിരുന്നാൽകൂടി സന്തോഷമായിരിക്കാൻ കഴിയും. പക്ഷേ, നിങ്ങൾ വിദ്യാഭ്യാസമുള്ളയാളായിരിക്കും, അല്ലേ?"

"അതേ. ബിരുദംനേടാൻ കഴിഞ്ഞില്ലെങ്കിലും ഞാൻ സർവ്വകലാശാലാ വിദ്യാഭ്യാസം നേടിയിട്ടുണ്ട്."

"ചിന്തിക്കേണ്ടതെങ്ങിനെയാണെന്നു നിങ്ങൾക്കറിയാം. ഏതു ചുററുപാടിലും നിങ്ങളുടെ ചിന്തയിൽനിന്നും ആശ്വാസം നേടാൻ നിങ്ങൾക്കു കഴിയും. ചിന്തയും, സ്വാതന്ത്ര്യവും, ജീവിതത്തെപ്പററി വ്യക്തമായ ബോധം നേടാനുള്ള ശ്രമവും, ലോകത്തിൻെറ കോലാഹലങ്ങളെപ്പററി തീക്ഷ്ണമായ വെറുപ്പും കൂടിച്ചേരുമ്പോൾ ഏതൊരു മനുഷ്യനും പ്രാപ്യമായിട്ടുള്ളതിൽവെച്ചു വലിയ അനുഗ്രഹങ്ങളാകുന്നു. ലോകത്തു നിലനിൽക്കുന്ന അഴിയിട്ട ജനാലകളുടെ ബന്ധനത്തിനു പിറകിലും നിങ്ങൾക്കതു നേട്ടമായുണ്ട്. ഡയോജനസ് ഒരു പീപ്പയിൽ ജീവിച്ചെങ്കിലും ഏതൊരു രാജാവിനെയുംകാൾ സന്തോഷവാനായിരുന്നു."

"നിങ്ങളുടെ ഡയോജനസ് ഒരു മടയനാണ്." ഇവാൻഡിമിററ്റിച്ച് ശുണ്ഠിപിടിച്ചു പറഞ്ഞു: "ഡയോജനസിനെപ്പററിയും ആരുടെയെങ്കിലുമൊക്കെ മേധാശക്തിയെപ്പററിയും നിങ്ങൾ എന്തിനാണ് എന്നോടു വിസ്തരിക്കുന്നത്?" അയാൾ വഴതി ഇറങ്ങി, വ്യഗ്രതയോടെ, പരുഷമായി പറഞ്ഞു: "ഞാൻ ജീവിതത്തെ ഇഷ്ടപ്പെടുന്നു, ഞാൻ ജീവിതത്തെ ഭ്രാന്തമായി സ്നേഹിക്കുന്നു! ഉന്മാദകപീഡയാൽ ഞാൻ കഷ്ടപ്പെടുന്നു, അവിരാമമുള്ള വേദനാകരമായ ചിന്തകളാൽ ഞാൻ അലട്ടപ്പെടുന്നു. എങ്കിലും ജീവിതത്തോടുള്ള അടങ്ങാത്ത ആർത്തിയാൽ കീഴടക്കപ്പെടുന്ന നിമിഷങ്ങൾ ഉണ്ടാകാറുണ്ട്, അപ്പോൾ ഭ്രാന്തനായിപ്പോകുമെന്നു ഞാൻ ഭയക്കുന്നു. എനിക്കു ജീവിക്കണം, ഹോ, ജീവിക്കാൻ ഞാൻ എങ്ങിനെ ആഗ്രഹിക്കുന്നു!"

ചിത്തക്ഷോഭത്തോടെ അറയിൽ ഉലാത്തിക്കൊണ്ട്, അയാൾ സ്വരം താഴ്ത്തിപ്പറഞ്ഞു:

"ചിലപ്പോൾ എൻറ സ്വപ്നങ്ങളിൽ ഞാൻ പിശാചുക്കളെ ദർശിക്കാറുണ്ട്. ആളുകൾ എന്നെ കാണാൻ വരുന്നു, ഞാൻ അവരുടെ ശബ്ദവും സംഗീതവും കേൾക്കുന്നു, ഞാൻ കാട്ടിലോ കടൽക്കരയിലോ ആണെന്നു ഞാൻ കരുതുന്നു. ജോലിത്തിരക്കുണ്ടായിരിക്കുന്നതിനും, സ്നേഹപരിലാളനങ്ങൾ ലഭിക്കുന്നതിനും ഞാൻ ആർത്തിപ്പെടുന്നു.......പറയൂ, എന്താണവിടെ സംഭവിക്കുന്നതു്?" പെട്ടെന്നയാൾ തിരുദ്ധകണ്ഠനാക്കപ്പെടുന്നു. "പുറമത്തെ ലോകത്തിൽ എന്തൊക്കെയാണു് നടക്കുന്നതു്?"

"നമ്മുടെ പട്ടണത്തെപ്പററിയോ, ലോകത്തെപ്പററി പൊതുവേയോ എന്താണു് ഞാൻ പറയേണ്ടതു്?"

"അപ്പോൾ ആരംഭമായി ഈ പട്ടണത്തെപ്പററിയും, പിന്നെ ലോകത്തെപ്പററി പൊതുവെയും എന്നോടു പറയൂ."

"ശരി. വിരസതയല്ലാതെ മറെറാന്നും ഈ പട്ടണത്തിലില്ല.... ആക്കെങ്കിലും സംസാരിക്കയോ, കേട്ടുകൊണ്ടിരിക്കയോ ചെയ്യാവുന്ന ഒറെ ജീവിപോലും ഇവിടില്ല. കൗതുകത്തോടെ വീക്ഷിക്കാവുന്ന ഒററ മനുഷ്യനില്ല. വിശേഷമായി എന്തെങ്കിലും പറയാനാണെങ്കിൽ, ഖൊബോട്ടോവ് എന്ന ഒരു ചെറുപ്പക്കാരനായ ഡോക്ടർ ഇവിടേക്കയക്കപ്പെട്ടിട്ടുണ്ട്."

"അതെ, അയാൾ വരുമ്പോൾ ഞാനുണ്ടായിരുന്നു. അയാൾ ഒരു മന്തനാണെന്നു ഞാൻ കരുതുന്നു."

"അതെ, അയാളത്ര പ്രബുദ്ധമതിയല്ല. അതു നിങ്ങളറിയുന്നതു നല്ല നേരമ്പോക്കായിരിക്കുന്നു... .... കേൾവികൾ വെച്ചുകൊണ്ടു പറയുകയാണെങ്കിൽ നമ്മുടെ പട്ടണങ്ങളിൽ ഒരു നിശ്ചലതയില്ല, അവിടെ ബുദ്ധിപരമായ പ്രവൎത്തനങ്ങളുണ്ടു്, അതിൻെറ അർത്ഥം യഥാർത്ഥ മനുഷ്യരുണ്ടെന്നാണു്, പക്ഷേ നമുക്കു സമർപ്പിക്കപ്പെടുന്ന മാതൃകകൾ അത്ര തൃപ്തികരമല്ല. മ്ലാനമായ പട്ടണം!"

"അതെ, തീർച്ചയായും മ്ലാനമാണു്." ഇവാൻഡിമിററ്റിച്ചു് നെടുവീർപ്പിട്ടു, എന്നിട്ടു് ചിരിച്ചുകൊണ്ടയാൾ തുടൎന്നു: "പിന്നെ ലോകം എങ്ങിനെയിരിക്കുന്നു? മാസികകളിലും പത്രങ്ങളിലും എന്താണു് എഴുതപ്പെടുന്നതു്?"

വാർഡിൽ ഇരുട്ടായിക്കഴിഞ്ഞിരുന്നു. ഡാക്ടർ എഴുന്നേററു്, സ്ഥലത്തും മറുനാടുകളിലും ഉള്ള പത്രങ്ങൾ എഴുതുന്നതെന്താണെന്നു് ഇവാൻഡിമിററ്റിച്ചിനോടു് പറഞ്ഞുകൊണ്ടുനിന്നു. കൂടെക്കൂടെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടു് ഇവാൻഡിമിററ്റിച്ച് ശ്രദ്ധാപൂൎവ്വം അതു ശ്രവിച്ചു. എന്നിട്ടു്, പെട്ടെന്നതേ ഭീകരമായ ഏതോ ഓൎത്തപോലെ കൈത്തലങ്ങൾ ശിരസ്സിൽ മുറുകെ ചേർത്തു പിടിച്ചുകൊണ്ടു് അയാൾ തൻെറ കിടക്കയിൽ, ഡോക്ടർക്കു പുറന്തിരിഞ്ഞുകിടന്നു.

"നിങ്ങൾക്കു സുഖം തോന്നുന്നില്ലേ?" അൻഡ്രേയിയിഫിമിച്ചു് ചോദിച്ചു.

"ഒരൊററ വാക്കുപോലും നിങ്ങൾക്കിനി എന്നിൽനിന്നും കേൾക്കാൻ സാധിക്കുകയില്ല." ഇവാൻഡിമിററ്റിച്ച് പരുഷമായി പറഞ്ഞു: "എന്നെ ഉപദ്രവിക്കാതെ പോകു!"

"എന്തു്, എന്താണു് കാര്യം?"

"എന്നെ ഉപദ്രവിക്കാതിരിക്കു; ഞാൻ കാര്യമായി പറയുകയാണു്. എന്തു നാശമാണു്!"

ഒരു ഞെട്ടവീർപ്പോടെ, ചുമലുകൾ ഇളക്കി ചലിപ്പിച്ചിട്ടു്, അൻഡ്രേയിഫിമിച്ച് പുറത്തിറങ്ങി. ഇടനാഴിയിൽക്കൂടി കടന്നുപോകുമ്പോൾ അദ്ദേഹം പറഞ്ഞു:

"നികിതാ, ഇതിടമൊക്കെ ഒന്നു വൃത്തിയായി സൂക്ഷിച്ചിരുന്നെങ്കിൽ നന്നായിരുന്നു.... ഇവിടെ വല്ലാത്തൊരു വാട അനുഭവപ്പെടുന്നുണ്ടു്."

"ചെയ്യാം, യജമാനനേ!"

"ഒരു നല്ല ചെറുപ്പക്കാരൻ", വീട്ടിലേയ്ക്കു് നടക്കുമ്പോൾ അൻഡ്രേയിഫിമിച്ച് ചിന്തിച്ചു. "ഈ സുദീർഘമായ വത്സരങ്ങൾക്കിടയിൽ സംസാരിച്ചിരിക്കാൻ പററിയതായി ഞാൻ കണ്ട ആദ്യത്തെ മനുഷ്യനാണയാൾ. അയാൾക്കു വിവേകത്തോടെ സംസാരിക്കാനറിയാം, ശ്രദ്ധാർഹമായ വിഷയങ്ങളിൽ മാത്രമേ അയാൾക്കു കൗതുകവും ഉള്ളു."

രാത്രിയിൽ പാരായണത്തിൽ മുഴകി ഇരിക്കുമ്പോഴും അതിന്നു ശേഷവും അദ്ദേഹം അൻഡ്രേയിഫിമിച്ചിനെപ്പററി ചിന്തിച്ചുകൊണ്ടിരുന്നു; അടുത്ത ദിവസം രാവിലെ എഴുന്നേററപ്പോൾ താൻ വിവേകശാലിയും ശ്രദ്ധേയനുമായ ഒരു മനുഷ്യനുമായി പരിചയപ്പെട്ടു എന്നോർമ്മിക്കുകയും ഏററവും അടുത്ത സന്ദർഭത്തിൽ അയാളെ ഒന്നുകൂടി സന്ദർശിക്കാൻ ഉറയ്ക്കുകയും ചെയ്തു.

## പത്തു്

ഇഖാൻഡിമിററ്റിച്ച് കഴിഞ്ഞ ദിവസത്തെ നില യിൽത്തന്നെ, കൈകൾ തൊറതിത്തടത്തിൽ അമത്തിവെച്ചു്, കാൽമുട്ടുകൾ മടക്കിവെച്ചുകൊണ്ടു്, തൻെറ കിടക്കയിൽ കിടക്കുകയായിരുന്നു.

"നിങ്ങൾക്കെങ്ങിനെയിരിക്കുന്നു, സ്നേഹിതാ?" അൻ ഡ്രേരിയിഫിമിച്ചു് ചോദിച്ചു. "നിങ്ങൾ ഉറങ്ങുകയല്ലല്ലോ?"

"ആദ്യമായി, ഞാൻ നിങ്ങളുടെ സ്നേഹിതനല്ല". ഉപ ധാനത്തിൽ തല ചേർത്തു കിടന്നുകൊണ്ടുതന്നെ ഇഖാൻ ഡിമിററ്റിച്ചു് മുരണ്ടു. "രണ്ടാമതായി നിങ്ങൾ ബുദ്ധി മുട്ടേണ്ട; ഞാൻ ഒരക്ഷരംപോലും നിങ്ങളോടു സംസാരിക്കു കയില്ല."

"വിചിത്രമായിരിക്കുന്നു........" ഏതാണ്ടു് ലജ്ജിത നായ അൻഡ്രേരിയിഫിമിച്ചു് പറഞ്ഞു. "കഴിഞ്ഞ ദിവസം നാം വളരെ സൗഹാർദ്ദപൂർവ്വം സംസാരിച്ചിരുന്നു, പൊട്ടു ന്നനേ നിങ്ങൾ കുപിതനാകുന്നതുവരെ അതു നീണ്ടുനിന്നു.... ....ഏതോ തെറ്റായ ഒരു ധാരണ ജനിപ്പിക്കത്തക്കവിധം ഞാൻ പെരുമാറിയിരിക്കണം, അല്ലെങ്കിൽ നിങ്ങളുടെ

ജിശാഞങ്ങളുമായി പൊരുത്തപ്പെടാത്ത എന്തോ പറഞ്ഞിരിക്കും........"

"നിങ്ങളെ വിശ്വസിക്കാൻ കഴിയുമെന്നു വാസ്തവത്തിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?" എഴുന്നേററിരുന്ന്, ഡാക്ടരുടെ നേരെനോക്കി, പരിഹാസവും ജിജ്ഞാസയും കലന്ന സ്വരത്തിൽ ഇവാൻഡിമിററ്റിച്ച് ചോദിച്ചു; അയാളുടെ കൺപോളകൾ ചുവന്നിരുന്നു. "മറെറവിടെയെങ്കിലും പോയി വിസ്തരിക്കുകയും, ചാരവൃത്തി നടത്തുകയും ചെയ്യുകയാണ് നല്ലതു്; എന്നിൽനിന്നും ഒരു വാക്കു പോലും നിങ്ങൾക്കു ലഭിക്കുകയില്ല. കഴിഞ്ഞ ദിവസം നിങ്ങൾ എന്തിനാണ് ഇവിടെ വന്നതെന്ന് എനിക്കു ബോദ്ധ്യമായി.

"എന്തൊരു സങ്കല്പമാണ്!" ഡാക്ടർ ഉൾച്ചിരിയോടെ പറഞ്ഞു. "ഞാൻ ഒരു ചാരനാണെന്നു പറയാൻ നിങ്ങൾക്കുദ്ദേശമുണ്ടോ?"

"അതെ, അങ്ങിനെതന്നെ.... ഒരു ചാരനോ, എന്നെ നോട്ടത്തിൽ വെയ്ക്കാൻവരുന്ന ഡോക്ടരോ ആകട്ടെ, രണ്ടും തുല്യമാണ്."

"നന്നായി! നിങ്ങൾ ക്ഷമിക്കണം. നിങ്ങൾ സരസനായ ഒരു ചങ്ങാതിയാണ്!"

കട്ടിലിന്നടുത്തുള്ള ഒരു സ്ററൂളിൽ ഇരുന്നു നിഷേധാർത്ഥത്തിൽ ശിരസ്സു ചലിപ്പിച്ചുകൊണ്ടു ഡാക്ടർ പറഞ്ഞു:

"ശരി, നിങ്ങൾ പറയുന്നതു ശരിയാണെന്നുതന്നെയിരിക്കട്ടെ." അദ്ദേഹം തുടർന്നു: "നിങ്ങൾ പറയുന്നപോലെ

ഞാൻ നിങ്ങളെ പൊലീസിൻെറ കൈകളിൽ കടുക്കാൻ വേണ്ടി എന്തെങ്കിലും തന്ത്രപൂർവ്വം ഗ്രഹിക്കാൻതന്നെ ശ്രമിക്കുകയാണെന്നിരിക്കട്ടെ. നിങ്ങൾ അറസ്റ്റ് ചെയ്യപ്പെടുകയും ഖിസ്സരിക്കപ്പെടുകയും ചെയ്യും. പക്ഷെ കോർട്ടിലോ ജയിലിലോ പോകുന്നതു് ഇപ്പോഴത്തെ അവസ്ഥയിൽനിന്നും കൂടുതൽ കഷ്ടത നിറഞ്ഞതായിരിക്കുമെന്നു നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളെ നാടുകടത്തുകയോ, കഠിനാദ്ധ്വാനത്തിന്നു വിധിക്കപ്പെടുകയോ ചെയ്യുകയാണെങ്കിൽ ഈ ഉപഗ്രഹത്തിലെ ജീവിതത്തെക്കാൾ അതു കാഠിന്യമേറിയതായിരിക്കുമെന്നു കരുതുന്നുണ്ടോ? അങ്ങിനെയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല... അപ്പോൾ നിങ്ങൾക്കെന്താണു് ഭയപ്പെടാനുള്ളതു്?"

ആ വാക്കുകൾ ഇവാൻഡിമിത്രെ്റിച്ചിനെ വല്ലാതെ സ്പർശിച്ചു. അയാൾ ലേശം ആശ്വസിക്കുന്നതുപോലെ തോന്നി.

അൻഡ്രേയിയിഫിമിച്ച് സാധാരണ തൻെറ അറയിൽ ഉലാത്തുകയും, അദ്ദേഹത്തിനു പതിവുള്ള ബിയർ കുടിക്കാൻ സമയമായോ എന്നു ഡരീയാ അന്വേഷിക്കുകയും ചെയ്യുന്ന, പകൽ നാലുമണി കഴിഞ്ഞ, സമയമായിരുന്നു അതു്. അതു തെളിച്ചമുള്ളതും ശാന്തവുമായ ഒരു സായന്തനവുമായിരുന്നു.

"ഞാൻ മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞു പതിവുള്ള നടത്തക്കിറങ്ങിയതാണു്. അപ്പോൾ നിങ്ങളെ ഒന്നു വന്നുകാണാമെന്നു കരുതി", ഡാക്ടർ പറഞ്ഞു: "വസന്തകാലത്തെ ഒരു നല്ല ദിവസം."

"ഇതേതു മാസമാണു്, മാർച്ചാണോ?"

"അതെ, മാർച്ചുമാസത്തിൻെറ അവസാനമാണു്."

"പുറത്തു വലിയ വൃത്തികേടാണോ?"

"അത്രയ്ക്കില്ല. ഉദ്യാനത്തിലെ പാതകൾ ഉണങ്ങിക്കിടപ്പുണ്ട്.

"ഇതുപോലുള്ള ഒരു ദിവസം പട്ടണപ്രാന്തത്തിലേക്ക് ഒരു വണ്ടിയിൽ ഉല്ലാസയാത്ര ചെയ്യുക സുഖപ്രദമാണ്." ഒരു മയക്കത്തിൽനിന്നുണർന്നപോലെ തന്റെ ചുവന്ന മിഴികളിൽ തിരുമ്മിക്കൊണ്ട് ഇവാൻഡിമിത്രിച്ച് പറഞ്ഞു: "എന്നിട്ട്, ചൂടുള്ളതും സുഖപ്രദവുമായ ഒരു വായനമുറിയിലേക്ക് മടങ്ങുക.... എന്റെ തലവേദനക്കു ചികിത്സിക്കാൻ ഒരു നല്ല ഡാക്ടർ ഉണ്ടായിരിക്കുക.... ഒരു മനുഷ്യനെപ്പോലെ ജീവിക്കുന്നതിന്റെ സുഖം എന്താണെന്ന ഞാൻ മറന്നുകഴിഞ്ഞു. ഇവിടം നികൃഷ്ടമായ ഒരു സ്ഥലമാണ്. അസഹ്യമായവിധം വൃത്തികെട്ട ഒരു സ്ഥലം!"

കഴിഞ്ഞ ദിവസത്തെ മാനസികവിഭ്രാന്തിയാൽ അയാൾ പരിക്ഷീണനും, ക്ലാന്തമാനസനുമായിരുന്നു. അയാൾ വാക്കുകൾ ഉത്സാഹരഹിതമായി ഉരുവിടുന്നതുപോലെ തോന്നി. അയാളുടെ അംഗുലികൾ വിറയ്ക്കുന്നുണ്ടായിരുന്നു, കടുത്ത തലവേദനയനുഭവിക്കുന്നതിന്റെ ഭാവം അയാളുടെ മുഖത്തു വ്യക്തമായി കാണാമായിരുന്നു.

"സുഖകരമായ ഒരു വായനമുറിയും ഈ വാർഡുമായി യാതൊരന്തരവും ഇല്ല." അൻഡേരിയിഫിമിച്ച് പറഞ്ഞു. "ഞങ്ങളുടെ പുറത്തുള്ള ലോകത്തല്ല, തന്നിൽ തന്നെയാണ് മനുഷ്യൻ സംതൃപ്തിയും സമാധാനവും കാണേണ്ടതു്."

"നിങ്ങളെന്താണർത്ഥമാക്കുന്നതു്?"

"സാധാരണ മനുഷ്യൻ വണ്ടിയും വായനമുറിയും പോലെയുള്ള ബാഹ്യമായ സംഗതികളിൽ നന്മയ്ക്കും തിന്മയ്ക്കും വേണ്ടി അന്വേഷിക്കുന്നു. ചിന്താശക്തി ഉള്ളവൻ അവയ്ക്കു വേണ്ടി തന്നിൽതന്നെ തിരയുന്നു."

"സാന്ദ്രമായ വായുവും മധുരനാരകപ്പൂക്കളും നിറഞ്ഞ ഗ്രീസിൽപോയി നിങ്ങളുടെ വേദാന്തം പ്രസംഗിക്കൂ—അത്തരം കാര്യങ്ങൾ നമ്മുടെ അന്തരീക്ഷത്തിന്നു പൊരുത്തമാകുന്നവയല്ല. ഡയോജനസിനെപ്പററി എന്നോടു പറഞ്ഞതാരാണു്? നിങ്ങളാണോ?"

"അതേ, കഴിഞ്ഞ ദിവസം."

"ഡയോജനസിനു് ഒരു വായനമുറിയോ, സുഖവും ചൂടും ഉള്ള അറയോ വേണമായിരുന്നില്ല, അതു ചൂടുള്ളതായതുകൊണ്ടുതന്നെയായിരുന്നു. മധുരനാരങ്ങയും, ഒലീവു് പഴങ്ങളും തിന്നു് അയാൾക്കു തൻെറ വീപ്പയിൽ മയങ്ങിക്കിടക്കാമായിരുന്നു. എന്നാൽ അയാൾ ജീവിച്ചതു റഷ്യയിലായിരുന്നെങ്കിൽ, ഡിസംബർ മാസത്തിലല്ല, മേയ്മാസത്തിലായാൽതന്നെയും, ഒരു വീട്ടിലേക്കു തന്നെ മാററുന്നതിനു് മുറവിളികൂട്ടമായിരുന്നു. തണുപ്പു് അയാളെ വൈരുപ്യത്തിലാഴ്ത്തുമായിരുന്നു."

"ഒരിക്കലുമില്ല. മററു വേദനകളെപ്പോലെ തണുപ്പും അവഗണിക്കാവുന്നതാണു്. മാർക്കു് ആപ്റിലിയസ് പറഞ്ഞിട്ടുണ്ടു്, 'വേദന, വേദനയുടെ ജീവത്തായ വിശ്വാസമാണു്; മനശ്ശക്തികൊണ്ടു നിങ്ങൾക്കീ വിശ്വാസത്തെ മാററാൻ കഴിയും, അതിനെ ഉലച്ചുനോക്കൂ, പരാതികൾ തീരുത്തു, അപ്പോൾ വേദനകൾ അവസാനിക്കും' അദ്ദേഹം പറയുന്നതു ശരിയാണു്. സിദ്ധനോ, ചിന്താശക്തിയുള്ള

ആധാരമായ മനുഷ്യൻതന്നെയും കഷ്ടപ്പാടിനെ വെറുക്കുന്ന കാര്യത്തിൽ പിന്നോക്കമല്ല; എപ്പോഴും സംതൃപ്തനായിരിക്കുമ്പോൾ ഒന്നും അയാളെ ആശ്ചര്യപ്പെടുത്തുകയില്ല.''

''അപ്പോൾ ഞാനൊരു വിഡ്ഢിയായിരിക്കണം, എന്തുകൊണ്ടെന്നാൽ-ഞാൻ കഷ്ടപ്പെടുകയും എപ്പോഴും അസംതൃപ്തനായിരിക്കുകയും ചെയ്യുന്നു. കൂടാതെ മനുഷ്യന്റെ അധമതപത്തിൽ ഞാൻ അവിരാമം ആശ്ചര്യപ്പെടുകയും ചെയ്യുന്നു.''

''അവിടെ, നിങ്ങൾക്കു തെററുപററിയിരിക്കുന്നു. വസ്തുതകളുടെ മൂലകാരണങ്ങളെ തിരയുന്നതിനു നിങ്ങൾ കൂടുതൽ ശ്രമപ്പെട്ടിരുന്നെങ്കിൽ, നമ്മെ ആകുലചിത്തരാക്കുന്ന ബാഹ്യമായ സംഗതികൾ യഥാർത്ഥത്തിൽ എത്രമാത്രം നിസ്സാരമാണെന്നു് നിങ്ങൾക്കു ബോദ്ധ്യമാകുമായിരുന്നു. ജീവിതം എന്താണെന്നു മനസ്സിലാക്കാൻ നിങ്ങൾ ശ്രമിക്കണം, അതാണു് അനുഗൃഹീതമായ ഒററ വസ്തുത.''

''യുക്തിബോധം....'' ഇവാൻഡിമിററ്റിച്ച് ലേശം പതുങ്ങി പറഞ്ഞു. ''ബാഹ്യവും ആന്തരികവുമായ....ക്ഷമിക്കണം, പക്ഷേ എനിക്കിത്തരം കാര്യങ്ങൾ മനസ്സിലാകുന്നില്ല. എനിക്കാകെ അറിയാവുന്നതു്'', അയാൾ എഴുന്നേററു് സരോഷം ഡാക്ടരെ നോക്കിക്കൊണ്ടു പറഞ്ഞു: ''ദൈവം മനുഷ്യനെ ചൂടുള്ള രക്തവും വികാരങ്ങളും നല്കി സൃഷ്ടിച്ചു എന്നതാണു്. അതെ! ഇന്ദ്രിയബദ്ധമായ ജീവി, അതിനെന്തെങ്കിലും പരമമായ ശക്തിയുണ്ടെങ്കിൽ, വികാരങ്ങൾക്കനുസരണമായ മാനസികവ്യാപാരങ്ങളുള്ളതായിരിക്കണം. എന്റെ ഹൃദയം വികാരങ്ങൾക്കനുസരണം പ്രവർത്തിക്കുന്നു! ഞാൻ വേദനയിൽ കണ്ണീരൊഴുക്കുകയും, നികൃ

ഷ്ടതയിൽ അമർഷപ്പെട്ടകയും, നീചതയോട്ട വെറുപ്പുകാട്ടു കയും ചെയ്യുന്നു. എൻെറ അഭിപ്രായത്തിൽ അതാണ് ജീവിതം! ഇന്ദ്രിയബദ്ധതയുടെ സ്വാധീനശക്തി കുറഞ്ഞിരിക്കുമ്പോൾ വികാരവിധേയതപവും കുറഞ്ഞിരിക്കുകയും അമഷം ദുർബലമായിരിക്കുകയും ചെയ്യും; അതു കൂടിയിരിക്കുകയാണെങ്കിൽ, യാഥാർത്ഥ്യത്തിൻെറ പ്രത്യാഘാതം ശക്തവും സൂക്ഷ്മവേദിയുമായിരിക്കും. നിങ്ങൾക്കതറിയാൻ പാടില്ലെങ്കിൽ എങ്ങിനെയാണ്? ഒരു ഡാക്ടർ. ഇത്ര അടിസ്ഥാനപരമായ കാര്യങ്ങൾ അറിയാതിരിക്കുക! കഷ്ടപ്പെട്ടുന്നവരെ എപ്പോഴും വെറുക്കുകയും, ഒന്നിലും ആശ്ചര്യം കാണാതിരിക്കുകയും ചെയ്യുന്ന ഒരു മനുഷ്യൻ ഈ അവസ്ഥയിൽ എത്തിയിരിക്കണം". ഇവാൻ ഡിമിററ്റിച്ച് തടിയനും രോഗിയുമായ കൃഷീവലൻെറ നേരെ കൈ ചൂണ്ടിക്കൊണ്ട തുടർന്നു: "അല്ലെങ്കിൽ കഷ്ടപ്പാടുകളുടെ സാമീപ്യം കൊണ്ട മനസ്സു മുരടിച്ചു് അതിൻെറ നേരെയുള്ള വികാരവിധേയതപശക്തി നഷ്ടപ്പെട്ടിരിക്കണം. മറെറാരുവിധത്തിൽ പറഞ്ഞാൽ അയാളിൽ ജീവിതം സ്തംഭിച്ചിരിക്കണം. ക്ഷമിക്കണം", അയാൾ ക്രുദ്ധനായി തുടർന്നു. "ഞാൻ ഒരു സന്ന്യാസിയോ, തതപചിന്തകനോ അല്ല. അത്തരം കാര്യങ്ങളൊന്നും എനിയ്ക്കു മനസ്സിലാകുന്നതല്ല. ഞാൻ അതിനെപ്പററിയൊക്കെ വാദിക്കാൻ പററിയ അവസ്ഥയിലല്ല."

"പക്ഷെ, നിങ്ങൾ അതേപ്പററി വളരെ യുക്തിപൂർവ്വം വാദിക്കുന്നുണ്ട്".

"പരിഹാസകവിത ചമയ്ക്കാൻ നിങ്ങളെ പഠിപ്പിച്ച വിരക്തന്മാർ സമർത്ഥരായിരിക്കണം. എന്നാൽ കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി അവരുടെ തതപശാസ്ത്രം സ്തംഭനാവസ്ഥയിലാണ്, അതൊരിഞ്ചുപോലും നീങ്ങിയിട്ടില്ല,

അതിന്നു സാദ്ധ്യവുമല്ല. എന്തുകൊണ്ടെന്നാൽ അതു് അപ്രായോഗികവും അയഥാർത്ഥവുമായ തത്വസംഹിത യാണു്. പരസ്പരവിരുദ്ധമായ ഉപദേശങ്ങൾ പഠിക്കുകയും പ്രാദുർഭാവിക്കുകയും ചെയ്യുന്നതിന്നുവേണ്ടി ജീവിതം ചിലവ ഴിച്ചിരുന്ന ഒരു ന്യൂനപക്ഷത്തിന്റെ ഇടയിൽ അതിന്നു് സ്ഥാനമുണ്ടായിരുന്നു. എന്നാൽ ബഹുഭൂരിപക്ഷം അതു മനസ്സിലാക്കിയിരുന്നില്ല. സ്വപ്നത്തിനെപ്പററിയും സുഖത്തെ പ്പററിയും അശ്രദ്ധയും, വേദനയെയും മരണത്തെയുംപററി വെറുപ്പും പ്രസംഗിക്കുന്ന തത്വശാസ്ത്രം ഭൂരിപക്ഷത്തിന്നു തികച്ചും അസ്വീകാര്യമാണു്. എന്തുകൊണ്ടെന്നാൽ ഭൂരി പക്ഷം ഒരിക്കലും ഐശ്വര്യവും സുഖവും കണ്ടിട്ടില്ല; അവ രെസ്സംബന്ധിച്ചേടത്തോളം കഷ്ടപ്പാടുകാരെ വെറുക്കുന്നതു ജീവിതത്തെതന്നെ വെറുക്കുന്നതിന്നു സമമാണു്; എന്തു കൊണ്ടെന്നാൽ മനുഷ്യന്റെ നിലനില്പ് പൂർണ്ണമായും വിശ പ്പിനേയും തണുപ്പിനേയും മററുംപററിയുള്ള ബോധത്തിലും, ഹാംലററിനെപ്പോലെ മൃത്യുവിലുള്ള ഭീതിയിലുമാണു് നില്ക്കുന്നതു്. ജീവിതം വികാരങ്ങളാൽ രൂപപ്പെട്ടുത്തപ്പെ ട്ടിരിക്കുന്നു. ജീവിതത്തിന്റെ ഭാരം വിരസവും കഠിനവു മായിരിക്കുമ്പോഴും ഒരുത്തരും ജീവിതത്തെ വെറുക്കുന്നില്ല. അതിനാൽ ഈ വിരക്തന്മാരുടെ ഉപദേശങ്ങൾക്കു യാതൊരു നിലനില്പുമില്ലെന്നു്, ഞാൻ ആവർത്തിച്ചുപറ യുന്നു, ചരിത്രാതീതകാലം മുതൽ ഇന്നോളം പുരോഗതിക്കു ബലംവെക്കുന്ന വസ്തുതകൾ മാത്സര്യത്തിന്നുള്ള ശക്തിയും വേദനയുടെ ഹൃദയസ്പർശിത്വവും വേദനകൾക്കനുസരണ മായ പ്രത്യാഘാതവാസനാശക്തിയുമാണു്."

പൊടുന്നനെ ഇവാൻ ഡിമിററ്റിച്ചിന്റെ പ്രഭാഷ ണത്തിന്റെ ഗതി തടസ്സപ്പെട്ടു. അസ്വസ്ഥതയോടെ

ക്കറവിത്തടത്തിൽ തഴുകിക്കൊണ്ടു്, അയാൾ ഒരു ക്ഷണം മൂകനായി ഇരുന്നു.

“വളരെ പ്രധാനമായ ഒരു കാര്യം പറയാൻ ഞാനാഗ്രഹിച്ചു. പക്ഷേ അതു് എന്റെ ശ്രദ്ധയിൽനിന്നും വഴുതിപ്പോയി.” അയാൾ പറഞ്ഞു. “ഞാനെന്താണു് പറഞ്ഞുകൊണ്ടിരുന്നതു്? ഓ, അതേ! ഞാൻ പറയാനുദ്ദേശിച്ചതിതാണു്: തന്റെ ഒരയൽക്കാരനെ രക്ഷിക്കാൻവേണ്ടി ഒരു വിരക്തൻ തന്നെ സ്വയം അടിമയാക്കി വിററു. അതിൽനിന്നും ആ വിരക്തൻ ഒരു പ്രേരണയ്ക്കനുസരണമായി പ്രവത്തിച്ചു. അപ്പോൾ ഒരു വിരക്തനും ദ്വേഷാദിവികാരങ്ങളുടെനേരെ ഹൃദയം ശാന്തമായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, മറെറാരാളിനുവേണ്ടി തന്റെ വ്യക്തിത്വം നശിപ്പിക്കുന്നതുപോലെയുള്ള ഒരഭ്യാസപ്രകടനത്തിനു്, ഒരുവൻ അനുകമ്പയും ദ്വേഷവും അനുഭവപ്പെടാൻതക്ക ഹൃദയസാന്ദ്രതയുള്ളവനായിരിക്കണം. ഇവിടെ, ഈ കാരാഗൃഹത്തിൽ എനിക്കനുഭവപ്പെട്ടിരുന്ന എല്ലാം ഞാൻ മറന്നിരിക്കുന്നു, അല്ലെങ്കിൽ ഞാൻ മററുദാഹരണങ്ങൾ ഓക്കാം. നിങ്ങൾക്കിഷ്ടമുള്ളപക്ഷം ക്രിസ്തുവിനെ തന്നെ എടുക്കൂ! യാഥാത്ഥ്യത്തിനു നേരെ കണ്ണീരു തൂകാനും, പുഞ്ചിരിക്കാനും, പൊട്ടിക്കരയാനും, അമഷപ്പെടാനും, വേദനിക്കാനുമുള്ള ഹൃദയാലുത്വം ക്രിസ്തുവിലുണ്ടായിരുന്നു; വേദനപ്പെട്ടുന്നവരെ അദ്ദേഹം പുഞ്ചിരിയോടെ നേരിട്ടില്ല, അദ്ദേഹം മരണത്തെ നിന്ദിച്ചില്ല, അതിനു പകരം ഗത്തു് സിമേനിലെ ഉദ്യാനത്തിലിരുന്നു് ആ പാനപാത്രം കടന്നുപോകണമെന്നു പ്രാത്ഥിച്ചു.” ഇവാൻഡിമിററ്റിച്ച് ചിരിച്ചുകൊണ്ടു് ഇരുന്നു.

"നിങ്ങൾ പറയുന്നതു ശരിയാണെന്നുവെയ്ക്കുക. സംതൃപ്തിയും സമാധാനവും പുറത്തല്ല, മനുഷ്യൻെറ ഹൃദയത്തിൽ തന്നെയാണെങ്കിൽ," അയാൾ പറഞ്ഞു, "ഖേദമപ്പെട്ടുന്ന ഖരെ നിന്ദിക്കുകയും ഒന്നിലും ആശ്ചര്യപ്പെടാതിരിക്കുകയും ചെയ്യുന്നതു ശരിയാണെന്നുവെയ്ക്കുക. പക്ഷെ ഈ തത്വശാസ്ത്രം ഉപദേശിക്കാൻ നിങ്ങൾക്കെന്തധികാരമാണു്? നിങ്ങൾ ഒരു യതിവര്യനോ, താത്വികനോ ആണോ?"

"ആ, നിങ്ങൾ മേധാശക്തിയുടെ അധിപതിയായും ഖേദനപ്പെട്ടുന്നവരെയും മററും നിന്ദിക്കാൻ അധികാരപ്പെട്ടവനായും സ്വയം കരുതുന്നതെന്തുകൊണ്ടാണെന്നെനിക്കറിയണം. നിങ്ങൾ എപ്പോഴെങ്കിലും കഷ്ടപ്പാടുകൾ അനുഭവിച്ചിട്ടുണ്ടോ? കഷ്ടപ്പാടുകളുടെ ഒരേകദേശരൂപമെങ്കിലും നിങ്ങൾക്കുണ്ടോ? ഞാൻ ചോദിക്കുന്നതു ക്ഷമിക്കണം, കുട്ടിക്കാലത്തു നിങ്ങൾക്കു പ്രഹരങ്ങൾ കിട്ടിയിട്ടുണ്ടോ?"

"ഇല്ല. എൻെറ മാതാപിതാക്കന്മാർ ശാരീരികദണ്ഡനങ്ങളേല്പിച്ചുള്ള ശിക്ഷാവിധികളിൽ വിശ്വസിച്ചിരുന്നില്ല."

"എന്നാൽ, എൻെറ അച്ഛൻ എന്നെ നിർദ്ദയം തല്ലിയിരുന്നു. അദ്ദേഹം വലിയ അരിശക്കാരനായിരുന്നു, നീണ്ട നാസികയും മഞ്ഞക്കഴുത്തും അർശ്ശസ്സ്രോഗവുമുള്ള അദ്ദേഹം ഒരു ഗവർമ്മേണ്ടുദ്യോഗസ്ഥനായിരുന്നു. പക്ഷേ നമുക്കു നിങ്ങളെപ്പററി സംസാരിക്കാം. നിങ്ങളുടെ ജീവിതകാലം മുഴുവൻ ആരെങ്കിലും ഒരു ചെറുവിരൽകൊണ്ടെങ്കിലും നിങ്ങളെ സ്പർശിച്ചിട്ടില്ല, ആരെങ്കിലും നിങ്ങളെ ഭത്സിച്ചിട്ടില്ല, ആരും നിങ്ങളെ പീഡിപ്പിച്ചിട്ടില്ല, നിങ്ങൾ ഒരു കുതിരയെപോലെ ശക്തനുമാണു്. നിങ്ങൾ പിതാവിൻെറ

ചിറകിനടിയിൽ സുരക്ഷിതനായി വളന്നു, അദ്ദേഹത്തിൻെറ സമ്പാദ്യംകൊണ്ടു വിദ്യാഭ്യാസംനേടി, അദ്ധ്വാനമില്ലാതെ കൂലിലഭിക്കുന്ന ഒരു നിലയും ഉറപ്പിച്ചു. ഇരുപതു വർഷമായി, സുഖപ്രദവും ധാരാളം വെളിച്ചം ലഭിക്കുന്നതുമായ ഒരു ഭവനം വാടകയില്ലാതെ നിങ്ങൾ ഉപയോഗിക്കുന്നു; നിങ്ങൾക്കൊരു പരിചാരികയും തോന്നുമ്പോൾ മാത്രം ജോലിചെയ്താൽമതി എന്ന സ്വാതന്ത്ര്യവും ഉണ്ടു്, അല്ലെങ്കിൽ തീരെ ജോലിചെയ്യേണ്ടതുതന്നെ ഇല്ല. നിങ്ങൾ സ്വാഭാവികമായി അലസനും സഹനശീലമുള്ളവനുമാണു്, അതിനാൽ എല്ലാ ബദ്ധപ്പാടുകളും, അനാവശ്യമായ പ്രവൃത്തികളും ഒഴിവാക്കാൻ കഴിയുന്നവിധം നിങ്ങളുടെ ജീവിതത്തെ സംഘടിപ്പിക്കാൻ നിങ്ങൾ ശ്രമിച്ചു. നിങ്ങളുടെ ചുമതലകളെ അസിസ്റ്റൻറന്മാരുടെയും മററു കള്ളന്മാരുടേയും ചുമലിൽ തള്ളിയിട്ടു്, നിങ്ങൾ സമാധാനവും സുഖവും അനുഭവിച്ചുകൊണ്ടു്, സമ്പാദ്യം വർദ്ധിപ്പിക്കുകയും ഗ്രന്ഥപാരായണത്തിൽ മുഴുകുകയും പ്രൗഢമായ അർത്ഥശൂന്യതകൾകൊണ്ടു് ഹൃദയത്തെ നിറയ്ക്കുകയും" ഡാക്ടരുടെ ചുവന്ന നാസികയിലേക്കു് ഇവാൻഡിമിത്രി ഒന്നു നോക്കി, "കുടിച്ചു രസിച്ചു കഴിയുകയും ചെയ്യുന്നു. ഒററ വാക്കിൽ പറഞ്ഞാൽ നിങ്ങൾ ജീവിതത്തിൻെറ ഒന്നും കണ്ടിട്ടില്ല, നിങ്ങൾക്കൊന്നിനെപ്പററിയും വിവരമില്ല. യാഥാർത്ഥ്യത്തെപ്പററി നിങ്ങൾക്കു സിദ്ധാന്തപരമായ അറിവു മാത്രമേ ഉള്ളു. നിങ്ങൾ കഷ്ടപ്പെടുന്നവരെ വെറുക്കുകയും, വളരെ ലഘുവായ ഒരു കാരണത്താൽ, ഒന്നും നിങ്ങളെ ആശ്ചര്യപ്പെടുത്താതിരിക്കുകയും ചെയ്യുന്നു; ജീവിതത്തിൻെറ ബാഹ്യവും ആന്തരികവുമായ വശങ്ങളെപ്പററി നിങ്ങൾക്കു പുച്ഛമാണു്. കഷ്ടപ്പാടും മരണവും, ഗ്രഹണശക്തിയും, യഥാർത്ഥമായ അനുഗ്രഹവും എല്ലാം,

ഈ തത്വശാസ്ത്രങ്ങളെല്ലാം മററാരെക്കാളും റഷ്യൻ അലസന്മാർക്കാണ് കൂടുതൽ യോജിക്കുന്നതു്. ഉദാഹരണത്തിനു്, ഒരു കർഷകൻ തൻെറ പത്നിയെ മർദ്ദിക്കുന്നതു നിങ്ങൾ കാണുന്നു. എന്തിന്നിടപെടണം? അവൻ അവളെ തല്ലട്ടെ, അവർ ഇന്നല്ലെങ്കിൽ നാളെ മണ്ണടിയും; കൂടാതെ ആ മൃഗീയത അവനെയാണധഃപതിപ്പിക്കുന്നതു്; അവൻെറ മർദ്ദനത്തിനിരയാകുന്നവളെയല്ല. മദ്യപാനം തീർച്ചയായും മൂഢതയും തെററുമാണ്, എന്നാൽ മദ്യപിക്കുന്നവരും അല്ലാത്തവരും ഒന്നുപോലെ മണ്ണടിയും. ഒരു സ്ത്രീ പല്ലുവേദനകൊണ്ടു നിങ്ങളുടെ അടുത്തുവരുന്നു....ശരി, അതിനെന്തു്? വേദന, നമുക്കതിനെപ്പററിയുള്ള ഒരു ധാരണ മാത്രമാണ്, കൂടാതെ ഒരിക്കലും വേദന അനുഭവിക്കാതെ ജീവിക്കാനും സാദ്ധ്യമല്ല, നാമെല്ലാം മരിക്കും; അതുകൊണ്ടു നിൻെറ വഴിക്കു പോകൂ, പോയി തുലയൂ, ഞാൻ ശാന്തനായി കുടിക്കുകയും വായിക്കുകയും ചെയ്യട്ടെ. ഒരു ചെറുപ്പക്കാരൻ നിങ്ങളുടെ അടുത്തേക്കു വരുന്നു, അയാൾ എന്താണു ചെയ്യേണ്ടതെന്നും, എങ്ങിനെ ജീവിക്കണമെന്നുമറിയാനാണ്; മറെറാരാൾ മറുപടി പറയുന്നതിനു മുൻപു ലേശം ആലോചിക്കാൻ മിനക്കെടും; പക്ഷെ നിങ്ങൾക്കുത്തരം തയ്യാറുണ്ടു്: മേധാശക്തി നേടാൻ ശ്രമിക്കൂ, അല്ലെങ്കിൽ നിങ്ങൾ പറയുന്നതു പോലെ യഥാൎത്ഥമായ അനുഗ്രഹീതത്വത്തിനുവേണ്ടി യത്നിക്കൂ. എന്നാൽ ഈ വിശുദ്ധമായ 'യഥാൎത്ഥ അനുഗ്രഹീതത്വം' എന്താണ്? തീർച്ചയായും അതിനുത്തരമില്ല. ഇവിടെ ഞങ്ങൾ ഇരുമ്പഴികൾക്കു പിറകിൽ അടച്ചിടപ്പെട്ടിരിക്കുന്നു, പക്ഷെ ഇതെല്ലാംതന്നെ ന്യായാനുസൃതവും ഭാസുരവുമാണ്. എന്തുകൊണ്ടെന്നാൽ ഈ വാർഡും സുഖകരമായ ഒരു വായനമുറിയും തമ്മിൽ വ്യത്യാസമില്ല. തീർച്ചയായും അതു സൗകര്യപ്രദമായ ഒരു തത്വശാസ്ത്രംതന്നെ!

അതേപ്പററി ഒന്നും ചെയ്യാനില്ല, നിങ്ങളുടെ ചേതന അത്ര വ്യക്തമാണു്, നിങ്ങൾ ഒരു യഥാത്ഥ ജ്ഞാനിയാണെന്നു കരുതുകയും ചെയ്യുന്നു....അല്ല, അതല്ല യഥാത്ഥമായ തത്വശാസ്ത്രം, അതു വ്യക്തമായ ചിന്തയല്ല, അതു വിശാലവീക്ഷണമല്ല, അതു വെറും അലസതയും ദൈവനിശ്ചയസിദ്ധാന്തവാദവും, മാനസികമായ ഒരാലങ്കാരികസംജ്ഞയുമാണു്....അതേ, തീച്ചയായും അതാണു്!'' ഇവാൻഡിമിററ്റിച്ചു് ഉദ്ധതമായ ആവേശത്തോടെ പറഞ്ഞു: "നിങ്ങൾ ക്ലേശപ്പെടുന്നവരെ വെറുക്കുന്നു; പക്ഷെ നിങ്ങളുടെ ചെറുവിരൽ കതകിനിടയിൽ പെട്ടു ഞെരിയാനിടയായാൽ, നിങ്ങൾ തൊണ്ട പൊട്ടുന്ന ഉച്ചത്തിൽ നിലവിളിക്കും!''

"ഞാൻ അങ്ങിനെ ചെയ്യപോരയക്കാം!'' അൻഡ്രേയിഫിമിച്ചു് മൃദുഹാസത്തോടെ പറഞ്ഞു.

"നിങ്ങൾ നേരമ്പോക്കായി കരുതണ്ട! നിങ്ങൾ പെട്ടെന്നു തളർവാതത്താലോ, വല്ല വിഡ്ഢിയാലോ അവിവേകിയാലോ, വീഴ്ത്തപ്പെട്ടന്നു എന്നിരിക്കട്ടെ. പദവിയും നിലയുമുള്ള ഒരുവനാണു് നിങ്ങളെ പരസ്യമായി അധിക്ഷേപിക്കാൻ തുനിയുന്നതെങ്കിൽ അവൻ ശിക്ഷയിൽനിന്നും രക്ഷപ്പെട്ടും. അപ്പോൾ വിവേകത്തേയും ക്ഷമയേയും, യഥാത്ഥമായ അനുഗ്രഹീതത്വത്തേയുംപററി ആളുകളോടുപദേശിക്കാൻ നടക്കുന്നതിൻെറ പൊള്ളത്തരം നിങ്ങൾക്കു ബോദ്ധ്യമാകും.''

"ഇതു വളരെ അപൂർവ്വമായിരിക്കുന്നു''. സന്തുഷ്ടമായ ഒരു പുഞ്ചിരിയോടെ അൻഡ്രേയിഫിമിച്ചു്, തൻെറ കൈകൾ കൂട്ടിത്തിരുമികൊണ്ടു പറഞ്ഞു: "നിങ്ങളുടെ സാമാന്യധമ്മകഥനത്തെ ഞാൻ വിസ്മയത്തോടെ കാണുന്നു,

നിങ്ങൾ എന്റെ സ്വഭാവത്തെപ്പററി വിശദീകരിക്കുന്നതു ഭംഗിയായിട്ടുണ്ടു്! നിങ്ങളോടു സംസാരിക്കുന്നതു് ഒരുവനു് ആനന്ദപ്രദമായിരിക്കുമെന്നു ഞാൻ ഉറപ്പുപറയുന്നു. ശരി, നിങ്ങൾ പറഞ്ഞതു ഞാൻ കേട്ടു, ഇനി ഞാൻ പറയുന്നതു കൂടി ദയവായി കേൾക്കുക..............”

## പതിനൊന്നു്

ഒരു മണിക്കൂറോളം അവർ സംഭാഷണത്തിൽ മുഴുകിയിരുന്നു, ആ സംഭാഷണം അൻഡ്രേയിയിഫിമിച്ചിൽ ഗാഢമായ ഒരഭിപ്രായം രൂപപ്പെടുത്തിയിരിക്കണം. അദ്ദേഹം ഇപ്പോൾ ദിവസവും ഉപഗ്രഹം സന്ദർശിച്ചിരുന്നു. രാവിലെയും ഉച്ചയ്ക്കുശേഷവും അദ്ദേഹം അവിടെ പോവുക പതിവാക്കി; അദ്ദേഹം ഇവാൻ ഡിമീററ്റിച്ചിയോടു സംസാരിച്ചുകൊണ്ടിരുന്നാൽ ചിലപ്പോൾ അന്തിമയങ്ങുക തന്നെയും ചെയ്യും. ആദ്യമൊക്കെ അദ്ദേഹത്തിനു് ഉദ്ദേശപരമല്ലാത്ത ലക്ഷ്യങ്ങളുള്ളതായി കരുതി ഇവാൻഡിമിററ്റിച്ച് അകൽച്ച പാലിച്ചിരുന്നു; തൻെറ വെറുപ്പ് അയാൾ വ്യക്തമായി പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ക്രമേണ അയാൾ തൻെറ പരുഷസ്വരം വ്യത്യാസപ്പെടുത്തുകയും അനുകൂലമായ ഒരു വ്യാജസ്തുതിയായി മാററുകയും ചെയ്തു.

ഡാക്ടർ അൻഡ്രേയിയിഫിമിച്ച് പതിവായി ആറാം നമ്പർ വാർഡു സന്ദർശിക്കുന്നതായ വാർത്ത ഖളരെവേഗം ആശുപത്രിയിൽ ചർച്ചാവിഷയമായി. അസിസ്റ്റൻറിയോ, നഴ്സുകൾക്കോ, ഭിഷഗ്വരിതാക്കോ അദ്ദേഹം അവിടെ പോകുന്നതിൻെറ കാരണം വ്യക്തമായില്ല; അദ്ദേഹം എന്തിയാ

ണവിടെ മണിക്കൂറുകളോളം തങ്ങുന്നതെന്നും അദ്ദേഹത്തി നവിടെ സംഭാഷണവിഷയമായി കിട്ടുന്നതെന്താണെന്നും അജ്ഞേയമായിരുന്നു. അദ്ദേഹത്തിൻെറ പെരുമാററം ആശ്ച ര്യകരമായിത്തോന്നി. അദ്ദേഹം ചിലപ്പോൾ മൈക്കേൽ അവറിയാനിച്ചിനോടൊപ്പം പുറത്തു സഞ്ചരിച്ചിരുന്നു, അതിൽനിന്നും എന്തെങ്കിലും മനസ്സിലാക്കാൻ ഡരിയാ ശക്ത യായിരുന്നില്ല. ചിലപ്പോൾ ഡാക്ടർ തൻെറ പതിവുള്ള ബീയർ കഴിക്കുന്നതിൽ മാത്രം ക്രമം തെററിക്കുകയും പല പ്പോഴും ആഹാരത്തിനുതന്നെയും കൃത്യമായി എത്താതിരിക്കു കയും ചെയ്തിരുന്നു.

ജൂൺമാസാവസാനത്തിൽ ഒരു ദിവസം ഡാക്ടർ ഖൊ ബോട്ടോവ് എന്തോ കാര്യമായി അൻഡേരിയിഫിമിച്ചിനെ കാണാൻ പോയി; താമസസ്ഥലത്തു കാണാഞ്ഞതിനാൽ അദ്ദേഹത്തെ അയാൾ പുറത്തും തിരഞ്ഞു; അപ്പോൾ ഡാക്ടർ മാനസികരോഗികളുടെ വാർഡിലാണെന്നയാൾക്കു വിവരം കിട്ടി. ഉപഗൃഹത്തിലേക്കു തിരിച്ച ഡാക്ടർ ഖൊബോട്ടോവ് ഇടനാഴികയിൽനിന്നു് താഴെ കാണുന്ന സംഭാഷണം ശ്രവിച്ചു:

“നാം ഒരിക്കലും യോജിക്കയില്ല, ഒരിക്കലും നിങ്ങൾ ക്കെന്നെ നിങ്ങളുടെ വിശ്വാസങ്ങളംഗീകരിക്കുന്നവനാ ക്കാനും സാദ്ധ്യമല്ല” ഇവാൻ ഡിമിററ്റിച്ച് അസംതൃപ്ത നായി പറഞ്ഞു. “നിങ്ങൾക്കു യാഥാർത്ഥ്യങ്ങളെപ്പററി യാതൊരു വിവരവും ഇല്ല. നിങ്ങൾ ഒരിക്കലും കഷ്ടപ്പെ ട്ടിട്ടില്ല. നിങ്ങൾ മററുള്ളവരുടെ വേദനകളിൽ ഒരു നീരട്ട യെപോലെ പുലരുകയായിരുന്നു. എന്നാൽ ഞാൻ ജനി ച്ചന്നു മുതൽ കഷ്ടപ്പാടല്ലാതെ മറെറാന്നും അനുഭവിച്ചിട്ടില്ല. അതിനാൽ ഞാൻ നിങ്ങളോടു തുറന്നുപറയട്ടെ: ഞാൻ

നിങ്ങളുടെ മേലാവാണെന്നും, എന്തിലും നിങ്ങളേക്കാൾ മെച്ചമാണെന്നും ഞാൻ കരുതുന്നു. എന്നെ പഠിപ്പിക്കാൻ നിങ്ങൾക്കു യാതൊരു യോഗ്യതയുമില്ല.''

''നിങ്ങളെ പരിവർത്തനപ്പെടുത്താൻ എനിക്കു തീരെ മോഹമില്ല.'' തൊററിദ്ധരിക്കപ്പെട്ടുന്നതിൽ വേദന അനുഭവിക്കുന്നതുപോലെയുള്ള സ്വരത്തിൽ അൻഡ്രേയിഫിമിച്ച് പറഞ്ഞു: ''ഞാൻ പറയുന്നതിൻെറ കാര്യം അതല്ല, സ്നേഹിതാ. ഞാൻ കഷ്ടപ്പാടുകൾ അനുഭവിച്ചിട്ടില്ലെന്നതും, നിങ്ങൾക്കതേ അനുഭവമായുള്ളു എന്നതുമല്ല ചിന്താവിഷയം. വേദനയും സന്തോഷവും മാറിമാറിവരുന്നവയാണ്; നാം അതിനെ അവഗണിക്കണം, അതല്ല കാര്യമായുള്ളത്. നിങ്ങൾക്കും എനിക്കും ചിന്തിക്കാൻ കഴിയുമെന്നതാണ് കാര്യം; ചിന്തിക്കാനും ചച്ചചെയ്യാനും കഴിവുള്ളവരെ നാം പരസ്പരം കാണുന്നു; ഇതു നമ്മുടെ വീക്ഷണഗതികൾ എത്ര മാത്രം വൈരുദ്ധ്യങ്ങൾ നിറഞ്ഞതായാലും പരസ്പരം സഹാനുഭൂതി ഉളവാക്കുന്നു. സ്നേഹിതാ, സാവ്വത്രികമായ ഉന്മാദത്തേയും, സാമാന്യതത്വത്തേയും മൂഢത്വത്തേയുംപററി ഞാനെത്രമാത്രം പീഡിതനാണെന്നും, നിങ്ങളോടു സംസാരിക്കുമ്പോൾ ഞാനെത്രമാത്രം സന്തോഷവാനാണെന്നും നിങ്ങളറിഞ്ഞിരുന്നെങ്കിൽ! നിങ്ങൾ വിവേകമുള്ളവനാണ്, അതിനാൽ നിങ്ങളുടെ സാമീപ്യം എന്നെ ആനന്ദിപ്പിക്കുന്നു.''

ഖൊബോട്ടോവ്, വാതിൽ ലേശം തുറന്നു, അകത്തേക്കു നോക്കി ഇവാൻഡിമിററ്റിച്ച് തൻെറ നിശാവേളയിലുപയോഗിക്കുന്ന തൊപ്പി ചൂടി കട്ടിലിൽ ഇരുന്നിരുന്നു, സമീപംതന്നെ ഡാക്ടരും. ആ ഭ്രാന്തൻ തൻെറ മേൽക്കുപ്പായം കൂടക്കൂടെ ഇറുകെ ചുററിക്കൊണ്ടിരുന്നു. ചേഷ്ട

കൾ കാട്ടിയിരുന്നു, എന്നാൽ, ഡാക്ടർ നിശ്ചലനായി ശിരസ്സു നമിച്ചിരുന്നിരുന്നു; അദ്ദേഹത്തിൻെറ വദനം വിളറിയും ശോകാത്മകഭാവമണിഞ്ഞു നിരാശ്രയബോധം തെളിഞ്ഞും കാണപ്പെട്ടിരുന്നു. ഖൊബോട്ടോവ് ചുമല്ല് ചലിപ്പിച്ചു കൊണ്ടു നികിതായെ നോക്കി പുഞ്ചിരിച്ചു. നികിതായും ഒന്നു ചുമല്ല് ചലിപ്പിച്ചു

അടുത്ത ദിവസം ഖൊബോട്ടോവ് മെഡിക്കൽ അസിസ്റ്റൻറിനെക്കൂടി വിളിച്ചുകൊണ്ടുവന്നു. അവർ രണ്ടുപേരും സംഭാഷണം ശ്രവിച്ചുകൊണ്ട് ഇടനാഴിയിൽ നിന്നു.

''നമ്മുടെ കിഴവനു ഭ്രാന്തുപിടിച്ചു മട്ടുണ്ട്!'' അവർ ഉപഗ്രഹത്തിൽനിന്നും പുറത്തേക്കുപോകുമ്പോൾ ഖൊബൊട്ടോവ് പറഞ്ഞു.

''പാപികളായ നമ്മോട് ദൈവം പൊറുക്കട്ടെ'' ഭക്തയായ സെർഗേയ്സെർഗിച്ച് തൻെറ ഭംഗിയായി പോളിഷ്ചെയ്ത ഷൂസിൽ മുററത്തെ ചെളിയും അഴുക്കും പററാതിരിക്കാനുള്ള കരുതലോടെ നടക്കുന്നതിനിടയിൽ പറഞ്ഞു. ''സത്യം പറഞ്ഞാൽ, പ്രിയപ്പെട്ട യവ്ഗനി ഫെഡറോവിച്ച്, ഞാൻ ഇതു് ഏറെ നാളുകളായി പ്രതീക്ഷിക്കുകയായിരുന്നു!''

## പന്ത്രണ്ട്

തൻെറ സഹപ്രവത്തകർ വാർഡിൽ വന്നിട്ടുപോയ ശേഷം തന്നെച്ചുററി ഒരു നിഗൂഢാത്മകത്വം രൂപപ്പെട്ടുന്നതു അൻഡേരിയിഹിമിച്ചിന് ബോദ്ധ്യമായിരുന്നു. ആശുപത്രിയിലെ അസിസ്റ്റാൻറന്മാരും, നഴ്സുകളും, രോഗികളും എന്തോ ആരായുന്നതുപോലെ അദ്ദേഹത്തെ നോക്കുകയും, അദ്ദേഹം കടന്നുപോകുമ്പോൾ ഓരോന്നു മന്ത്രിക്കുകയും ചെയ്തിരുന്നു ഉദ്യാനത്തിൽവെച്ച് അദ്ദേഹം കാണാറുള്ള സൂപ്രണ്ടിൻെറ പുത്രിയായ മാഷാ, അവളുടെ മുടിനിൽ തഴുകി ലാളിക്കുന്നതിനായി അദ്ദേഹം അടുത്തെത്തുമ്പോൾ, ഓടിപ്പോയ്ക്കുളയും. അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, മൈക്കേൽ അവറിയാഹിച്ച്, കൂടക്കൂടെ, "വളരെ ശരിയാണു്" എന്നരുവിടാറുള്ള പതിവും നിലച്ചു. എന്നാൽ അവാച്യമായ ഒരു സംശയബുദ്ധിയോടെ, "അതേ, അതെ" എന്നുമാത്രം പറയുകയും വേദനാഭരിതവും ചിന്താക്ലാന്തവുമായ മിഴികളോടെ അദ്ദേഹത്തെ നോക്കി ഇരിക്കുകയും ചെയ്തിരുന്നു. എന്തുകൊണ്ടോ, ബീയറും ബ്രോഡ്കയും ഉപയോഗിക്കുന്നതു നിറുത്തണമെന്നു് അയാൾ തൻെറ സ്നേഹിതനോടു പറഞ്ഞുകൊണ്ടിരുന്നു. വളച്ചുകെട്ടിയാണെങ്കിലും, വളരെ നല്ലവനും, തൻെറ ബററാലിയൻ കമാൻഡറായിരുന്നയാളും, വൈദ്യവിഭാഗത്തിൻെറ

പുരോഹിതന്മായിരുന്ന മറെറ്റാരു നല്ല മനുഷ്യനും, മദ്യപാന ത്താൽ രോഗഗ്രസ്തരായതും, അതുപേക്ഷിച്ചപ്പോൾ രോഗവി മുക്തരായതും ചില സൂചനകൾ നൽകാനുള്ള ഉദ്ദേശ ത്തോടെ അയാൾ പറഞ്ഞിരുന്നു. ഒന്നോ രണ്ടോ പ്രാവശ്യം അദ്ദേഹത്തിൻെറ സഹപ്രവത്തകനായ ഖൊബോട്ടോവും ഡാക്ടരെ സന്ദർശിക്കുകയും മദ്യം വർജ്ജിക്കണമെന്നുപദേ ശിക്കുകയും, പ്രത്യേക കാരണമൊന്നും വ്യക്തമാക്കാതെ തന്നെ, അദ്ദേഹം പൊട്ടാസ്യം ബ്രോമെയ്ഡ് ഉപയോഗി ക്കണമെന്നു പറയുകയുംചെയ്തു.

ആഗസ്റ്റ്മാസത്തിൽ, സുപ്രധാനമായ ചില കാര്യങ്ങ ളെപ്പററി സംസാരിക്കുന്നതിനുവേണ്ടി തന്നെ സന്ദർശിക്കാ നാവശ്യപ്പെടുന്ന ഒരു കത്ത് മേയററിൽനിന്നും അൻഡേരിയി ഫിമിച്ചിനു കിട്ടി. ടൗൺഹാളിലെത്തിയപ്പോൾ മിലിററി ചീഫ്, ഡിസ്ട്രിക്ട് സ്കൂൾ ഇൻസ്പെക്ടർ, ഒരു കൗൺസിൽ മെമ്പർ, ഖൊബോട്ടോവ്, പിന്നെ ഒരു തടിച്ച മനുഷ്യൻ— ഇത്രയും പേർകൂടി അവിടെ കൂടിയിരിക്കുന്നതാണ് അൻ ഡേരിയിഫിമിച്ച് കണ്ടതു്. അൻഡേരിയിഫിമിച്ചുമായി പരിചയപ്പെടുത്തപ്പെട്ട തടിച്ച മനുഷ്യൻ ഒരു ഡാക്ടരാ ണെന്നു പറയപ്പെട്ടിരുന്നു. മുപ്പതു വെർസ്റ്റ് അകലെ കുതിര കളെ വളർത്തുന്ന ഒരു പാടത്തിൻെറ ഉടമസ്ഥനും, വിഷമം പിടിച്ച ഒരു പോളിഷ്നാമവുമുള്ള ആയാൾ പട്ടണത്തിൽ കൂടി കടന്നുപോവുക മാത്രമായിരുന്നു.

"നിങ്ങളുമായി ബന്ധമുള്ള ഒരു അപേക്ഷ ഞങ്ങളുടെ പക്കൽ വന്നിട്ടുണ്ട്." ഉപചാരപ്രകടനങ്ങൾക്കുശേഷം മേശയുടെ ചുററുമായി എല്ലാവരും ആസനസ്ഥരായിക്കഴി ഞ്ഞപ്പോൾ കൗൺസിൽ മെമ്പർ പറഞ്ഞു. "പ്രധാന

കെട്ടിടത്തിൽ ഡിസ്പൻസറിയ്ക്കാവശ്യമായ സ്ഥലമില്ലെന്നും അതിനാൽ അതു് ഒരുപഗ്രഹത്തിലേക്കു മാറേറണ്ടതാണെന്നും യവ്ഗനി ഫെഡറോവിച്ച് പറയുന്നു. യഥാർത്ഥത്തിൽ ആ വ്യതിയാനമല്ല, അങ്ങിനെയാണെങ്കിൽ ഉപഗ്രഹം കേടുപാടുകൾ തീർക്കേണ്ടിവരുന്നു എന്നതാണ്, ഞങ്ങളെ വിഷമിപ്പിക്കുന്നതു്."

"അതെ, അററകുററപ്പണികൾ ഒഴിച്ചുകൂടാനാവാത്ത നിലയിലാണു്." ഒരു നിമിഷം ചിന്തിച്ചിട്ടു്, അൻഡ്രേരിയിഫിമിച്ച് പറഞ്ഞു: "ഉദാഹരണമായി ഒരു കോണിലുള്ള ഉപശാലയുടെ അററകുററപ്പണികൾ തീർക്കുന്നതിനാണെങ്കിൽ, ഒരഞ്ഞൂറു റൂബിൾ വേണ്ടിവരും. നിഷ്പ്രയോജനമായ ഒരു ചിലവു്................"

എല്ലാവരും കുറച്ചു നേരത്തേക്കു മൂകരായിരുന്നു.

"ഇന്നത്തെ നിലയിൽ നമ്മുടെ പട്ടണത്തിൻെറ കഴിവിനപ്പുറമുള്ള ഒരു ഭൂഷണമാണ് നമ്മുടെ ആശുപത്രിയെന്നു പത്തു വഷം മുൻപുതന്നെ ഞാൻ പറഞ്ഞു". അൻഡ്രേരിയിഫിമിച്ച് ശാന്തമായി തുടന്നു: "അതു് 1840 നിടക്കു നിർമ്മിച്ചതാണു്, അന്നത്തെ സ്ഥിതികൾ വ്യത്യസ്തമായിരുന്നു. ആവശ്യമില്ലാത്ത കെട്ടിടങ്ങൾക്കും, വ്യത്ഥമായ കാര്യങ്ങൾക്കുംവേണ്ടി സിററി കൗൺസിൽ വളരെയേറെ ധനം വിനിയോഗിക്കുന്നുണ്ട്. വ്യത്യസ്തമായ നിലയിൽ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നെങ്കിൽ നമുക്കു് അതേ തുകകൊണ്ടു മാതൃകാപരമായ രണ്ടു് ആശുപത്രികളുണ്ടാകുമായിരുന്നു."

"ശരി, അപ്പോൾ നമുക്കു വ്യത്യസ്തമായ രീതിയിൽ കാര്യങ്ങൾ നയിക്കാം." കൗൺസിൽ മെമ്പർ ഔത്സുക്യത്തോടെ പറഞ്ഞു.

"ഞാൻ എന്റെ എളിയ അഭിപ്രായം അറിയിക്കുന്നു: വൈദ്യസഹായ സംഘടനയുടെ ചുമതല സെംസ്റ്റ്വോ ഏറ്റെടുക്കട്ടെ."

"നന്നായി, നമ്മുടെ നേട്ടങ്ങളും മുതലും സെംസ്റ്റ്വോയെ ഏല്പിച്ചിട്ട്, അതിന്റെ കൊള്ളയ്ക്കനുവാദം നല്ലാം". ചന്തമുള്ള മുടിയുള്ള ഡാക്ടർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചിട്ട ചിരിച്ചു.

"സംശയമില്ല, സംശയമില്ല." കൗൺസിൽ മെമ്പറും അതേവിധം ചിരിച്ചുകൊണ്ട പറഞ്ഞു

ഉത്സാഹഭരിതവും അസുഖകരവുമായ ഒരു ഭാവത്തോടെ ചന്തമുള്ള മുടിയുള്ള ഡാക്ടരെ നോക്കിക്കൊണ്ട് അൻഡ്രേരീയിഫിമിച്ച് പറഞ്ഞു:

"നാം ന്യായയുക്തമായി പ്രവൎത്തിക്കണം."

വീണ്ടും മൂകത പരന്നു. ചായ വിളമ്പപ്പെട്ടു. എന്തു കാരണത്താലോ ഗാഢമായ ആകുലത്വത്തിനു വിധേയനായ മിലിറററി ആഫീസർ അൻഡ്രേരിയിഫിമിച്ചിന്റെ കരം സ്പർശിക്കാനായി മേശയിൽക്കൂടി തന്റെ കൈ നീട്ടി.

"ഡാക്ടർ, നിങ്ങൾ ഞങ്ങളെ ആകെ മറന്നെന്നു തോന്നുന്നു." അയാൾ പറഞ്ഞു. "പക്ഷേ നീങ്ങൾ തികഞ്ഞ, ലൌകീകവിരക്തനാണെന്നെനിക്കറിയാം; നിങ്ങൾ ചീട്ടു കളിക്കാത്തവനും, സ്ത്രീകളിൽ വിരക്തനുമാണ്. ഞങ്ങളുടെ സാമീപ്യം നിങ്ങൾക്കു വിരസത തോന്നിക്കുന്നതാണ്."

പട്ടണത്തിലെ ഭേദപ്പെട്ട ഓരോ പുരുഷനും എത്ര മാത്രം വിരക്തനാണെന്ന് ഓരോരുത്തരും പറയാൻ

തുടങ്ങി. തിയേററുകളില്ല, . സംഗീതമില്ല. കഴിഞ്ഞ തവണ ക്ലബ്ബിൽ ഏർപ്പെടുത്തപ്പെട്ട ബാളിനു് ഇരുപതു സ്ത്രീകൾ വന്നിരുന്നെങ്കിലും രണ്ടു പേർക്കു മാത്രമേ ഒപ്പം നൃത്തംചെയ്യാൻ ആളുണ്ടായിരുന്നുള്ളു. ചെറുപ്പക്കാർ ലഘു ഭക്ഷണശാലയിൽ ചുററിക്കൂടുന്നതിനോ ചീട്ടുകളിക്കുന്നതിനോ ആണു് കൗതുകംകാട്ടുന്നതു്. ആരുടെയും മുഖത്തു നോക്കാതെ പൗരജനങ്ങൾ, തങ്ങളുടെ മനസ്സും ശരീരവും ചീട്ടുകളിയിലും വെടിപ്പറച്ചിലിലും ആമഗ്നമാക്കി, വിജ്ഞാനപ്രദമായ വായനശാലയിലോ സംഭാഷണത്തിലോ ഏർപ്പെട്ടു മാനസികമായ വളർച്ചയും ആനന്ദവും നേടാൻ തുനിയാതെ, തങ്ങളുടെ ശക്തി വ്യർത്ഥമായി ചിലവിടുന്നതെത്രമാത്രം പരിതാപകരമാണെന്നു അൻഡ്രേയിയിഫിമിച്ചു് പറഞ്ഞു. ഹൃദയം മാത്രമാണു് സാരവത്തും പരിഗണനാർഹവുമായുള്ളതു്, മറെറല്ലാം അർത്ഥശൂന്യവും നിസ്സാരവുമാണു്. തൻെറ സഹപ്രവർത്തകൻെറ പ്രഭാഷണം ഖൊബോട്ടോവു് ശ്രദ്ധാപൂർവ്വം ശ്രവിച്ചുകൊണ്ടിരുന്നിട്ടു് പെട്ടെന്നു ചോദിച്ചു:

"അൻഡ്രേയിയിഫിമിച്ചു്, ഇന്നു തീയതി എത്രയാണു്?"

മറുപടി കിട്ടിക്കഴിഞ്ഞപ്പോൾ അയാളും, സുന്ദരമായ മുടിയുള്ള ഡാക്ടരും ചോദ്യങ്ങൾ തുടങ്ങി; ആഴ്ചയിലെ ഏതു ദിവസമാണതെന്നും, ഒരു വർഷത്തിൽ എത്ര ദിവസങ്ങളുണ്ടെന്നും, ആറാം നമ്പർ വാർഡിൽ അത്ഭുതകരമായ ഒരു പ്രവാചകനുണ്ടെന്നതു വാസ്തവമാണോ എന്നുമായിരുന്നു ചോദ്യങ്ങൾ. തങ്ങളുടെതന്നെ യോഗ്യതക്കുറവു സ്ഫുരിക്കുന്ന പരിക്ഷകന്മാരുടെ സ്വരമായിരുന്നു അവരുടേതു്.

അവസാനത്തെ ചോദ്യത്തോടെ ലേശം വിളറിയ അൻഡ്രേയിയിഫിമിച്ചു് പറഞ്ഞു:

"അതെ. അയാൾ ഒരു രോഗിയാണ്. എങ്കിലും തികച്ചും ശ്രദ്ധേയനാണ്".

അതിന്നുശേഷം ഒററ ചോദ്യവും ചോദിക്കപ്പെട്ടില്ല.

ഹാളിൽനിന്നു്, അദ്ദേഹം കോട്ടെടുത്തു ധരിക്കുമ്പോൾ മിലിററി ആഫീസ്സർ ഡാക്ടർ അൻഡേരിയിഫിമിച്ചിൻെറ ചുമലിൽ തട്ടിക്കൊണ്ടു, നെടുവീർപ്പോടെ പറഞ്ഞു:

"പഴഞ്ചന്മാരായ ഞാം ചിന്തിക്കേണ്ട കാലമായിരിക്കുന്നു."

ടൗൺഹാൾ വിട്ടപ്പോൾ തൻെറ മാനസികനില പരിശോധിക്കാൻ നിയുക്തമായ ഒരു കമ്മീഷൻെറ മുൻപിൽ ഹാജരാകാൻ താൻ ആവശ്യപ്പെട്ടിരിക്കുന്നതായി അൻഡേരിയിഫിമിച്ച് അറിഞ്ഞു. തൻെറ നേർക്കുവന്ന ചോദ്യങ്ങൾ ഓർത്ത് അദ്ദേഹത്തിൻെറ മുഖം തുടുത്തു ചുവന്നു, ജീവിതത്തിലാദ്യമായി അദ്ദേഹത്തിന്നു വൈദ്യശാസ്ത്രത്തോടു സഹതാപം തോന്നി.

"ഈശ്വരാ!" ഡാക്ടരന്മാർ തന്നെ പരിശോധിച്ചവിധം ഓർത്തു് അദ്ദേഹം ചിന്തിച്ചു: "അവർ വളരെ അടുത്തകാലത്താണ് മാനസികരോഗചികിത്സകളെപ്പററിയുള്ള പ്രസംഗങ്ങൾ കേൾക്കുകയും ഉത്തരമെഴുതുകയും ചെയ്തിട്ടുള്ളതു്—അപ്പോൾ, എന്താണ്, എന്താണ്, ഇത്ര വലിയ മൂഢതാം? മാനസികരോഗചികിത്സയുടെ പ്രാഥമികപാഠം കൂടി അവർക്കു തിട്ടമില്ല."

ജീവിതത്തിൽ, ആദ്യമായി, അദ്ദേഹത്തിന്ന് അപമാനിതനായ ബോധവും കോപവും ഉണ്ടായി.

ആ ദിവസം സായന്തനത്തിൽ മൈക്കേൽ അവറിയാനിച്ച് അദ്ദേഹത്തെ കാണാൻ വന്നു. അഭിവാദനം ചെയ്യാൻകൂടി നില്ക്കാതെ അയാൾ അദ്ദേഹത്തിൻെറ അടുത്തേക്ക നടന്നുചെന്നു്, ഇരുകരങ്ങളും ഗ്രഹിച്ചുകൊണ്ടു ഹൃദയസ്പൃശിയായ സ്വരത്തിൽ പറഞ്ഞു:

“പ്രിയപ്പെട്ട സ്നേഹിതാ, എനിക്ക നിങ്ങളോടുള്ള ആത്മാർത്ഥമായ വാൾസല്യമുണ്ടെന്നു തെളിയിക്കുകയും, എന്നെ നിങ്ങളുടെ ഉററ സുഹൃത്തായി കരുതുകയും ചെയ്യുക........ പ്രിയപ്പെട്ട സ്നേഹിതാ!” അൻഡ്രേയിയിഫിമിച്ച് എന്തെങ്കിലും പറയുന്നതിനനുവദിക്കാതെ സംക്ഷുബ്ധമായ സ്വരത്തിൽ അയാൾ തുടന്നു: “നിങ്ങളുടെ പാണ്ഡിത്യത്തെയും ഉന്നത ഹൃദയവിശാലതയെയും ഞാൻ മാനിക്കുന്നു. ഞാൻ പറയുന്നതു കേൾക്കു, സ്നേഹിതാ. തൊഴിൽപരമായ ആചാരനീതികൾ നിങ്ങളിൽനിന്നും, സത്യത്തെ ഒളിച്ചുവെയ്ക്കാൻ ഡാക്ടരന്മാരെ പ്രേരിപ്പിക്കുന്നു; പക്ഷേ, ഞാനൊരു പട്ടാളക്കാരനാണു്, സ്വാഭാവികമായി ഞാനൊരു മുരടനാണു് നിങ്ങൾക്ക സുഖമില്ല! എന്നോടു ക്ഷമിക്കു, സ്നേഹിതാ. പക്ഷെ വാസ്തവം ഇതാണു്. നിങ്ങളെ ചുററിപ്പററിയുള്ള എല്ലാവരും ഇതേറെനാളായി മനസ്സിലാക്കിയിട്ടുള്ളതാണു്. നിങ്ങളുടെ ആരോഗ്യത്തിൻെറ സുരക്ഷിതത്വത്തിന്നു വിശ്രമവും ഉല്ലാസവും ആവശ്യമാണെന്നു് യവ്ഗനി ഫെഡറോവിച്ച് എന്നോടിപ്പോൾ പറഞ്ഞതേയുള്ളു. വളരെ ശരിയാണതു്. ആവശ്യമാണു്! ഏതാനും ദിവസങ്ങൾക്കകം അവധിയിൽ പോകാനും ശുദ്ധവായുവിൻെറ സുഖം പററി ജീവിക്കാനും ഞാൻ പോവുകയാണു്. നിങ്ങളുടെ സൌഹാർദ്ദത്തിൻെറ തെളിവുതരു, എന്നോടുകൂടി വരു! വരു, നമുക്ക നിങ്ങളുടെ സുഖസ്ഥിതി വീണ്ടെടുക്കാം!”

"എനിക്ക യാതൊരസുഖവും ഇല്ല!" അല്പം കഴിഞ്ഞു് അൻഡേരിയിഫിമിച്ച് പറഞ്ഞു: "എനിക്ക നിങ്ങളോട്ട കൂടി വരാനും സാദ്ധ്യമല്ല. മറേറതെങ്കിലും വിധത്തിൽ ആത്മാത്ഥത തെളിയിക്കാൻ എന്നെ അനുവദിക്കൂ."

യാതൊരു കാരണവും ഇല്ലാതെ ഇരുപതുവഷമായി പരിചയിച്ച തൻെറ ദിനചയ്യകളും, തൻെറ പുസ്തകങ്ങളെയും, ഡരീയായേയും, പതിവുള്ള ബീയറുകുടിയും ഉപേക്ഷിച്ചു പോവുക ഭ്രാന്തവും വിചിത്രവുമായ ഒരു പരിപാടിയായി ആദ്യം അദ്ദേഹത്തിനു തോന്നി. എന്നാൽ ടൗൺ ഹാളിൽവെച്ചു് താൻ പറഞ്ഞ കായ്യങ്ങളും മടക്കയാത്രയിൽ അതു തമെൻറ ഹൃദയത്തെ എത്രമാത്രം ശല്യപ്പെട്ടത്തി എന്നതും അദ്ദേഹം ഓർത്തു. തന്നെ ഒരു ഭ്രാന്തനായി കരുതുന്ന പട്ടണത്തിലെ ആളുകളുടെ ഇടയിൽനിന്നും കുറച്ചു കാലത്തേക്ക വിട്ടുനില്ക്കുന്നതു നല്ലതാണെന്നു് അദ്ദേഹത്തിനു തോന്നി.

"എവിടെ പോകാനാണു് നിങ്ങളുദ്ദേശിക്കുന്നതു്?" അദ്ദേഹം ചോദിച്ചു.

"മോസ്ക്കോവിലേക്കും, പീറേറഴ്സ്ബഗ്ഗിലേക്കും, വാഴ്സായിലേക്കും.......ഞാൻ അഞ്ചുവർഷം വാഴ്സായിൽ കഴിച്ചിട്ടുണ്ടു്; അതെൻെറ ജീവിതത്തിലെ ഏററവും ആനന്ദപൂണ്ണമായ കാലമായിരുന്നു. എന്തൊരു പട്ടണമാണതു്! പ്രിയപ്പെട്ട സ്നേഹിതാ, എന്നോട്ടകൂടി വരൂ!"

## പതിമൂന്നു്

ഒരാഴ്ചക്കുശേഷം അൻഡേരിയിഫിമിച്ചിനു വിശ്രമം അനുവദിക്കപ്പെട്ടു. മറെറാരുവിധം പറഞ്ഞാൽ, ഉദ്യോഗം രാജിവെയ്ക്കുന്നതിനു് നിർദ്ദേശിക്കപ്പെട്ടുകയും, അതു യാതൊരു ക്ഷോഭവുംകൂടാതെ അദ്ദേഹം നിർവഹിക്കുകയുംചെയ്തു. അടുത്തയാഴ്ച അദ്ദേഹം മൈക്കേൽ അവറിയാനിച്ചിനോടു കൂടി മെയിൽ കോച്ചിൽ സ്ഥലംപിടിച്ചു് അടുത്ത റയിൽവെ സ്റ്റേഷനിലേക്കു പോകുന്നതായി കാണപ്പെട്ടു. അന്തരീക്ഷം കുളുർമ്മയുററതും ശാന്തവുമായിരുന്നു; ആകാശം നീലിമയണിഞ്ഞും, വായു സുഖപ്രദമായും നിന്നിരുന്നു. രണ്ടു രാത്രി, ഇടയിൽ തങ്ങി രണ്ടുദിവസംകൊണ്ടു് ഇരുന്നൂറു് വെർസ്റ്റു് ദൂരം കടന്നു്, അവർ സ്റ്റേഷനിലേക്കുള്ള ദൂരം പിന്നിട്ടു.

ഇടയ്ക്കുള്ള താമസസ്ഥലങ്ങളിൽ വൃത്തികെട്ട പാത്രത്തിൽ ചായ വിളമ്പപ്പെട്ടുകയോ, യഥാസമയം കുതിരകൾ സന്നദ്ധമാക്കപ്പെടാതിരിക്കുകയോ ചെയ്യുമ്പോൾ മൈക്കേൽ അവറിയാനിച്ചു് കോപാന്ധനായി, അടിമുടി വിറച്ചുകൊണ്ടു്, "ശബ്ദമുണ്ടാക്കരുതു്! പ്രസംഗങ്ങളൊന്നും ആവശ്യമില്ല!" എന്നലറിയിരുന്നു. വണ്ടിയിൽ യാത്രചെയ്യുമ്പോൾ അയാൾ കാക്കസസ്സിലും പോളണ്ടിലും താൻ സഞ്ച

രിച്ചിരുന്നപ്പോഴത്തെ കാര്യങ്ങൾ അവിരാമം സംസാരിച്ചു കൊണ്ടിരുന്നു. എത്ര സാഹസികാനുഭവങ്ങളാണ്! ഏതെല്ലാം തരക്കാരെ താൻ കണ്ടിരിക്കുന്നു! അയാൾ ഉയൎന്ന ശബ്ദത്തിൽ സംസാരിക്കുകയും, പറയുന്നതു മുഴുവൻ കളവാണെന്നു് ആരും കരുതിപ്പോകത്തക്കവിധം ആശ്ചൎയ്യഭാവത്തോടെ മിഴികൾ ചലിപ്പിക്കുകയും ചെയ്തിരുന്നു. ഇതിനെല്ലാം മകുടംചാർത്തുന്നവിധം അയാൾ അൻഡ്രേയിമിച്ചിന്റെ മുഖത്തിനുനേരെ ശ്വാസം വിടുകയും കണ്ണുങ്ങളോടുചേൎന്നു് പൊട്ടിച്ചിരികൾ മുഴക്കുകയും ചെയ്തിരുന്നു. ഇതു ഡാക്ടരെ അസുഖപ്പെടുത്തുകയും തന്റെ ചിന്തയിൽ ഏകാഗ്രത ഉറപ്പിക്കാനാവാത്ത ഒരു അവസ്ഥയിലെത്തിക്കുകയും ചെയ്തിരുന്നു.

ലാഭംകരുതി, പുകവലിക്കാത്തവർക്കുവേണ്ടിയുള്ള ഒരു കമ്പാർട്ടുമെണ്ടു് തിരഞ്ഞെടുത്തു്, മൂന്നാം ക്ലാസ്സിലാണു് അവർ യാത്ര ചെയ്തതു്. പകുതിയോളം ഡോക്ടർമാർ അവരുടെ തരത്തിൽപെട്ടവർതന്നെയായിരുന്നു. മൈക്കേൽ അവരിയാനിച്ച്, വളരെവേഗം അവരോടു സൗഹൃദത്തിലാവുകയും, ഓരോ ബെഞ്ചിലും മാറിമാറി ഇരുന്നു്, തന്റെ ഉയൎന്ന സ്വരത്തിൽ വകക്കു കൊള്ളാത്തതും ഭയങ്കരവുമായ പാതയിൽക്കൂടി യാത്രചെയ്യരുതെന്നുപദേശിക്കുകയുംചെയ്തു. എങ്ങും കബളിപ്പിക്കലാണു്! ഇന്നത്തതിൽനിന്നും അതെത്ര വ്യത്യസ്തമാണു് ഒരു ദിവസം നൂറു വെർസ്റ്റുകൾ പിന്നിടാൻ കഴിയുകയും എന്നിട്ടും യാത്രാക്ലേശം ബാധിക്കാതിരിക്കുകയും ചെയ്യുന്നു. നമ്മുടെ വിളവു മോശമാകുന്നതു ചതുപ്പുനിലങ്ങൾ വരണ്ടുപോകുന്നതിനാലാണു്. എവിടേയും ക്രമരാഹിത്യം നിലനില്ക്കുന്നു. അയാൾ വികാരാധീനനാവുകയും, ഇടക്കു് ഒരു വാക്കുകൂടി പറയാൻ ആരെയും അനുവദിക്കാതെ സംഭാഷണം തുടരുകയും ചെയ്തു. ഉയൎന്ന ചിരി

കളില്ല, അർത്ഥവത്തായ ചേഷ്ടകളില്ല, സമ്മിളിതമായിരുന്ന അയാളുടെ അവിരാമമുള്ള പ്രലപനങ്ങൾ അൻഡേരിയിഛിച്ചിനു, മുഷിപ്പനായി തോന്നി.

"നമ്മിൽ ആരാണു് ഭ്രാന്തനായി കരുതപ്പെടേണ്ടതു്?" അദ്ദേഹം ചിന്തിച്ചു "എന്റെ സഹയാത്രക്കാർക്കൊരു ഭാരമായിത്തീരാത്ത ഞാനോ, അതോ ഈ വണ്ടിയിലെ യാത്രക്കാക്ക് ഒരു നിമിഷത്തെ സമാധാനംകൂടി നല്കാത്ത, താൻ ഏററവും സരസനും ബുദ്ധിമാനുമാണെന്നു കരുതുന്ന, ഈ വിടുവായനോ?"

അവർ മോസ്കോവിൽ എത്തിയപ്പോൾ മൈക്കേൽ അവറിയാനിച്ചു്, ചുമലിലെ ചിഹ്നങ്ങളില്ലാത്ത ഒരു പട്ടാള ഉടുപ്പും അരികിൽ ചുവന്ന പൈപ്പിംഗ്‌വെച്ചു തൈച്ച ഒരു കാലുറയും എടുത്തുധരിച്ചു. അയാൾ മിലിററി തൊപ്പിയും, ഓവർകോട്ടും ധരിച്ചു നടക്കുകയും പട്ടാളക്കാർ അയാളെ സല്യൂട്ടുചെയ്യുകയും ചെയ്തിരുന്നു. നാട്ടുമ്പുറത്തുകാരനു പതിവുള്ള തന്റെ എല്ലാ നല്ല യോഗ്യതകളും പാഴായി ചിലവാക്കുകയും കുറവുകളെ അടക്കിവെയ്ക്കുകയും ചെയ്യുന്ന മാതൃകയിലുള്ള ഒരു മനുഷ്യനെ അയാളിൽ അൻഡേരിയിഛിമിച്ചു് കണ്ടു. ആവശ്യമില്ലാത്തപ്പോൾപോലും, സേവനങ്ങൾ ആവശ്യപ്പെടുന്നതിലുള്ള ഭ്രമം അയാൾക്കു കലശലായുണ്ടായിരുന്നു. തന്റെ മുന്നിലെ മേശപ്പുറത്തുതന്നെ തീപ്പെട്ടി കിടക്കുമ്പോൾ അയാൾ ഭൃത്യനെ വിളിക്കുകയും അതെടുത്തു കൊടുക്കാൻ ആജ്ഞാപിക്കുകയും ചെയ്തിരുന്നു; ഭൃത്യൻ്റെ മുന്നിലൂടെ അടിയുടുപ്പുകൾ മാത്രം ധരിച്ചുകൊണ്ടു നടക്കുന്ന അയാൾക്കു തന്നെപ്പററി യാതൊരു ചിന്തയുമില്ലായിരുന്നു; അയാൾ എല്ലാ ഭൃത്യരേയും 'നീ' എന്നും, അവർ പ്രായംചെന്നവരായിരുന്നാൽക്കൂടി, അശാന്തനായിരിക്കുമ്പോൾ അവരെ മടയരെന്നും മന്ദന്മാരെന്നും വിളിക്കുകയും ചെയ്തിരുന്നു.

അതു നാട്ടുമ്പുറത്തുകാരുടെ സാധാരണ സ്വഭാവമാണെന്നു് അൻഡ്രേയിഫിമിച്ചിനറിയാമായിരുന്നെങ്കിലും അദ്ദേഹത്തിന്നതു് അരോചകമായിത്തോന്നി.

മൈക്കേൽ അവറിയാനിച്ച്, തൻെറ സ്നേഹിതനെ 'ഇവാർസ്സയാ ഷ്‌റിനിൽ' പ്രാർത്ഥിക്കുന്നതിനു കൊണ്ടുപോകാൻ തുടങ്ങി. അയാൾ ഉറച്ച വിശ്വാസത്തോടെ തറ പററ താണുവണങ്ങി, നിറഞ്ഞ മിഴികളോടെ പ്രാർത്ഥിക്കുകയും, അതവസാനിച്ചപ്പോൾ ഒരു നെടുവീർപ്പോടെ പറയുകയും ചെയ്തു:

"ഒരുവൻ വിശ്വാസിയല്ലായിരിക്കും. പക്ഷേ, പ്രാർത്ഥന നല്ല ഫലം ചെയ്യുന്നതാണു്. വിശുദ്ധബിംബത്തെ ചുംബിക്കൂ, സ്നേഹിതാ".

അൻഡ്രേയിഫിമിച്ച് കുനിഞ്ഞു്, ഇഷ്ടത്തോടെ അല്ലെങ്കിലും, മൈക്കേൽ അവറിയാനിച്ചിനെ അനുസരിച്ചിരുന്നു. എന്നാൽ മൈക്കേൽ അവറിയാനിച്ച് അധരങ്ങൾ ചലിപ്പിച്ചുകൊണ്ടും, ഇരുവശത്തേക്കും ശിരസ്സ് ചലിപ്പിച്ചുകൊണ്ടും, നിറഞ്ഞ മിഴികളോടെ പ്രാർത്ഥനകൾ ആവർത്തിച്ചിരുന്നു. അതിന്നുശേഷം അവർ ക്രംലിനിലേക്കുപോയി. സാർ–കാനണും, സാർ–ബെല്ലും കാണുകയും സ്വന്തം അംഗുലികൾകൊണ്ടു് അവയെ സ്പർശിക്കുകതന്നേയും ചെയ്തു. നദിയുടെ ഭംഗിയുററ കിടപ്പുകണ്ടിട്ടു് ദംയാൻ സേവ് മ്യൂസിയവും സേവിയറുടെ കത്തീഡ്രലും സന്ദർശിക്കുകയും ചെയ്തു.

ടെസ്‌ടോവു് റസ്റ്റാറൻറിൽനിന്നും അവർ ആഹാരം കഴിച്ചു. ഏറെനേരം തൻെറ മീശയിൽ തഴുകിക്കൊണ്ടു്, മൈക്കേൽ അവറിയാനിച്ച് ആഹാരസാധനങ്ങളുടെ പട്ടിക നോക്കിയിട്ടു്, ഹോട്ടലിൽ സുപരിചിതനായ ഒരു മദ്യാസക്തൻെറ ഭാവത്തിൽ വെയിററോടാജ്ഞാപിച്ചു:

"നീ എന്താണു് ഞങ്ങൾക്കു തരുന്നതെന്നു കാണട്ടെ!"

## പതിനാല്

ഡാക്ടർ എല്ലായിടത്തും പോവുകയും കാണുകയും ആഹാരം കഴിക്കയും കുടിക്കയും ചെയ്തെങ്കിലും മൈക്കേൽ അവറിയാനിച്ചിനോടും മറെറല്ലാററിനോടും വെറുപ്പനുഭവപ്പെടുകയാണുണ്ടായത്. തൻെറ സ്നേഹിതൻെറ അവിരാമമുള്ള സാന്നിദ്ധ്യം അയാൾക്കു മുഷിഞ്ഞുകഴിഞ്ഞിരുന്നു. അയാളിൽനിന്നും രക്ഷപ്പെടാനും, എവിടെയെങ്കിലും ഒളിക്കാനും ഒരവാച്യപ്രേരണ അദ്ദേഹത്തിനുണ്ടായി. എന്നാൽ അദ്ദേഹത്തോടു കൂടുതൽ ഒട്ടിച്ചേരുകയും അസുഖകരമായ ചിന്തകളിൽനിന്നും അദ്ദേഹത്തെ അകററി നിറുത്തുകയും ചെയ്യേണ്ടതു തൻെറ കടമയാണെന്ന് മൈക്കേൽ അവറിയാനിച്ച് കരുതിയിരുന്നു. മററൊന്നും കാണാനില്ലാതെപ്പോൾ അയാൾ തൻെറ സംഭാഷണങ്ങൾകൊണ്ട്, അദ്ദേഹത്തെ രസിപ്പിക്കാൻ ശ്രമിച്ചു. അൻഡേരിയിഫിമിച്ച് ഇതെല്ലാം രണ്ടുദിവസം സഹിച്ചു. എന്നാൽ മൂന്നാംദിവസം തനിക്കു നല്ല സുഖം തോന്നുന്നില്ലെന്നും മുറിക്കുള്ളിൽതന്നെ കഴിക്കാൻ ആഗ്രഹിക്കുന്നതായും അദ്ദേഹം സ്നേഹിതനോടു പറഞ്ഞു. എങ്കിൽ താനും മുറിയിൽതന്നെ കഴിക്കാമെന്നയാൾ പറഞ്ഞു. വിശ്രമം അത്യാവശ്യമാണെന്ന്, അയാളും സമ്മതിച്ചു. അൻഡേരിയിഫിമിച്ച് പുറംതിരിഞ്ഞു പല്ലു കടിച്ചുകൊണ്ടു കിടന്നു് തൻെറ സ്നേഹിതൻെറ പ്രലപന

ങ്ങൾ കേട്ടു. ഫ്രാൻസ് ജർമ്മനിയെ എപ്പോഴെങ്കിലും തകർക്കുമെന്നു ബോദ്ധ്യപ്പെട്ടതാനും, മോസ്കോയിൽ മുഴുക്കെ ചതിയന്മാരെക്കൊണ്ടു നിറഞ്ഞിരിക്കയാണെന്നും ഒരു കുതിരയെപ്പററി അതിൻെറ ബാഹ്യമായ ലക്ഷണങ്ങളിൽ നിന്നും വിധിയെഴുതാനൊക്കുകയില്ലെന്നും മററും അയാൾ ഔത്സുക്യത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു. അയാൾ തൻെറ കണ്ണുകളിലെല്ലിക്കുന്ന പീഡനത്തേയും മുരളലിനേയുംപററി ഡോക്ടർ ബോധവാനായിരുന്നെങ്കിലും സാമാന്യമര്യാദയോർത്തു് തന്നെ അലട്ടാതിരിക്കുന്നതിനോ, സംഭാഷണം നിറുത്തുന്നതിനോ അദ്ദേഹം പറഞ്ഞില്ല. ഭാഗ്യവശാൽ അകത്തുതന്നെ ഇരുന്നു മുഷിഞ്ഞ മൈക്കേൽ അവറീയാനിച്ച്, ഭക്ഷണത്തിന്നുശേഷം കുറച്ചു നടക്കാനായി പുറത്തുപോയി.

ഏകാന്തമായ ഒരവസ്ഥ ലഭ്യമായെന്നോത്തപ്പോൾ അൻഡേരിയിഫിമിച്ചിന്നു് ഒട്ടു സമാധാനം തോന്നി. ഒരറയിൽ ഏകാകിയാണെന്ന ബോദ്ധ്യത്തോടെ എത്ര നേരമാണു് ഒരു സോഫായിൽ കിടക്കാൻ കഴിയുക! ഏകാന്തതയിലല്ലാതെ യഥാർത്ഥമായ ആനന്ദം ചിന്തിക്കാൻ സാദ്ധ്യമല്ല. പാപബന്ധത്തിലാഴ്ത്തപ്പെട്ട ദൈവദൂതന്മാർ, ഏകാന്തതസ്വാത്തിപ്പെട്ട് ഈശ്വരനെ വഞ്ചിച്ചിരിക്കണം. കഴിഞ്ഞ ദിവസങ്ങളിൽ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെപ്പററി ചിന്തിക്കാൻ അൻഡേരിയിഫിമിച്ച് ആശിച്ചു. എന്നാൽ മൈക്കേൽ അവറിയാനിച്ചിനെ തൻെറ ചിന്തയിൽനിന്നും അകററി നിറുത്താൻ കഴിഞ്ഞില്ല.

"ആ പട്ടണം വിട്ടു്, അയാളോട്ടുകൂടി വരാൻ ഔദാര്യവും സൗഹൃദവുംകൊണ്ടയാൾ ആവശ്യപ്പെട്ടിരിക്കുന്നു!"

ഡാക്ടർ അഞ്ചഹൃതയോടെ ചിന്തിച്ചു. "സൗഹാർദ്ദപരമായ ഈവിധ പ്രോത്സാഹനത്തെക്കാൾ ഭയങ്കരമായി എന്താണുള്ളതു്? അയാൾ ആർദ്രചിത്തനും ഉത്സാഹശീലനുമാണു്. പക്ഷേ, അയാൾ നൈരംകെട്ടുത്തുന്ന ഒരുഞ്ചനാണു്. സഹിക്കാനാവാത്ത ഒരു ബോറു്! ങ്ങൾ ബുദ്ധിശൂന്യരാണെന്നു് ഓരോ നിമിഷവും നിങ്ങളെ ഓർമ്മിപ്പിക്കുന്ന, എന്തെങ്കിലും നല്ലതോ വിവേകപൂർണ്ണമായതോ ആയ കാര്യങ്ങൾ പറയാത്ത കൂട്ടരും, ഈ മനുഷ്യനും തുല്യമാണു്.

അടുത്ത ദിവസങ്ങളിൽ പുറത്തുപോകുന്നതിന്നു് അൻഡേരിയിഫിമിച്ചു് വിരക്തി കാട്ടുകയും തൻെറ അറയിൽ തന്നെ കഴിച്ചുകൂട്ടുകയും ചെയ്തു. അദ്ദേഹം ഭിത്തിയുടെ നേർക്കു മുഖം തിരിച്ചു കിടക്കുകയും, തൻെറ ശ്രദ്ധയാകർഷിക്കാൻ സ്നേഹിതൻ ശ്രമിക്കുമ്പോൾ അക്ഷമനാവുകയും അയാളുടെ അസാന്നിദ്ധ്യത്തിൽ വിശ്രമിക്കുകയും ചെയ്തു. ഈ യാത്രയ്ക്കു തിരിച്ചതിൽ അദ്ദേഹത്തിനു തന്നോടുതന്നേയും, കൂടുതൽ വാചാലനായി, ഗൗരവതരമായ ചിന്തകൾക്കവസരം നൽകാത്ത സ്നേഹിതനോടും അമർഷം തോന്നി.

"ഇവാൻഡിമിററ്റിച്ചു് പറഞ്ഞ യാഥാർത്ഥ്യത്തിൽ ഞാൻ പീഡിതനായിരിക്കുന്നു". ആ അർത്ഥശൂന്യതയെ അതിജീവിച്ചുയരാൻ കഴിയാത്തതിൽ തന്നോടുതന്നെ അമർഷം തോന്നിയ അദ്ദേഹം ചിന്തിച്ചു, "പക്ഷേ, അതെല്ലാം അർത്ഥശൂന്യതയാണു്....ഞാൻ വീട്ടിൽ മടങ്ങി എത്തുമ്പോൾ എല്ലാം 'പഴയ പടിയാകും".

പീറേഴ്സ്ബർഗ്ഗിലെ നിലയും അതുതന്നെയായിരുന്നു; ബീയറു കുടിക്കുന്നതിനൊഴിച്ചു് കിടക്കയിൽനിന്നെഴുന്നേല്ക്കാതെ പല ദിവസങ്ങളോളം അദ്ദേഹം ഒരേ കിടപ്പിൽതന്നെ കഴിച്ചുകൂട്ടി.

വാഴ്സായിലേക്കു പോകുന്നതിന്നു മൈക്കേൽ അവറി യാനിച്ച് ധൃതികൂട്ടിക്കൊണ്ടിരുന്നു.

"പ്രിയപ്പെട്ട സ്നേഹിതാ, ഞാനെന്തിനു വാഴ്സായി ലേക്കു പോകണം?" അൻഡേരിയിഫിമിച്ച് യാചനാസ്വ രത്തിൽ ചോദിച്ചു. "നിങ്ങൾ മാത്രം പോകു. ഞാൻ വീട്ടിലേക്കു പോകട്ടെ. ദയവുചെയ്തു് അതു സമ്മതിക്കു!"

"ഒരിക്കലും ഇല്ല!" മൈക്കേൽ അവറിയാനിച്ച് പ്രതി ഷേധിച്ചു. "അതു് അത്ഭുതകരമായ ഒരു പട്ടണമാണ്. എൻെറ ജീവിതത്തിലെ ആനന്ദകരമായ അഞ്ചുവർഷം ഞാനവിടെ കഴിച്ചതാണ്!"

നിർബന്ധിക്കാൻ തീരെ കരുത്തുപോരാതെ അൻഡേ രിയിഫിമിച്ച്, ഒട്ടും സമ്മതത്തോടെയല്ലെങ്കിലും വാഴ്സായി ലേക്ക് തൻെറ സ്നേഹിതനെ അനുഗമിച്ചു. തന്നോടും സ്നേഹിതനോടും, റഷ്യൻഭാഷ മനസ്സിലാക്കാൻ തയ്യാറി ല്ലാതെ ഉറച്ചുനിന്ന ഹോട്ടൽ ജോലിക്കാരോടും എല്ലാം ഒട്ടു ങ്ങാത്ത ദേഷ്യത്തോടെ, അദ്ദേഹം തൻെറ അറയിൽതന്നെ കഴിച്ചുകൂട്ടി. അപ്പോൾ മൈക്കേൽ അവറിയാനിച്ച് ഉല്ലാ സത്തോടും സന്തോഷത്തോടും, ഇരവുപകൽ ഭേദമില്ലാതെ, പഴയ സുഹൃത്തുക്കളെ അന്വേഷിച്ചുകൊണ്ടു് പട്ടണത്തിൽ അലഞ്ഞുനടന്നിരുന്നു. ചിലപ്പോൾ രാത്രിസമയം മുഴുവൻ അയാൾ പുറത്തുതന്നെ ചിലവഴിച്ചിരുന്നു. ഒരു ദിവസം അജ്ഞാതമായ ഒരു സ്ഥലത്തു് രാത്രി കഴിച്ചിട്ട്, രയാൾ അതിരാവിലെ മടങ്ങിയെത്തി; അയാൾ അതിയായ ക്ഷോഭ ത്തിനടിപ്പെട്ട് ചുവന്നു തുടുത്ത മുഖത്തോടും താറുമാറായ മുടിയോടും കാണപ്പെട്ടിരുന്നു. ഏറെനേരം അറയിൽ ഉലാ ത്തിക്കൊണ്ടിരുന്നിട്ട്, അയാൾ പെട്ടെന്നു നിന്നു. സന്ദർഭ

ർവ്വമായി യാതൊരു പൊരുത്തവുമില്ലാത്തവിധം അയാൾ പറഞ്ഞു:

"അഭിമാനം എല്ലാററിലും വലുതാണ്."

കുറേനേരംകൂടി ഉലാത്തിയിട്ട്, കൈപ്പത്തിയിൽ ശിരസ്സ് താങ്ങിക്കൊണ്ടിരുന്ന് കരുണാർദ്രമായ സ്വരത്തിൽ അയാൾ പറഞ്ഞു:

"മറെറല്ലാ പരിഗണനകളെക്കാളും അഭിമാനമാണ് വലുത്. ഈ ബാബിലോൺ സന്ദർശിക്കുന്നതിനുറച്ച നിമിഷത്തെ ഞാൻ ശപിക്കുന്നു! പ്രിയപ്പെട്ട സ്നേഹിതാ," അയാൾ ഡാക്ടരോട് തിരിഞ്ഞുപറഞ്ഞു: "നിങ്ങൾ എന്നെ വെറുത്തുകൊള്ളൂ. ചൂതുകളിച്ച് എനിക്ക് പണം നഷ്ടപ്പെട്ടു! എനിക്ക് അഞ്ഞൂറു റൂബിൾതരൂ!" ,

അൻഡേരിയിഫിമിച്ച് മൂകനായി അഞ്ഞൂറു റൂബിൾ എണ്ണി സ്നേഹിതനു കൊടുത്തു. അപ്പോഴും അപമാനവും ക്രോധവുംകൊണ്ടു വിറച്ചിരുന്ന മൈക്കേൽ അവറിയാനിച്ച്, അസംഗതവും തികച്ചും വ്യർത്ഥവും ആയ ഒരു ശപഥം ഉരുവിട്ടിട്ട് തൻെറ തൊപ്പിയെടുത്തു ധരിച്ചുകൊണ്ടിറങ്ങിപ്പോയി, രണ്ടുമണിക്കൂറിനുശേഷം മടങ്ങിയെത്തിയ അയാൾ ഒരു ചാരുകസാലയിലേക്ക വീണ്, ഉച്ചത്തിൽ നിശ്വസിച്ചുകൊണ്ടു പറഞ്ഞു:

"എൻെറ അഭിമാനം രക്ഷിക്കപ്പെട്ടു! നമുക്കു പോകാം, സ്നേഹിതാ! ഈ ശപിക്കപ്പെട്ട പട്ടണത്തിൽ ഇനി ഒരു നിമിഷംകൂടി കഴിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ചതിയന്മാർ!"

ആ സ്നേഹിതന്മാർ യാത്രകഴിഞ്ഞെത്തിയതു് തെരു ങ്കിൽ, കട്ടിയിൽ മഞ്ഞു കൂടിക്കിടക്കുന്ന നവംബർ മാസത്തി ലായിരുന്നു. മുൻപു് അൻഡ്രേയിയിഫിമിച്ച് വഹിച്ചി രുന്ന സ്ഥാനം ഡാക്റ്റർ ഖൊബോട്ടോവു് നേടിയിരുന്നു. അൻഡ്രേയിയിഫിമിച്ച് തിരിച്ചുവന്നു്, ആശുപത്രീവക കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതുംകാത്തു് അയാൾ പഴയ അറ യിൽതന്നെ താമസിച്ചിരുന്നു. തൻെറ പാചകക്കാരി യെന്നു് അയാൾ പറഞ്ഞിരുന്ന സ്ത്രീ ആശുപത്രിയിലെ ഒരു ഉപഗൃഹത്തിൽതന്നെ താമസിക്കുന്നുണ്ടായിരുന്നു.

ആശുപത്രിയെപ്പററിയുള്ള പുതിയ വാർത്തകൾകൊണ്ടു് പട്ടണം ക്ഷുബ്ധമായിരുന്നു. ഡാക്റ്റർ ഖൊബോട്ടോവിൻെറ പാചകക്കാരിയെന്നു പറയപ്പെട്ടിരുന്ന സ്ത്രീ ഇൻസ്പെക്റ്ററു മായി കലഹിച്ചെന്നും, അവളോടു ക്ഷമയാചിച്ചുകൊണ്ടു് അയാൾ മുട്ടിലിഴഞ്ഞതായുമുള്ള കഥകൾ പട്ടണത്തിൽ പ്രചരിച്ചിരുന്നു.

തൻെറ പ്രത്യാഗമനദിവസംതന്നെ ഒരു മുറി അന്വേ ഷിച്ചുപോകാൻ അൻഡ്രേയിയിഫിമിച്ച് നിർബ്ബന്ധിതനായി.

"പ്രിയപ്പെട്ട സ്നേഹിതാ," പോസ്റ്റുമാസ്റ്റർ ചിത്ത വൈക്ലബ്യത്തോടെ പറഞ്ഞു: "ഞാൻ ചോദിക്കുന്നതു് അവ വേകമാണെങ്കിൽ ക്ഷമിക്കണം, നിങ്ങളുടെ പക്കൽ എന്തു തുകയുണ്ടു്?"

അൻഡ്രേയിയിഫിമിച്ച് തൻെറ പക്കലുള്ളതു എണ്ണി നോക്കിയിട്ടു് പറഞ്ഞു:

"എൺപത്തിയാറു റൂബിൾ".

"ഞാനതല്ല ചോദിച്ചതു്." ഡാക്ടരുടെ മറുപടിയിൽ ആശ്ചര്യഭരിതനും, പതറിയവനുമായ മൈക്കേൽ അവരി യാണിച്ച് പറഞ്ഞു: "ആകെ നിങ്ങൾക്കെന്തു സമ്പാദ്യമു ണ്ടെന്നാണു് ഞാൻ ചോദിച്ചതു്."

"അതേ, അതു ഞാൻ പറഞ്ഞല്ലോ എൺപത്തിയാറു രൂബിൾ.... മൊത്തമുള്ളതാണതു്."

ഡാക്ടർ സത്യസന്ധനും ഉന്നതനുമായ ഒരു വ്യക്തിയാ ണെന്നു് മൈക്കേൽ അവറിയാണിച്ച് വിശ്വസിച്ചിരുന്നെ ങ്കിലും അദ്ദേഹം എവിടെയോ ഇരുപതിനായിരം രൂബിളെ ങ്കിലും നിക്ഷേപിച്ചിട്ടുണ്ടെന്നയാൾ കരുതിയിരുന്നു. എന്നാൽ അൻഡ്രേയിഫിമിച്ച് ഒരു ദരിദ്രനും ജീവിതം നിലനിറു ത്താൻ ഒന്നും മിച്ചംവെച്ചിട്ടില്ലാത്തവനുമാണെന്നറിഞ്ഞ പ്പോൾ അയാൾ പൊട്ടന്നവെ പൊട്ടിക്കരയുകയും സ്നേഹി തനെ മുറുകെ പുണർന്നുകൊണ്ടുനിന്നു തേങ്ങുകയും ചെയ്തു.

# പതിനഞ്ച്

സാധാരണക്കാരിയായ ബലോവാ എന്ന ഒരു സ്ത്രീയുടെ ഭവനത്തിൽ അൻഡേരിയിഫിമിച്ച് താമസമാക്കി. പാചകമുറി കൂടാതെ അവിടെ മൂന്നു മുറികളേ ഉണ്ടായിരുന്നുള്ളു. തെരുവിൻെറനേർക്കുള്ള രണ്ടു മുറി ഡാക്ടർ എടുത്തു. ഡരിയായും, വീട്ടുടമസ്ഥയും അവരുടെ മൂന്നു കുട്ടികളും ശേഷിപ്പുള്ള ഒരറയും പാചകമുറിയുംകൊണ്ടു് കഴിഞ്ഞുകൂടി. ചിലപ്പോൾ വീട്ടുടമസ്ഥയുടെ ഹൃദയനാഥൻ രാത്രി കഴിച്ചുകൂട്ടാനായി വന്നിരുന്നു; മദ്യപനും പലപ്പോഴും വല്ലാത്ത ക്രൂരത പ്രകടിപ്പിച്ചിരുന്നവനും ആയ അയാൾ ഡരിയായെയും അവിടത്തെ കുട്ടികളെയും വല്ലാതെ ഭയപ്പെടുത്തിയിരുന്നു. അയാൾ വോഡ്ക ആവശ്യപ്പെട്ടുകൊണ്ടു് പാചകമുറിയിലെ കസേരയിൽ ഉപവിഷ്ടനാവുമ്പോൾ അവിടം ഭയംകൊണ്ടു് തകരുന്നവിധമാവുകയും അപ്പോൾ പൊട്ടിക്കരയുന്ന കുട്ടികളെ ഡാക്ടർ തൻെറ അറയിൽ കൊണ്ടുവന്നു സ്നേഹപൂർവ്വം, അവർക്കു തറയിൽ കിടക്കവിരിച്ചുകൊടുക്കുകയുംചെയ്തിരുന്നു. ആ പ്രവൃത്തി അദ്ദേഹത്തിനു് വലിയ സംതൃപ്തി നൽകിയിരുന്നു.

അദ്ദേഹം എപ്പോഴത്തെയുംപോലെ എന്നും എട്ടുമണിക്കെഴുന്നേല്ക്കുകയും ചായ കഴിച്ചിട്ടു് തൻെറ പഴയ പുസ്തക

ങ്ങളും മാസികകളും എടുത്തു വായിക്കുന്നതിൽ മുഴുകുകയും ചെയ്തിരുന്നു. പുതിയവ വാങ്ങുന്നതിനുള്ള പണം അദ്ദേഹത്തിൻെറ പക്കൽ ഇല്ലായിരുന്നു. തൻെറ പുസ്തകങ്ങൾ പഴയതായിരുന്നതിനാലോ അല്ലെങ്കിൽ പരിഭ്രമത്തിനടഞ്ഞ തൻെറ പരിസരത്തിൻെറ കുററത്താലോ, ഗ്രന്ഥപാരായണം അദ്ദേഹത്തിൻെറ മുഴുവൻ ശ്രദ്ധയെയും കവരാൻ ശക്തമായില്ലെന്നു മാത്രമല്ല, അതദ്ദേഹത്തെ തളർത്തുകയുംചെയ്തിരുന്നു. അലസമായ സമയംപോക്കൊഴിവാക്കാനായി അദ്ദേഹം തൻെറ ഗ്രന്ഥശേഖരത്തിൻെറ ഒരു പട്ടിക തയാറാക്കുകയും അവയുടെ പുറത്തു പേരെഴുതി ഒട്ടിക്കുകയും ചെയ്തുകൊണ്ട് പാരായണത്തേക്കാൾ യാന്ത്രികമായ ആ ജോലിയിൽ കൂടുതൽ ലയിക്കുകയും ചെയ്തു. വിരസവും ശ്രമകരവുമായ ആ ജോലി അദ്ദേഹത്തിൻെറ ചിന്തയെ ഒന്നു സുഖപ്പെടുത്തുന്നതായി തോന്നി. അദ്ദേഹം ആ ജോലിയിൽ മുഴുകുകയും ശൂന്യമായ മണിക്കൂറുകൾ അതിവേഗം കടന്നുപോവുകയും ചെയ്തുകൊണ്ടിരുന്നു. ഡാരിയായോടുകൂടി ഉരുളക്കിഴങ്ങു തൊലിക്കുകയോ, ഗോതമ്പു തിരഞ്ഞു പെറുക്കുകയോ ചെയ്യുന്ന ജോലിയിൽ മുഴുകി പാചകശാലയിൽ ഇരുന്നു സമയം പോക്കുന്നതിലും അദ്ദേഹത്തിനു രസം തോന്നിച്ചിരുന്നു. ശനിയാഴ്ചയും ഞായറാഴ്ചയും അദ്ദേഹം പള്ളിയിൽ പോയിരുന്നു. പ്രാർത്ഥനാഗാനങ്ങൾ ശ്രവിച്ചുകൊണ്ട്, ചുമരിലേക്കു ചാരിനിന്ന് അദ്ദേഹം തൻെറ അമ്മയേയും അച്ഛനേയും സർവ്വകലാശാലയേയും വിവിധമതങ്ങളേയും ഓർത്തു; അദ്ദേഹത്തിനാശ്വാസവും വിഷാദാത്മകത്വവും അനുഭവപ്പെടുകയും പള്ളിയിൽനിന്നിറങ്ങുമ്പോൾ ആരാധനാദികൾ വളരെവേഗം അവസാനിച്ചതിൽ നിരാശ തോന്നുകയും ചെയ്തിരുന്നു.

ഇവാൻഡിമിററ്റിച്ചിയെ കാണുന്നതിനും സംസാരിക്കുന്നതിനും അദ്ദേഹം രണ്ടുപ്രാവശ്യം ആശുപത്രിയിൽ പോയി. എന്നാൽ അപ്പോഴെല്ലാം അസാധാരണമായ ഒരമർഷവും ധികാരാത്മകതപവും അയാളെ ആവേശിച്ചിരിക്കുന്നതായി അദ്ദേഹത്തിന്നനുഭവപ്പെട്ടു; അർത്ഥശൂന്യമായ പ്രലപനങ്ങളിൽ താൻ മുഷിഞ്ഞു എന്നു പറഞ്ഞുകൊണ്ട്, ഏകാന്തമായിരിക്കുന്നതിന്നു തന്നെ അനുവദിക്കുന്നതിന്നയാൾ യാചിച്ചു. താൻ അനുഭവിച്ച എല്ലാ കഷ്ടതകൾക്കും, അപലബ്ധരും നിന്ദ്യരുമായ സമൂഹത്തിൽനിന്നും അയാൾ ആശിച്ചതു് അതൊന്നു മാത്രമാണെന്നയാൾ പറഞ്ഞു—അതു് ഏകാന്തതയിൽ ബദ്ധമായ ഒരു ജീവിതമാണു്. അതുകൂടി അയാൾക്കു നിഷേധിക്കപ്പെടണമെന്നുണ്ടോ? രണ്ടു പ്രാവശ്യവും അയാൾക്കു വന്ദനം പറഞ്ഞു പിരിയുമ്പോൾ ഇവാൻ ഡിമിട്രിച്ച് അൻഡ്രേയിയിഫിമിച്ചിന്റെ നേരെ അലറി:

"പോയി, തുലയൂ!"

വളരെ ആഗ്രഹമുണ്ടായിരുന്നെങ്കിലും മൂന്നാമതും അങ്ങോട്ടു പോകണോ, വേണ്ടയോ എന്നു തീരുമാനിക്കാൻ അൻഡ്രേയിയിഫിമിച്ചിനു കഴിഞ്ഞില്ല.

മുമ്പ് ആഹാരത്തിന്നു ശേഷം ചിന്തയിൽ മുഴുകി അൻഡ്രേയിയിഫിമിച്ച് തന്റെ അറയിൽ ഉലാത്താറുണ്ടായിരുന്നു. എന്നാൽ ഇന്നു് ഒഴിച്ചുനിറുത്താനാവാത്ത ചിന്തകളിൽ മുഴുകി ചായക്കു സമയമാകുന്നതുവരെ ഭിത്തിയുടെ നേരെ മുഖംതിരിച്ചുവെച്ച് അദ്ദേഹം തന്റെ സോഫായിൽ നിശ്ചലനായി കിടന്നിരുന്നു. ഇരുപതു വർഷത്തെ സേവനത്തിന്നു ശേഷം യാതൊരു പെൻഷനോ സഹായധനമോ നല്കപ്പെടാതെ അദ്ദേഹം അവമാനിതനാക്കപ്പെട്ടു. തന്റെ ജോലി

സത്യനിഷ്ഠമാണെന്നദ്ദേഹം കരുതിയിരുന്നില്ലെന്നുള്ളതു ശരി
യാണു്; പക്ഷെ, ഇതേവണ്ണം നടത്തിയിരുന്നവരൊക്കെ
കള്ളന്മാരോ, നീതിനിഷ്ഠരോ എന്ന ചിന്തകൂടാതെ പെൻഷ
ന്നർഹരായിരുന്നു. പുതിയ നീതിശാസ്ത്രം അനുശാസിക്കുന്ന
പെൻഷൻ ന്യായയുക്തമായ കഴിവിന്നോ, യോഗ്യത
കൾക്കോ അല്ല, എന്തുതന്നെ ആയാലും സേവനകാലത്തെ
പ്പററി മാത്രം പരിചിന്തനം ചെയ്തിട്ടായിരുന്നു. അപ്പോൾ
അദ്ദേഹംമാത്രം എന്തിന്നു വ്യത്യസ്തനായി കരുതപ്പെടണം?
അദ്ദേഹത്തിന്നു യാതൊരു സമ്പാദ്യവുമില്ല. കടകളെ കടന്നു
പോകുമ്പോൾ കച്ചവടക്കാരന്റെ നോട്ടത്തെ നേരിടുന്ന
തിന്നും അദ്ദേഹത്തിന്നു ലജ്ജിക്കേണ്ടിവരുന്നു. ബിയർ വാ
ങ്ങിയ വകയിൽ അദ്ദേഹത്തിന്നു മുപ്പത്തിരണ്ടു റൂബിളിന്റെ
കടമുണ്ടായിരുന്നു. വീട്ടുടമസ്ഥയായ ബലോവാക്കും അദ്ദേഹം
കടക്കാരനായിരുന്നു. ഡരിയാ രഹസ്യമായി അദ്ദേഹ
ത്തിന്റെ പഴയ വസ്ത്രങ്ങളും പുസ്തകങ്ങളും വില്ക്കാൻ തുടങ്ങി
യിരുന്നു. ഡാക്ടർ ഒരു ഭീമമായ തുക പ്രതീക്ഷിക്കുന്നുണ്ടെന്നും
അതു വളരെവേഗം ലഭിക്കുന്നതാണെന്നും വീട്ടുടമസ്ഥയോടു
പറഞ്ഞിരുന്നു.

തന്റെ ആകെ ഉള്ള സമ്പാദ്യമായ ആയിരം റൂബിൾ
ഇടക്കാലത്തു നടത്തിയ പര്യടനത്തിൽ ചിലവഴിച്ചതിൽ,
അദ്ദേഹത്തിന്നു തന്നോടുതന്നെ അരിശമായിരുന്നു. ആയിരം
റൂബിൾ ഇപ്പോൾ എത്ര ഉപകരിക്കുമായിരുന്നു! തനിക്കു്
ഏകാന്തത ലഭിക്കാത്തതിൽ അദ്ദേഹം അസ്വസ്ഥനായി
രുന്നു. രോഗപീഡിതനായ തന്റെ പഴയ സഹപ്രവർത്ത
കനെ കഴിവുള്ളപ്പോഴൊക്കെ വന്നുകാണുന്നതിൽ ഖൊബോ
ട്ടോവ് ജാഗരൂകനായിരുന്നു. അയാളുടെ എല്ലാ ചേഷ്ട
കളും അൻഡ്രേയിയെഫിമിച്ചിനെ അരിശംപിടിപ്പിച്ചു; അയാ
ളുടെ പരിഷ്കൃതമായ ഭാവവും, പ്രസന്നമായ ആചാരവും,

'സ്നേഹിതാ' എന്നയാൾ വിളിച്ചിരുന്ന രീതിയും അയാളുടെ ഉയർന്ന ബൂട്ട്സുകളും എല്ലാം. എന്നാൽ ഒട്ടും സഹിക്കവഹി യാത്തതു് അൻഡെരിയിഫിമിച്ചിനെ നോക്കേണ്ടതു തൻെറ കടമയാണെന്നു് ബൊബോട്ടേറവു് കരുതുകയും താൻ അദ്ദേ ഹത്തിനു് വൈദ്യോപദേശം നൽകുകയാണെന്നു് അയാൾ വിശ്വസിക്കുകയും ചെയ്തിരുന്നതാണു്. അയാൾ വരു മ്പോഴൊക്കെ ഒരു കുപ്പി പൊട്ടാസ്യം ബ്രോമൈഡ്യും ചാരനിറത്തിലുള്ള ഒരു പൊടിയും കൊണ്ടുവരികയും ചെയ്തിരുന്നു.

മൈക്കേൽ അവധിയാനിച്ചും തൻെറ സ്നേഹിതനെ സന്ദർശിക്കുകയും അദ്ദേഹത്തിൻെറ ചിന്താഗതികളെ തിരിപ്പിക്കേണ്ടതു തൻെറ കടമയാണെന്നു വിശ്വസിക്കു കയും ചെയ്തിരുന്നു. അയാൾ പരിമിതമായ ഭാവത്തോടെ അൻഡേരിയിഫിമിച്ചിൻെറ അറയിൽ കടക്കുകയും ഉല്ലാസ ത്തോടെ, അദ്ദേഹം നല്ല ഉന്മേഷവാനായി കാണപ്പെടുന്നു എന്നും, തൻെറ സ്നേഹിതൻെറ നില ആശാരഹിതമായ ഒരവസ്ഥയിലെത്തുകയാണെന്നു താൻ കരുതിയിരുന്നതാ ണെന്നും പറഞ്ഞിരുന്നു. അയാൾ വാഴ്സയിൽവെച്ചു വാങ്ങിയ പണം തിരിച്ചുകൊടുത്തിരുന്നില്ലെന്നു മാത്രമല്ല, ഒരപമാനബോധത്തിൻെറ അസ്വസ്ഥതയാൽ കൂടുതൽ ഉച്ച ത്തിൽ സംസാരിക്കുകയും കൂടുതൽ രസകരമായ കഥകൾ പറയുകയും ചെയ്തിരുന്നു. വിനോദരസപ്രധാനമായ അയാ ളുടെ കഥകളും സംഭാഷണവും അന്തമില്ലാത്തതായി തോന്നു കയും അതു് അയാൾക്കും അൻഡേരിയിഫിമിച്ചിനും ഒന്നു പോലെ വിരസമായി അനുഭവപ്പെട്ടുതുടങ്ങുകയും ചെയ്തി രുന്നു.

അയാൾ സന്ദർശനത്തിന്നെത്തുന്ന വേളകളിൽ അൻഡേരിയിഫിമിച്ച് സോഫായിൽ നീണ്ടുനിവൎന്നു പല്ലുകൾ ഞെരിച്ചുകൊണ്ടുകിടന്നിരുന്നു; തന്റെ ആത്മാവിന്റെ ഉപരിതലത്തിൽ പരച്ചുട്ടന്നതായി അദ്ദേഹത്തിന്നു തോന്നിയിരുന്നു, ഓരോ സമയം അയാൾ സന്ദർശനത്തിന്നെത്തുമ്പോഴും അതു വല്ലാതെ വർദ്ധിക്കുന്നതായും ഒടുവിൽ അതു തന്നെ ശ്വാസം മുട്ടിക്കുന്നതായും അദ്ദേഹത്തിന്നനുഭവപ്പെട്ടിരുന്നു.

ഈ ഹീനമായ അനുഭവത്തെ ഒഴിവാക്കാൻവേണ്ടി, എപ്പോഴായാലും താനും ഖൊബോട്ടോവും മൈക്കേൽ അവറിയാനിച്ചും എല്ലാം യാതൊരു സൂചനകളും ശേഷിപ്പിക്കാതെ അവസാനിക്കാനുള്ളവരാണെന്ന അനിർവാര്യമായ ഫലത്തെപ്പററിയുള്ള ചിന്തകളിൽ അൻഡേരിയിഫിമിച്ച് തന്റെ ചേതനകളെ ബലമായി ആമഗ്നമാക്കിയിരുന്നു. ഒരു കോടി വൎഷം കഴിഞ്ഞു് ഒരു ഭൂതം ഭൂലോകത്തിനു മേൽക്കൂടി പറക്കാനിടയാകുന്നെങ്കിൽ വെറും ചെളിയും പാറകളുമല്ലാതെ മറെറാന്നും അതു കാണുകയില്ല. സംസ്കാരവും, സന്മാൎഗ്ഗനിയമങ്ങളും എല്ലാം നാമാവശേഷമായിരിക്കും, ഒരു പുല്ക്കൊടിപോലും കാണാനുണ്ടായിരിക്കുകയില്ല അപ്പോൾ തന്റെ ഈ മാനഹാനിയും പീടികക്കാരന്റെ മുന്നിൽ തോന്നുന്ന അപമാനബോധവും, തുച്ഛനായ ഖൊബോട്ടോവും, മൈക്കേൽ അവറിയാനിച്ചിന്റെ പീഡിപ്പിക്കുന്ന സൗഹൃദവും എല്ലാം എന്തായിരിക്കും? വെറും നിസ്സാരമായ സംഗതികളായിരിക്കും.

എന്നാൽ ഇത്തരം ന്യായവാദങ്ങളൊന്നും അദ്ദേഹത്തിന്നാശ്വാസപ്രദങ്ങളായിരുന്നില്ല. ഒരു വൎഷത്തിനപ്പുറമുള്ള

U. R. T. DEPARTMENTAL LIBRARY
20 JUN 1981
UNIVERSITY OF MADRAS
32D
358393

പ്രപഞ്ചത്തെ ഞാൻ ഭാവനചെയ്യുമ്പോൾ, ഉയൎന്ന ഷൂസു ധരിച്ചു ഖൊറബൊട്ടോബ് നഗ്നമായ ഒരു പാറക്കെട്ടിന്റെ പിറകിൽനിന്നും തല ഉയൎത്തും, അതല്ലെങ്കിൽ മൈക്കേൽ അവറിയാനിച്ച് തന്റെ ഉയൎന്ന പൊട്ടിച്ചിരിയോടെ നില്ക്കുന്നു; ആകുലനാപരത്തിൽ അയാൾ മന്ത്രിക്കുന്നതുതന്നെയും നമുക്കു കേൾക്കാം: "പ്രിയപ്പെട്ട സ്നേഹിതാ, വാഴ്സായിൽവെച്ചു വാങ്ങിയ പണം ഏതാനും ദിവസങ്ങൾക്കകം ഞാൻ തിരിച്ചുതരാം......തീൎച്ചയായും ഞാനതു തരും."

20 JUN 1981

## പതിനാറു്

ഒരു ദിവസം മദ്ധ്യാഹ്നത്തിനുശേഷം മൈക്കേൽ അവറിയാനിച്ച്, അൻഡേരിയിഫിമിച്ചിനെ കാണാൻ വന്നു; അപ്പോൾ അദ്ദേഹം തൻെറ സോഫായിൽ കിടക്കുകയായിരുന്നു. പൊട്ടാസ്യംബ്രോമൈഡ്കൊണ്ടു ബൊബോട്ടോവും എത്താറായി. അൻഡേരിയിഫിമിച്ച്, ശ്രമപ്പെട്ടെഴുന്നേററു് പിറകോട്ടു കൈകുത്തി, സോഫായിൽ ഇരുന്നു.

"എൻെറ പ്രിയപ്പെട്ട സ്നേഹിതാ" മൈക്കേൽ അവറിയാനിച്ച് പറഞ്ഞു. "നിങ്ങൾ കഴിഞ്ഞ ദിവസത്തേക്കാൾ ഉല്ലാസവാനായിരിക്കുന്നു. നിങ്ങൾ ഉത്സാഹവാനായി, വളരെ ഉത്സാഹവാനായിരിക്കുന്നു."

"തൻെറ സ്ഥിതി മെച്ചമാക്കാൻ നിങ്ങളുദ്ദേശിക്കേണ്ട സമയമായിരിക്കുന്നു, സ്നേഹിതാ". ബൊബോട്ടോവ് ഒരു കോട്ടുവായിട്ടുകൊണ്ടു പറഞ്ഞു: "ഇതുവരെയുള്ള കാര്യങ്ങളും നിങ്ങൾക്കു മുഷിഞ്ഞിരിക്കണം!"

"എന്തിനു്, നമ്മൾ തികച്ചും അസുഖങ്ങളില്ലാതെ മണിപോലെ ജീവിക്കും.!" മൈക്കേൽ അവറിയാനിച്ച്

ഉത്സാഹത്തോടെ പറഞ്ഞു: "ഞങ്ങൾ ഒരു നൂറുവർഷംകൂടി ജീവിക്കും. വിശ്വാസമില്ലെങ്കിൽ നോക്കിക്കൊള്ളൂ."

"ഒരു നൂറു വർഷത്തെപ്പററി എനിക്കറിവില്ല. എങ്കിലും ഒരു ഇരുപതു വർഷത്തേക്ക് അദ്ദേഹത്തിന്നു യാതൊരു കുഴപ്പവും വരികയില്ല." ഖൊബോട്ടോവ് ഉറപ്പിച്ചു പറഞ്ഞു: "സ്നേഹിതാ, ഉല്ലാസമായിരിക്കൂ.... നിങ്ങളുടെ ഉന്മേഷം വിലനീഷത്തു!"

"ഹൊ—ഹൊ" മൈക്കേൽ അഞ്ചറിയാനിച്ച് ആക്രോശിച്ചു. "ഞങ്ങൾ നിങ്ങളെ എങ്ങിനെ പരിവർത്തനപ്പെടുത്തുന്നു എന്നു കാട്ടിത്തരാം! നിങ്ങൾക്കതനുഭവപ്പെടും! ഈശ്വരൻ പ്രസാദിച്ചിട്ട്, അടുത്ത വേനൽക്കാലത്ത് നമുക്ക കാക്കസസ്സിലേക്ക പോയി പർവ്വതപ്രദേശങ്ങളിലൊക്കെ ചുററിത്തിരിയാം—ഹോ, ഹോ ഹോ! നാം കാക്കസസ്സിൽനിന്നും തിരിച്ചുവരുമ്പോൾ നമുക്ക വിവാഹം കഴിക്കാൻ സാധിക്കയില്ലെന്നുതന്നെ ആക്കാണു് പറയാൻ കഴിയുന്നതു്!" മൈക്കേൽ അവ്‌റിയാനിച്ച് ഗൂഢമായി കണ്ണുചിമ്മി. "സ്നേഹിതാ, ഞങ്ങൾ നിങ്ങളുടെ വിവാഹം നടത്തും. ഇല്ലെങ്കിൽ നോക്കിക്കൊള്ളൂ...."

അൻഡ്രേയിയിഫിമിച്ചിനു് തൻെറ ശ്വാസനാളംവരെ പത പൊങ്ങുന്നതായി തോന്നി. അദ്ദേഹത്തിൻെറ ഹൃദയം വല്ലാതെ ക്രമം തെററി തുടിക്കാൻ തുടങ്ങിയിരുന്നു.

"ഇതൊക്കെ എന്തു മര്യാദകേടാണു്!" പൊട്ടുന്നനെ ജനാലയുടെ നേർക്ക തിരിഞ്ഞുകൊണ്ടു് അദ്ദേഹം പറഞ്ഞു. "നിങ്ങൾ എത്ര പ്രാകൃതമായാണു് പെരുമാറുന്നതെന്നു മനസ്സിലാക്കാൻ കഴിയുന്നില്ലേ?"

ശാന്തമായും മൃദുവായും സംസാരിക്കാനാണ് അദ്ദേഹം ഉദ്ദേശിച്ചതു്; എന്നാൽ സ്വയമറിയാതെതന്നെ അദ്ദേഹത്തിൻെറ കൈകൾ മുറുകുകയും ശിരസ്സിനു മേലേക്കുയരുകയും ചെയ്തു.

"എന്നെ ഉപദ്രവിക്കാതെ പോകൂ!" അദ്ദേഹം തൻെറ ശബ്ദത്തിൻെറ പരമാവധി ഉച്ചത്തിൽ പറഞ്ഞു. അദ്ദേഹത്തിൻെറ മുഖം ചുവക്കുകയും ശരീരമാകെ വിറയ്ക്കുകയും ചെയ്യുന്നുണ്ടായിരുന്നു. "കടന്നുപോകൂ! നിങ്ങൾ രണ്ടുപേരെയും എനിക്കു കാണേണ്ട. കടന്നുപോകൂ, പുറത്തു്!"

മൈക്കേൽ അവറിയാനിച്ചും ഖൊബോട്ടോവും എഴുന്നേററു് അദ്ദേഹത്തെ തുറിച്ചുനോക്കിനിന്നു, ആദ്യം പരിഭ്രമവും പിന്നീടു ഭീതിയും അവരെ ആക്രമിച്ചിരുന്നു.

"രണ്ടുപേരും എൻെറ മുൻപിൽനിന്നു പോകൂ!" അൻഡേരിയിഫിമിച്ച് തുടന്നാക്രോശിച്ചു. "വിവരംകെട്ടവർ! മൂഢന്മാർ! എനിക്കു നിങ്ങളുടെ സൗഹൃദവും മരുന്നുകളും ഒന്നും ആവശ്യമില്ല! മൂഢന്മാർ, പ്രാകൃതന്മാർ, ജുഗുപ്സാവഹമായ ജീവികൾ!"

സംഭ്രമമണിഞ്ഞ മിഴികളോടെ പരസ്പരം നോക്കിക്കൊണ്ടു്, ഖൊബോട്ടോവും മൈക്കേൽ അവറിയാനിച്ചും വാതില്ക്കലേക്കു നീങ്ങി, പുറത്തുകടന്നു. പൊട്ടാസ്യം ബ്രോമെയ്ഡിൻെറ കുപ്പി റാഞ്ചി എടുത്തു്, അൻഡേരിയിഫിമിച്ച് അവരുടെ നേർക്കു വലിച്ചെറിഞ്ഞു; വാതില്പ്പടിയിൽ തട്ടി ആ കുപ്പി ചിതറിത്തെറിച്ചു.

"പോയി തുലയൂ!" ഒരു തേങ്ങൽപോലെയുള്ള സ്വരത്തിൽ, അവരുടെ പിറകേ എത്തിയ, അദ്ദേഹം ആക്രോശിച്ചു. "പോയി തുലയൂ!".

തൻെറ സന്ദർശകർ മറഞ്ഞുകഴിഞ്ഞശേഷം തുള്ളപ്പനി ബാധിച്ചപോലെ, സോഫായിൽ കിടന്നുകൊണ്ടു് അൻഡ്രേയിഫിമിച്ച് മുരണ്ടു. "വിവരം കെട്ടവർ! മടയന്മാർ!" ശാന്തനാകാൻ കഴിഞ്ഞപ്പോൾ മൈക്കേൽ അവറിയാനിച്ചിനെ അതെങ്ങിനെ സ്പർശിച്ചിരിക്കുമെന്നദ്ദേഹം ചിന്തിച്ചു, എത്ര മാനംകെടുത്തുന്നതും ദാരുണവുമായിരുന്നു അതു്. അങ്ങിനൊരവസ്ഥ തനിക്കൊരിക്കലും സംഭവിച്ചിട്ടില്ല. അദ്ദേഹത്തിൻെറ വിവേകവും യുക്തിയും, അവധാനതയും തത്വജ്ഞാനപരമായ സമചിത്തതയും എവിടെ പോയി?

തൻെറ പ്രവൃത്തിയിലുള്ള അപമാനബോധവും ദുഃഖവുംകൊണ്ടു് അന്നു ഡാക്ടർക്കുറങ്ങാൻ കഴിഞ്ഞില്ല. പത്തു മണിയോടുകൂടി പോസ്റ്റ്മാസ്റ്ററോടു ക്ഷമായാചനം ചെയ്യാനായി അദ്ദേഹം പോസ്റ്റാഫീസിലേക്കു പോയി.

"ഞങ്ങൾ അതത്ര കാര്യമായി കരുതി മനസ്സിൽവെച്ചുകൊണ്ടിരിക്കയില്ല" സൌഹാർദ്ദനിർഭരമായി ഡാക്ടറുടെ കരം ഗ്രഹിച്ചമർത്തിക്കൊണ്ടു്, ഒരു നെടുവീർപ്പോടെ, ആർദ്രചിത്തനായി മൈക്കേൽ അവറിയാനിച്ച് പറഞ്ഞു. "കഴിഞ്ഞതെല്ലാം പോകട്ടെ, ല്യൂബോവ്കിൻ" ആഫീസ്സിൽ ബന്തികളും അവിടെ സന്നിഹിതരായിരിക്കുന്നവരും ഞെട്ടുന്നവിധം അയാൾ വിളിച്ചു. "ഒരു കസേരകൊണ്ടുവരു! നിങ്ങൾക്കല്ലാം നില്ക്കാൻ വയ്യേ?" അഴികളുടെ ഇടയിൽകൂടി ഒരു രജിസ്റ്റർകത്തു നീട്ടിയ പാവപ്പെട്ട സ്ത്രീയുടെ നേരെ അയാൾ അലറി. "ഞാൻ തിരക്കിലാണെന്നു നിങ്ങൾക്കു കാണാൻ വയ്യേ? കഴിഞ്ഞതൊക്കെ പോകട്ടെ," അയാൾ സ്നേഹനിർഭരമായ സ്വരത്തിൽ അൻഡ്രേയിയിഫിമിച്ചി

ൻെറ നേരെ തിരിഞ്ഞു തുടന്നു. "പ്രിയപ്പെട്ട സ്നേഹിതാ, ഇരിക്കൂ. ഞാനപേക്ഷിക്കുന്നു."

ഒരു നിമിഷനേരത്തോളം തൻെറ കാൽമുട്ടുകളിൽ തഴുകിക്കൊണ്ടിരുന്നിട്ട് അയാൾ പറഞ്ഞു:

"ഒരു നിമിഷത്തേക്കുപോലും എനിക്കതിൽ വിഷമം തോന്നിയില്ല അതു് അസുഖംകൊണ്ടാണെന്നു് എനിക്കു ബോദ്ധ്യമുണ്ടായിരുന്നു. കഴിഞ്ഞ ദിവസം നിങ്ങൾ നടത്തിയ ആ ആക്രമണം എന്നെയും ഡാക്ടർ ഖൊബോട്ടോവിനെയും വല്ലാതെ സംഭ്രമിപ്പിച്ചു, ഞങ്ങൾ വളരെനേരം നിങ്ങളെപ്പററി സംസാരിച്ചു. പ്രിയപ്പെട്ട സ്നേഹിതാ, നിങ്ങളുടെ രോഗത്തെപ്പററി നിങ്ങൾ കാര്യമായി ചിന്തിക്കാത്തതെന്താണു്? തീച്ചയായും നിങ്ങൾ ഇങ്ങിനെ തുടരാൻ പാടില്ല! ഒരു സ്നേഹിതൻെറ തുറന്ന പ്രസ്താവന ക്ഷമിക്കണം," മൈക്കേൽ അവയിയാനിച്ച് തൻെറ ശബ്ദം തീരെ താഴ്ത്തി മന്ത്രിച്ചു. "തീരെ അഭിലഷണീയമല്ലാത്ത ഒരു പരിസരത്തിലാണു് നിങ്ങൾ താമസിക്കുന്നതു്: ശ്വാസംമുട്ടിക്കുന്നതും, വൃത്തികെട്ടതും, അശ്രദ്ധവും, ചികിത്സകൾക്കു സൗകര്യമില്ലാത്തതുമായ ഒരു പരിസരം...പ്രിയപ്പെട്ട സ്നേഹിതാ, ഡാക്ടർ ഖൊബോട്ടോവും ഞാനും അപേക്ഷിക്കുന്നു; ഞങ്ങളുടെ അപേക്ഷ സ്വീകരിക്കാൻ യാചിക്കുന്നു; നിങ്ങൾ ആശുപത്രിയിലേക്കു പോകൂ! അവിടത്തെ ആഹാരം സുഖകരമാണു്, നിങ്ങളുടെ രോഗത്തിനു നല്ല ചികിത്സ ലഭിക്കുകയും ചെയ്യും. യവ്ഗനിഫെഡറോവിച്ച്, നമ്മെസംബന്ധിച്ചിടത്തോളം, ഈവിധ കാര്യങ്ങളിൽ ഒരു നല്ല ഡാക്ടരാണു്. അദ്ദേഹത്തിൽ വിശ്വാസമപ്പിക്കുന്നതു തെററുകയില്ല. നിങ്ങളെ നോക്കിക്കൊള്ളാമെന്നു് അദ്ദേഹം വാഗ്ദാനം ചെയ്യുന്നുമുണ്ടു്."

ആത്മാൎത്ഥതയുടെ തിളക്കമുററ ആ സ്വരവും ആ പോസ്റ്റ്മാസ്റ്ററുടെ മിഴികളിൽ തിളങ്ങിയ കണ്ണുനീരും അൻഡ്രെ രിയിഫിമിച്ചിനെ വല്ലാതെ സ്പർശിച്ചു.

"എൻെറ പ്രിയപ്പെട്ട സ്നേഹിതാ, നിങ്ങൾ അതൊന്നും വിശ്വസിക്കരുതു്" അദ്ദേഹം അയാളുടെ നെഞ്ചിൽ കൈ വെച്ചുകൊണ്ടു മന്ത്രിച്ചു. "അതൊന്നും വിശ്വസിക്കരുതു്! ഇതെല്ലാം പച്ചക്കള്ളമാണു്. എന്നെസംബന്ധിച്ചുള്ള വ്യത്യസ്തത ഈ ഇരുപതുവൎഷത്തിനിടയിൽ നമ്മുടെ പട്ടണത്തിൽ ഞാൻ കണ്ടെത്തിയിട്ടുള്ളതു വിവരമുള്ള ഒററ മനുഷ്യനെയാണെന്നതും ആയാൾക്കു ഭ്രാന്താണെന്നതുമാണു്. എനിക്കു യാതൊരു സുഖക്കേടുമില്ല, രക്ഷാമാൎഗ്ഗങ്ങളില്ലാത്തതും പാപപങ്കിലവുമായ ഒരു പരിസരത്താൽ ഞാൻ ചുററപ്പെട്ടിരിക്കുന്നു എന്നുമാത്രമാണു്. എനിക്കൊരഭിപ്രായവും ഇല്ല, നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യാം".

"പ്രിയപ്പെട്ട സ്നേഹിതാ, നിങ്ങൾ ആശുപത്രിയിലേക്കു പോകൂ."

"എവിടെ പോകുന്നതിനും എനിക്കൊന്നുമില്ല—നിങ്ങൾക്കു വേണമെങ്കിൽ എന്നെ ജീവനോടെ കുഴിച്ചുമൂടാം."

"എല്ലാ കാര്യത്തിലും നിങ്ങൾ യവ്ഗനി ഫെഡറോവിച്ചിനെ അനുസരിക്കാമെന്നു വാഗ്ദാനം ചെയ്യൂ."

"ശരി. ഞാൻ സത്യംചെയ്യുന്നു. എങ്കിലും ഞാൻ ആവൎത്തിച്ചുപറയുന്നു, സ്നേഹിതാ, പാപപങ്കിലമായ ഒരു പരിസരത്താൽ ഞാൻ ചുററപ്പെട്ടിരിക്കുകയാണു്. ഇപ്പോൾ ഓരോ കാൎയ്യത്തിലും, എൻെറ ആത്മാൎത്ഥസുഹൃത്തുക്കളുടെ സഹാനുഭൂതിപോലും എന്നെ ഒരേയിടത്തേക്കാണു്

നയിക്കുന്നതു്—എൻെറ നാശത്തിലേക്കു്. ഞാൻ നശിക്കുകയാണു്, അതു മനസ്സിലാക്കാനുള്ള ധൈര്യം എനിക്കുണ്ടു്".

"നിങ്ങളുടെ നില ഭേദപ്പെട്ടും, സ്നേഹിതാ!"

"ഈ രീതിയിൽ സംസാരിക്കുന്നതിൻെറ പ്രയോജനം എന്താണു്?" പരിഹാസസ്വരത്തിൽ അൻഡ്രേരിയിഹിമിച്ചു് ചോദിച്ചു: "ജീവിതത്തിൻെറ അന്ത്യത്തിലേക്കു് ഓരോരുത്തനും ഇതേവിധമൊക്കെ പോകേണ്ടതാണു്. നിങ്ങളുടെ വൃക്കകളുടെ പ്രവത്തനം ശരിയല്ലെന്നോ, ഹൃദയത്തിൻെറ നില തകരാറിലാണെന്നോ പറയപ്പെട്ടപ്പോൾ, നിങ്ങൾ വൈദ്യസഹായം തേടിപ്പോകുന്നു. അല്ലെങ്കിൽ നിങ്ങളുടെ ബുദ്ധിയുടെ സ്ഥിരത താറുമാറായെന്നോ, നിങ്ങളൊരപരാധിയാണെന്നോ ആരെങ്കിലും പറഞ്ഞാൽ മതി—ചുരുക്കത്തിൽ മററുള്ളവരുടെ ശ്രദ്ധ നിങ്ങളുടെ നേരെ തിരിയുമ്പോൾ നിങ്ങൾ രക്ഷാമാഗ്ഗങ്ങളററ ഒരു കുരുക്കിൽ പെട്ടിരിക്കുകയാണെന്നു നിങ്ങൾക്കു തീച്ചയായിരിക്കും അതിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചാൽ കൂടുതൽ ആഴത്തിലേക്കു താഴുന്നതായി നിങ്ങൾക്കനുഭവപ്പെട്ടും. ആ ചിന്ത ഉപേക്ഷിക്കുകയാണു് പിന്നെ നല്ലതു്. മാനുഷികമായ ഒരു ശ്രമവും നിങ്ങളെ അതിൽനിന്നും രക്ഷിക്കുകയില്ല. അല്ലെങ്കിൽ, ഇതാണെൻെറ അഭിപ്രായം".

ഇതിനിടയിൽ കൗണ്ടറിനപ്പുറത്തു് ധാരാളം ആളുകൂടിക്കഴിഞ്ഞിരുന്നു. അവർക്കു കാത്തുനില്പായിടയാക്കാതിരിക്കാൻവേണ്ടി അൻഡ്രേരിയിഹിമിച്ചു് എഴുനേററു യാത്ര പറയാൻ തുടങ്ങി. മൈക്കേൽ അഞ്ചറിയായിച്ചു് തണിക്കു

ലഭിച്ച വാഗ്ദാനം ആവർത്തിക്കുകയും അദ്ദേഹത്തെ വാതിൽക്കൽവരെ അനുയാത്രചെയ്യുകയും ചെയ്തു.

ആ ദിവസം വൈകിട്ടുതന്നെ, തീരെ പ്രതീക്ഷിക്കാതെ, ഖൊബോട്ടോവ് എത്തി. പതിവുപോലെ ഷീപ്പ്സ്കിൻ കോട്ടും ഉയർന്ന ഷൂസും ധരിച്ച് അയാൾ യാതൊന്നും സംഭവിച്ചിട്ടില്ലാത്തപോലെ പറഞ്ഞു:

"സ്നേഹിതാ, ഞാൻ ഔദ്യോഗിക കാര്യമായിട്ടാണ് വന്നിരിക്കുന്നത്. ഒരു പരിശോധനയ്ക്കു നിങ്ങൾകൂടി ഉണ്ടായിരിക്കേണ്ടത് എനിക്കാവശ്യമായിരിക്കുന്നു—വരുന്നതിനു വിഷമമില്ലല്ലോ?"

ഒരു നടത്തയ്ക്കു ക്ഷണിച്ചു തന്നെ പരിവർത്തനപ്പെടുത്തുന്നതിനോ, അല്ലെങ്കിൽ അല്പം പണംകിട്ടുന്നതിനു സന്ദർഭമുണ്ടാക്കുന്നതിനുതന്നെയോ ഉദ്ദേശിച്ചു ഖൊബോട്ടോവ് ക്ഷണിക്കുകയാണെന്നു കരുതിയ അൻഡ്രേയിഫിമിച്ച് വേഗം തന്റെ കോട്ടും തൊപ്പിയും ധരിച്ച് അയാളോടൊപ്പം ഇറങ്ങി. കഴിഞ്ഞ ദിവസം തന്നിൽനിന്നുണ്ടായ തെററിനു പരിഹാരംചെയ്യാൻ സന്ദർഭം ലഭിച്ചതിനാലും, തന്റെ അവിവേകത്തെ അവഗണിക്കാൻ ഖൊബോട്ടോവ് സന്നദ്ധനായതിനാലും അയാളോടദ്ദേഹത്തിനതിയായ നന്ദിയുണ്ടായി. തികച്ചും ശിഷ്ടനല്ലാത്ത ആ മനുഷ്യനിൽ അത്രയേറെ ചാതുര്യം കണ്ടതിൽ അദ്ദേഹം ആശ്ചര്യഭരിതനാവുകയുംചെയ്തു.

"നിങ്ങളുടെ രോഗി എവിടെയാണ്?" അൻഡ്രേയിഫിമിച്ച് ചോദിച്ചു.

"ആശുപത്രിയിലുണ്ടു്. അയാളെ നിങ്ങളെ കാണിക്കാൻ ഏറെ നാളുകളായി വിചാരിക്കുന്നതാണു്... തികച്ചും അപൂർവ്വമായ ഒരു രോഗരീതി".

അവർ ആശുപത്രിയുടെ വളപ്പിൽ കടന്നു്, പ്രധാന കെട്ടിടത്തെ പിന്നിട്ടു്, മാനസികരോഗികളെ പ്രവേശിപ്പിച്ചിരുന്ന വാർഡിനുനേരെ നടന്നു. അവർ അവിടെ എത്തിയപ്പോൾ പതിവുപോലെ, നികിതാ ചാടി എഴുന്നേറ്റു് അറ്റൻഷനായി നിന്നു.

"ഇവിടെ ഒരാൾക്കു ശ്വാസകോശസംബന്ധമായ രോഗമുണ്ടു്." അൻഡ്രേയിയിഫിമിച്ചിനോടുകൂടി വാർഡിൽ കടക്കുമ്പോൾ ഖൊബോട്ടോവു് മന്ത്രിച്ചു. "നിങ്ങൾ ഇവിടെ നില്ക്കണം, ഞാൻ ഒരു നിമിഷത്തിനകം മടങ്ങിവരും. ഞാൻപോയി സ്റ്റെതോസ്കോപ്പ് എടുത്തുകൊണ്ടു വരട്ടെ".

അയാൾ അതു പറഞ്ഞിട്ടു്, അവിടെനിന്നിറങ്ങിപ്പോയി.

## പതിനേഴ്

ഇരുൾ പടന്നു തുടങ്ങിയിരുന്നു. തലയിണയിൽ, തൻെറ മുഖം പകുതിയോളം മറച്ച്, ഇവാൻഡിമിററ്റിച്ച് കിടന്നിരുന്നു; പക്ഷവാതക്കാരനായയാൾ അധരങ്ങൾ ചലിപ്പിച്ചുകൊണ്ടു പതുക്കെ കരയുന്നുണ്ടായിരുന്നു. തടിയനായ കൃഷിക്കാരനും, പഴയ മെയിൽസോർട്ടറും ഉറക്കമായിരുന്നു ആ അറയിൽ മൂകത നിലനിന്നിരുന്നു.

അൻഡേരിയിഫിമിച്ച്, ഇവാൻഡിമിററ്റിച്ചിൻെറ കിടക്കയ്ക്കടുത്തു കാത്തുനിന്നു. പക്ഷേ അരമണിക്കൂറു കടന്നുപോയി, ഖൊബോട്ടോവിനു പകരം നികിതാ വാർഡിനുള്ളിലേക്കു കടന്നു. അവൻെറ കൈയിൽ അടിയുടുപ്പുകളും ഡ്രസിംഗ്ഗൗണും കൈത്തണ്ടിൽ തൂക്കിയിട്ട പാദരക്ഷകളും ഉണ്ടായിരുന്നു.

"യജമാനൻ വേഷം മാറണം" അവൻ പറഞ്ഞു. "അങ്ങയ്ക്കു സുഖം ലഭിക്കും, ഈശ്വരേച്ഛയാണ്. വിഷമിക്കാനൊന്നുമില്ല".

അൻഡേരിയിഫിമിച്ചിന് എല്ലാം ബോദ്ധ്യമായി. ഒരു വാക്കുപോലും ഉരിയാടാതെ നികിതാ നിർദ്ദേശിച്ച കട്ടിലിന്നുനേരെ അദ്ദേഹം നടന്നു; നികിതാ കാത്തുനില്ക്കുകയാ

ണെന്നറിഞ്ഞ അദ്ദേഹം അവാച്യമായ ആകുലതത്തോടെ തൻെറ വസ്ത്രങ്ങൾ അഴിച്ചുമാററി. എന്നിട്ട് അദ്ദേഹം ആശുപത്രിയിൽനിന്നും തനിയ്ക്കായി നല്കപ്പെട്ട വസ്ത്രങ്ങൾ എടുത്തു ധരിച്ചു; അടിയിലിടുന്നതിനുള്ള കാലുറകൾ തീരെ ഇറക്കംകുറഞ്ഞതും കുപ്പായം വളരെ വലുതുമായിരുന്നു, ഡ്രസിംഗ്ഗൗണിൽനിന്നും പുകഞ്ഞ മത്സ്യത്തിൻെറ ഗന്ധം വമിക്കുന്നുണ്ടായിരുന്നു.

"ഈശ്വരസഹായത്താൽ, അങ്ങേയ്ക്കു സുഖം ലഭിയ്ക്കും". അൻഡേരിയിഫിമിച്ചിൻെറ വസ്ത്രങ്ങളെടുത്തു പുറത്തു പോയി, നികിതാ വാതിലടച്ചു.

"എല്ലാം ഒപ്പംതന്നെ", അറപ്പോടെ ഡ്രസിംഗ്ഗൗൺ ചുററിക്കൊണ്ട്, അൻഡേരിയിഫിമിച്ച് ചിന്തിച്ചു, "എല്ലാം ഒപ്പംതന്നെ.......ഫ്രാക്കുകോട്ടോ, യൂണിഫാറമോ, ഈ ഗൗണോ, എന്തായാലും............"

പക്ഷെ അദ്ദേഹത്തിൻെറ വാച്ച്? തൻെറ കീശയിൽ അദ്ദേഹം സൂക്ഷിക്കാറുള്ള കുറിപ്പുപുസ്തകം? അദ്ദേഹത്തിൻെറ സിഗരററുകൾ? അദ്ദേഹത്തിൻെറ വസ്ത്രങ്ങളെല്ലാം, നികിതാ എവിടാണ് കൊണ്ടുപോയതു്? ഇനി ജീവിതത്തിലൊരിക്കലും കാലുറകളും, വെയിസ്റ്റ്കോട്ടും, ബൂട്ട്സും ധരിയ്ക്കാൻ അദ്ദേഹത്തിനു കഴിയുന്നതല്ലായിരിയ്ക്കും. ഇതെല്ലാം ആദ്യം വിചിത്രവും വിശ്വസിയ്ക്കാനാവാത്തതുമായി തോന്നി. തൻെറ വീട്ടുടമസ്ഥ തന്നിരുന്ന അറകളും, ആറാംനമ്പർ വാർഡുമായി യാതൊരന്തരവുമില്ലെന്നും, ഈ ലോകത്തുള്ള എല്ലാം അർത്ഥശൂന്യവും കഥയില്ലാത്ത ദുരഭിമാനവുമാണെന്നും അൻഡേരിയിഫിമിച്ച് ഇപ്പോഴും ആത്മാർത്ഥമായി വിശ്വസിച്ചു, എങ്കിലും അദ്ദേഹത്തിൻെറ കരങ്ങൾ വിറയ്ക്കുകയും

പാദങ്ങൾ മരവിയ്ക്കുകയും ചെയ്യും. ഇവാൻഡിമിററ്"റിച്ച്" ഉണന്നു" ആശുപത്രിയിലെ രോഗിയുടെ വേഷത്തിൽ, തന്നെ കാണുമെന്ന ചിന്ത അദ്ദേഹത്തിൻെറ ഹൃദയത്തെ പരിക്ഷീണമാക്കി. അദ്ദേഹം എഴുന്നേററു" ഏതാനും ചുവടു നടന്നിട്ടു വീണ്ടും ഇരുന്നു.

അരമണിക്കൂർ കഴിഞ്ഞു, ഒരു മണിക്കൂറായി, അവിടെ ഇരുന്നു" അദ്ദേഹത്തിനു മുഷിച്ചിൽ തോന്നി, ഒരു ദിവസമോ ഒരാഴ്ചയോ, വത്സരങ്ങൾതന്നെയോ ഇതുപോലെ തള്ളിനീക്കുക ഈയാളുകൾക്കു സാദ്ധ്യമായിരുന്നോ? അദ്ദേഹം കുറേനേരം ഇരുന്നു, കുറച്ചുസമയം നടന്നു, വീണ്ടും ഇരുന്നു, ശരിയാണു"; അദ്ദേഹത്തിന്നു വീണ്ടും ജനാലയുടെ അടുത്തുവരെ നടന്നു പുറത്തേക്കു നോക്കിനിൽക്കാം, അറയിൽ ഒരു വത്തിക്കുടെ നടക്കാം. പിന്നെ; പിന്നെ എന്താണു"? കൊത്തിവെച്ച ഒരു പ്രതിമപോലെ അവിരാമം അങ്ങിനങ്ങിരിക്കുകയോ? സാദ്ധ്യമല്ല, തീരെ സാദ്ധ്യമല്ല!

അൻഡ്രേരിയിഫിമിച്ച്" കിടന്നു, പക്ഷേ പെട്ടെന്നു ചാടി എഴുന്നേററു. അദ്ദേഹം കുപ്പായംകൊണ്ടു", തൻെറ മുഖത്തുനിന്നും തണുത്ത വിയർപ്പു" തുടച്ചു; അപ്പോൾ തൻെറ മുഖത്തിനു പുകഞ്ഞ മത്സ്യത്തിൻെറ ഗന്ധമുണ്ടെന്നദ്ദേഹത്തിനു തോന്നി.

"ഇതെന്തൊരു തെററിദ്ധാരണയുടെ ഫലമാണു"". സംഭ്രമത്തോടെ കൈകൾ കുടഞ്ഞുകൊണ്ടു" അദ്ദേഹം പറഞ്ഞു. "ഞാൻ അവരോടു സംസാരിക്കേണ്ടതാണു", ഇതെന്തൊരു തെററിദ്ധാരണയുടെ ഫലമാണു"........"

അപ്പോൾ ഇവാൻ ഡിമിററ്"റിച്ച്" ഉണന്നു, കൈചുരുട്ടി മുഖം താങ്ങിക്കൊണ്ടു" അയാൾ എഴുന്നേററിരുന്നു.

അയാൾ തറയിൽ ആഞ്ഞു തുപ്പി. എന്നിട്ടയാൾ മന്ദമായി ഡാക്ടരെ നോക്കി, ആദ്യം അയാൾക്കൊന്നും പിടികിട്ടി യില്ല; എന്നാൽ അടുത്ത നിമിഷത്തിൽ അയാളുടെ നിദ്രാല സമായ മുഖത്തു് ക്രൂരമായ ഒരു വിജയഭാവം വ്യക്തമായി വന്നു.

"അപ്പോൾ നിങ്ങളെ അവർ ഇവിടെ എത്തിച്ചോ, സ്നേഹിതാ!" ഒരു കണ്ണു ശരിക്കു തുറക്കാതെ, നിദ്രാലസമായ പരുക്കൻ സ്വരത്തിൽ അയാൾ പറഞ്ഞു, "നിങ്ങളെ കണ്ടതു സന്തോഷമായി! മററുള്ളവരുടെ രക്തം ഊററി കുടിക്കുന്നതിനുപകരം, ഇപ്പോൾ നിങ്ങളുടെ രക്തം ഊററ പ്പെടും. വളരെ നന്നായി."

"ഇതു ചില തെററിദ്ധാരണകളുടെ ഫലമാണു്." ഇവാൻ ഡിമിററ്റിച്ചിൻെറ സ്വരംകേട്ടു് സംഭ്രാന്തനായ അൻഡേരിയിഫിമിച്ച് മുരണ്ടു; ചുമലുകൾ ഇളക്കി ചലി പ്പിച്ചുകൊണ്ടു് അദ്ദേഹം ആവത്തിച്ചു. "ഇതെന്തോ തെററിദ്ധാരണകൾകൊണ്ടു സംഭവിച്ചതാണു്........"

ഇവാൻ ഡിമിററ്റിച്ചു് ഒന്നുകൂടി തുപ്പിയിട്ടു കിടന്നു.

"ശപിക്കപ്പെട്ട ജീവിതം!" അയാൾ പുലമ്പി. "ജീവിതം അവസാനിക്കുമെന്നതാണു് ക്ലേശകരവും മമ്മഭേ ദകവുമായിരിക്കുന്നതു്, വേദനയുടെ പ്രതിഫലമായിട്ടല്ല. ഒരു നൃത്തനാടകത്തിലെപോലെ തൻെറ മഹിമയെപ്പററി പ്രശംസിക്കപ്പെടുന്ന ഒരന്ത്യോപചാരത്തോടുമല്ല, പിന്നെ യോ, മരണത്തിലവസാനിക്കുന്നു; രണ്ടുപേരു വന്നു ശവശ രീരം കാലിലും കയ്യിലുംകൂടി പിടിച്ചു തൂക്കിയെടുത്തു കുഴി യിലേക്കു കൊണ്ടുപോകുന്നു. ഓ! സാരമില്ല....... മറെറാരു ലോകത്തിൽ നമുക്കു ഭാഗ്യം കൈവരും.... ....... എൻെറ

പ്രേതംവന്നു് ഈ പന്നികളെയൊക്കെ സ്വൈരംകെടുത്തും. ഞാൻ അവരുടെ തലയൊക്കെ പഞ്ഞിമക്കട്ടുപോലെ നരപ്പിക്കും.”

അപ്പോൾ മോസസ്സ് വന്നു, ഡാക്ടരെ കണ്ട അവൻ കൈ നീട്ടിക്കൊണ്ടു പറഞ്ഞു:

“എനിക്കൊരു കോപ്പെക്ക് തരൂ!”

## പതിനെട്ട്

അൻഡേരിയിഫിമിച്ച് ജനാലയുടെ അട്ടത്തേക്കു നടന്നു പാടത്തിലേക്കുനോക്കി നിന്നു. ഇരുള്ള ശരിക്കു പടർന്നു തുടങ്ങിയിരുന്നു; വലതുഭാഗത്തായി കുളമ്പ പരത്തുന്ന, ശോണവസ്ത്രമണിഞ്ഞ ശശാങ്കൻ ഉദിച്ചുയന്നിരുന്നു. ആശുപത്രിയെ ചുററിയുള്ള വേലിയിൽനിന്നും, അത്ര അകലെയല്ലാതെ, എഴുന്നൂറടിയിലധികം വരാത്ത അകലത്തിൽ, ചുററും കന്മതിലുകൾ കെട്ടപ്പെട്ട വെള്ളനിറമുള്ള ഉയന്ന കെട്ടിടം കാണാമായിരുന്നു. അതു ജയിലായിരുന്നു.

''അപ്പോൾ ഇതാണു് യാഥാത്ഥ്യം''. അൻഡേരിയിഫിമിച്ച് ചിന്തിച്ചു, അദ്ദേഹത്തിനു വല്ലാത്ത ഭീതിതോന്നി.

എല്ലാം ഭീതി വളർത്തുന്നതായിരുന്നു: തെളിഞ്ഞ ചന്ദ്രനും, ജയിലും, വേലിയുടെ മുകളിൽ താഴത്തേക്കു വളഞ്ഞു കാണപ്പെട്ടുന്ന കൂർത്ത ആണികളും, അകലെയുള്ള ചൂളയിൽനിന്നും കാണപ്പെട്ടിരുന്ന ജ്വാലകളും; തന്റെ പിറകിൽ ആരോ നെടുവീർപ്പിട്ടുന്നതായി അദ്ദേഹത്തിനനുഭവപ്പെട്ടു. അൻഡേരിയിഫിമിച്ച് തിരിഞ്ഞുനോക്കി. ചുമലിൽ നക്ഷത്രചിഹ്നങ്ങളും നെഞ്ചിൽ മുഴുവൻ കീർത്തിമുദ്രകളും ഉള്ള ഒരാളെ അദ്ദേഹം കണ്ടു; അയാൾ തികച്ചും

കപടമായ ഭാവത്തോടെ കണ്ണുചിമ്മുന്നുണ്ടായിരുന്നു. അതും വല്ലാത്ത ഭീതി വളർത്തുന്ന ഒരനുഭവമായിരുന്നു.

ചന്ദ്രന്റെ സ്ഥിതിയിലോ, ജയിൽ കെട്ടിടത്തിലോ യാതൊരസാധാരണത്വവുമില്ലെന്നു സ്വയം ബോദ്ധ്യപ്പെടുത്തുന്നതിന്നു് അൻഡ്രേയിഫിമിച്ച് ശ്രമിച്ചു; മാനസിക നിലയ്ക്കു തെററുവന്നിട്ടില്ലാത്തവർ ക്രമം പാലിക്കുന്നു; എന്നാൽ നിരംശാബോധത്താൽ പെട്ടെന്നു കീഴടക്കപ്പെട്ട അദ്ദേഹം ജനാലയുടെ അഴികളെ മുറുകെ പിടിച്ചുകൊണ്ടു് അവയെ ഉലയ്ക്കാൻ ശ്രമിച്ചു. ആ ജനാല ബലമായി ചെയ്യപ്പെട്ടതായിരുന്നു, അതിനാൽ അതു തീരെ ചലിച്ചില്ല.

തന്റെ ഭീതിയെ അകററാനുള്ള ശ്രമത്തിൽ, അദ്ദേഹം ഇവാൻ ഡിമിററ്റിച്ചിന്റെ കിടക്കയ്ക്കടുത്തേയ്ക്കു നടന്നു്, അതിന്റെ അരികിൽ ഇരുന്നുകൊണ്ടു പറഞ്ഞു:

"പ്രിയപ്പെട്ട സ്നേഹിതാ, എന്റെ ഹൃദയം തകന്നുപോയി." വിറയാന്ന മേനിയോടെ, നെററിയിൽനിന്നും തണുത്ത വിയർപ്പു തുടച്ചെറിഞ്ഞുകൊണ്ടു് അദ്ദേഹം പറഞ്ഞു: "എന്റെ ഹൃദയം തകന്നുപോയി."

"തത്വചിന്ത പരീക്ഷിച്ചുനോക്കൂ." ഇവാൻ ഡിമിററ്റിച്ച് നിന്ദാനിർഭരമായ ചിരിയോടെ പറഞ്ഞു.

"ഈശ്വരാ, എന്റെ ഈശ്വരാ........! ഓ, അതേ........ ഒരിക്കൽ നിങ്ങൾ പറഞ്ഞതു ശരിയാണു്, റഷ്യയിൽ ഒരു തത്വശാസ്ത്രവും ഇല്ലെങ്കിലും എല്ലാവരും വേദാന്തീകരണത്തിൽ മുഴുകുന്നു, തീരെ സാധാരണന്മാർകൂടി. പക്ഷേ, സാധാരണക്കാരുടെ തത്വശാസ്ത്രം ആക്കെന്നുപദ്രവമാണു്

ചെയ്യുന്നതു്?'' അൻഡ്രേയിഹിമിച്ചിന്റെ സ്വരം, കരയാൻപോകുന്നതുപോലെയോ, അല്ലെങ്കിൽ തന്റെ സഹചരനായ മനുഷ്യന്റെ സഹാനുഭൂതി കവരാൻ ശ്രമിക്കുന്നതുപോലെയോ തോന്നി. ''എന്താണു് സ്നേഹിതാ, നിങ്ങൾ ക്രൂരമായി ചിരിക്കുന്നതു്? മറെറാരു സംതൃപ്തിക്കും മാർഗ്ഗമില്ലാതിരിക്കുമ്പോൾ, സാധാരണക്കാർക്കു തത്വചിന്തയിലേക്കു തിരിയാനല്ലാതെ മറെറന്താണു് കഴിയുന്നതു്? ബുദ്ധിയും, വിദ്യാഭ്യാസവും, അഭിമാനവുമുള്ളവനും സ്വതന്ത്രനുമായ ഒരുവനു് ഒരു വൃത്തികെട്ട പട്ടണത്തിലെ ഡാക്ടരായി ഈച്ചകളുടേയും മൃഗങ്ങളുടേയും പഴപ്പുപുരണ്ട തുണികളുടേയും ഇടയിൽ ജീവിതം അവസാനിപ്പിക്കുക എന്നല്ലാതെ മറെറാരു ലക്ഷ്യവും ഇല്ല! മിത്ഥ്യാഭിമാനവും, സങ്കുചിതത്വവും, സംസ്കാരരാഹിത്യവും! ഹോ, എന്റെ ഈശ്വരാ!''

•

''നിങ്ങൾ വിഡ്ഢിത്തം പറയുകയാണു്. ഒരു ഡാക്ടരാകുന്നതു നിങ്ങൾക്കിഷ്ടമല്ലെങ്കിൽ എന്തുകൊണ്ടു് ഒരു മന്ത്രിസഭാംഗമായിക്കൂട?''

''ഇല്ല. ഇല്ല. ഒരുവനു് ചെയ്യാൻ കഴിയുന്നതായി ഒന്നുമില്ല! നാം ദുർബ്ബലരാണു്, സ്നേഹിതാ........ഞാൻ അശ്രദ്ധനായിരുന്നു, ഞാൻ ഉത്സാഹത്തോടും വിവേകത്തോടും ചിന്തിച്ചിരുന്നു, എന്നാൽ ജീവിതത്തിന്റെ പരുത്ത അനുഭവങ്ങളാൽ എന്റെ ധൈര്യം തീർന്നു........ശക്തി നശിച്ചു........നാം ദുർബ്ബലരും ദീനരുമാണു്........നിങ്ങളും അതിനായിരിക്കാം, സ്നേഹിതാ! നിങ്ങൾ വിവേകിയും മഹാക്കരുത്തുള്ളവനുമാണു്, ഉന്നതമായ ചിന്താഗതികൾ ജന്മസിദ്ധമായിത്തന്നെ നിങ്ങൾക്കുണ്ടു്, പക്ഷേ നിങ്ങൾ രോഗഗ്രസ്തനായി തളർന്നു വീണുകഴിയുമ്പോൾ നിങ്ങൾ കഷ്ടിച്ചു

ജീവിതം തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു.........ദൗർബല്യം, ദൗർബല്യം!"

ഇരുളിൻെറ കട്ടി ഏറിവരുന്തോറും അൻഡേരിയിഫീമിച്ചിൻെറ ഭീതിയും അപമാന്യബോധവും അനുനിമിഷം ശക്തിമത്തായിക്കൊണ്ടിരുന്നു. ഒടുവിൽ അതു സിഗരററിനും, ബീയറിനുമായുള്ള തൻെറ അഭിലാഷം ശക്തിപ്പെട്ടതിനാലാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി.

"ഒരു നിമിഷത്തേക്കു ഞാൻ നിങ്ങളെ പിരിയുകയാണു് സ്നേഹിതാ........" അദ്ദേഹം പറഞ്ഞു. "നമുക്കൊരു വിളക്കു തരാൻ ഞാൻ പറയട്ടെ.......എനിക്കിതു സഹിക്കാൻ വയ്യ........തീരെ വയ്യ........"

അൻഡേരിയിഫീമിച്ചു് വാതില്ക്കൽ ചെന്നു കതകു തുറന്നു; എന്നാൽ അടുത്ത നിമിഷത്തിൽ മുന്നോട്ടു നീന്തി വീണപോലെ എത്തിയ നികിതാ വഴി മുടക്കിക്കൊണ്ടു നിന്നു.

"നിങ്ങൾ എവിടാണു് പോകുന്നതു്? അതൊന്നും നടക്കുകയില്ല!" അവൻ പറഞ്ഞു. "നിങ്ങൾ ഉറങ്ങേണ്ട സമയം കഴിഞ്ഞിരിക്കുന്നു".

"നാലഞ്ചു മിനിട്ടുനേരത്തേക്കു പുറത്തൊന്നു പോയാൽ മാത്രം മതി, വെറുതെ മുററത്തു കുറച്ചു നടക്കാൻ!" തികച്ചും ആശ്ചര്യഭരിതനായ അൻഡേരിയിഫീമിച്ചു് പറഞ്ഞു.

"ഇല്ല. ഇല്ല. അതൊന്നും അനുവദിക്കപ്പെട്ടിട്ടില്ല. അതു നിങ്ങൾക്കുതന്നെ അറിയാമല്ലൊ".

നികിതാ കതകിലേക്കു പുറം ചാരിനിന്നു്, അതടച്ചു.

"പക്ഷേ ഞാൻ ഒന്നു പുറത്തേക്കു പോകുന്നതു് ആർക്കെങ്കിലും ഉപദ്രവമാകുന്നതെങ്ങിനെ? അൻഡേരിയിഫിമിച്ച് ചുമലിളക്കിക്കൊണ്ടു ചോദിച്ചു. "എനിക്കതു മനസ്സിലാകുന്നില്ല, നികിതാ. എനിക്കു പുറത്തേക്കു പോകണം!" അദ്ദേഹം പറഞ്ഞു. ആ ശബ്ദം പതറിയിരുന്നു. "എനിക്കു പുറത്തുപോകണം!"

"വെറുതേ സമാധാനലംഘനമുണ്ടാക്കാൻ നോക്കണ്ട." നികിതാ അനുശാസിച്ചു.

"ഇതൊരപമാനമാണു്!" പെട്ടെന്നെഴുന്നേററിരുന്നു് ഇവാൻ ഡിമിററ്റിച്ച് ആക്രോശിച്ചു. "ആളുകൾ പുറത്തു പോകുന്നതു തടയാൻ അയാൾക്കെന്തധികാരമാണുള്ളതു്? വിസ്താരം കൂടാതെ തടങ്കലിൽ വെക്കാൻ പാടില്ലെന്നു നിയമം അനുശാസിക്കുന്നുണ്ടെന്നു് എനിക്കു തീർച്ചയുണ്ടു്! ഇതു തികച്ചും അക്രമമാണു്! തീർച്ചയായും തോന്ന്യാസമാണു്!"

"അതേ തീർച്ചയായും ഇതു തോന്ന്യാസമാണു്!" അപേക്ഷിക്കാതെ ലഭിച്ച പിന്തുണയാൽ പ്രോത്സാഹിപ്പിക്കപ്പെട്ട അൻഡേരിയിഫിമിച്ച് പറഞ്ഞു "എനിക്കു പുറത്തുപോകേണ്ടതാവശ്യമാണു്, ഞാൻ പോകും. എന്നെ തടയാൻ ആർക്കും യാതൊരവകാശവുമില്ല. എന്നെ വിട്ടു, ഞാൻ പറയുന്നു!"

"എടാ, മുഗ്ദ്ധമൃഗമേ നീ കേൾക്കുന്നുണ്ടോ?" കതകിൽ തള്ളിക്കൊണ്ടു് ഇവാൻ ഡിമിററ്റിച്ച് ആക്രോശിച്ചു. "കതകു തുറക്കു്, അല്ലെങ്കിൽ ഞാനിതു പൊളിക്കും! എടാ, കശാപ്പുകാരാ!"

"കതകു-തുറക്കൂ!" സർവ്വാംഗം വിറയാൻനിന്ന അൻഡേരിയിഫീമിച്ച് അലറി: "തുറക്കാനാണു് ഞാൻ പറയുന്നതു്!"

"നടക്കട്ടെ!" കതകിൻെറ മറുവശം നിന്നുകൊണ്ടു നികിതാ പറഞ്ഞു, "നടക്കട്ടെ"

"യവ്ഗനി ഫെഡറോവിച്ചിനെ ഒന്നു വിളിക്കുകയെങ്കിലും ചെയ്യു. ഒരു നിമിഷനേരത്തേക്കു് ഇത്രടം വരാൻ ഞാൻ പറഞ്ഞതായി അയാളോടു പറഞ്ഞാൽ മതി!"

"വിളിക്കാതെതന്നെ അദ്ദേഹം നാളെ രാവിലെ വരും."

"അവർ ഒരിക്കലും നമ്മെ പുറത്തു വിടുകയില്ല." ഇവാൻ ഡിമിററ്റിച്ച് പറഞ്ഞു. നമ്മൾ നശിക്കുന്നതുവരെ അവർ നമ്മെ ഇവിടെ സൂക്ഷിക്കും. ഈശ്വരാ. അടുത്ത ലോകത്തിൽ ഒരു നരകമില്ലെന്നതും, ഈ ദുഷ്ടന്മാർ ക്ഷമിക്കപ്പെടുമെന്നതുമാണോ സത്യം? നീതി എവിടെപ്പോയി? എടാ, പോക്കിരി, കതകു തുറക്കു്, എനിക്കു ശ്വാസം മുട്ടുന്നു." അയാൾ തൻെറ സർവ്വ കരുത്തും എടുത്തു കതകിൽ പ്രയോഗിച്ചുകൊണ്ടലറി: "ഞാൻ എൻെറ തല തല്ലിപ്പൊളിക്കും! കൊലപാതകികൾ!"

നികിതാ സാവധാനം കതകുതുറന്നു് തൻെറ ഒരു കാൽമുട്ടും കൈയ്യും ഉപയോഗിച്ച് അൻഡേരിയിഫിമിച്ചിനെ പരുക്കൻമട്ടിൽ ഒരുവശത്തേക്കു മാററിനീറുത്തി, എന്നിട്ട് അയാൾ കൈമുഷ്ടികൾ ചുഴററി അദ്ദേഹത്തിൻെറ മുഖത്തിടിച്ചു. ശക്തിമത്തായ ഒരുപ്പുരസത്തിൻെറ അലയാഴി

അൻഡേരിയിഫിമിച്ചിൻെറ പാദം മുതൽ ശിരസ്സുവരെ തരംഗങ്ങൾ ഉയർത്തുന്നതായി അദ്ദേഹത്തിനു തോന്നി, അദ്ദേഹം കിടക്കയിലേക്കു വലിച്ചിഴയ്ക്കപ്പെട്ടു; അപ്പോൾ യഥാർത്ഥമായും അദ്ദേഹത്തിൻെറ നാവാൽ ഉപ്പുരസം അനുഭവപ്പെട്ടുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഊനുകൾ പൊട്ടി രക്തം വാർന്നൊഴുകുന്നതു വ്യക്തമായി കാണാമായിരുന്നു. രക്ഷപ്പെടാൻ ശ്രമിക്കുന്നതുപോലെ അദ്ദേഹം കൈ ചുഴററി എങ്കിലും ആരുടേയോ കട്ടിലിനു കീഴാൽ ചെന്നകപ്പെട്ടു, അപ്പോൾ നികിതാ അദ്ദേഹത്തിനു രണ്ടു തല്ലുകൂടി കൊടുത്തുകഴിഞ്ഞു.

ഇവാൻഡിമിററ്റിച്ചിൽനിന്നു ഝേരിയൊരു രോദനമുണ്ടായി, അയാളും മർദ്ദിക്കപ്പെട്ടിരുന്നു.

പിന്നെ, എല്ലാം ശാന്തമായി. അഴികൾക്കിടയിലൂടെ ചന്ദ്രൻ വിളറിയ രശ്മികൾ ഒഴുക്കി, തറയിൽ ഒരു വലക്കണ്ണിപോലെയുള്ള നിഴലു പരന്നു. എല്ലാം ഭീതിജനകമായിരുന്നു. അൻഡേരിയിഫിമിച്ച് ശ്വാസോച്ഛ്വാസം കഴിക്കാൻകൂടി ശ്രമിക്കാതെ, ഇനിയും മർദ്ദിക്കപ്പെടുന്ന നിമിഷത്തെപ്പററി ചകിതനായി കിടന്നു. ആരോ ഒരു അരിവാളെടുത്തു തൻെറ ദേഹത്തു കുത്തിയിറക്കിയിരിക്കുന്നതായും, അതു നെഞ്ചിലും ഉദരത്തിലും ഇട്ടു പലപ്രാവശ്യം കറക്കി വലിക്കപ്പെടുന്നതായും അദ്ദേഹത്തിനു തോന്നി. ആ വേദനകൊണ്ട് അദ്ദേഹം തലയിണയിൽ കടിക്കുകയും പല്ലുകൾ ചേർത്തു വലിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ശൂന്യമായ ചേതനയിൽ മിന്നൽപിണരുപോലെ, ഭീകരവും സഹിക്കാനാവാത്തതുമായ ഒരു ചിന്ത വന്നുദിച്ചു: താൻ അനുഭവിക്കുന്ന വേദന വത്സരങ്ങളായി, ഓരോ ദിവസവും

യാതൊരു ഇളയും ഇല്ലാതെ, നിലാവിൽ തെളിയുന്ന ഇരുണ്ട നിഴലുകൾപോലെ, ഈ ആളുകൾ അനുഭവിക്കുകയായിരിക്കണം. ഇരുപതു വർഷമായി അതറിയുകയോ, അതറിയാൻ ആഗ്രഹിക്കാതിരിക്കുകയോ ചെയ്യതെന്താണ്? അദ്ദേഹം അതറിഞ്ഞില്ല, വേദനയെപ്പററി ഒരു നേരിയ രൂപമെങ്കിലും അദ്ദേഹത്തിനില്ലായിരുന്നു; അതിനാൽ അദ്ദേഹത്തെ കുററപ്പെടുത്തിയിട്ട കാര്യമില്ല; എന്നാൽ രൂക്ഷവും പറിച്ചെറിയാനാവാത്തതുമായ നികിതാ, അദ്ദേഹത്തിൻെറ അന്തഃക്കരണത്തിൽ അവാച്യമായ ഒരു വിറ ചേർത്തു. അദ്ദേഹം കിടക്കയിൽനിന്നും എഴുന്നേററു, തൻെറ ശബ്ദത്തിൻെറ പരമാവധി ശക്തിയെടുത്തു നിലവിളിക്കാനും, നികിതായെയും ഖൊബോട്ടോവിനെയും സൂപ്രണ്ടിനെയും മെഡിക്കൽ അസിസ്റ്റൻറിനെയും, എന്നിട്ട തന്നെക്കൂടിയും കൊന്നു കാര്യം തീർക്കാനും അദ്ദേഹം ആശിച്ചു; എന്നാൽ ഒരു നേരിയ ശബ്ദമെങ്കിലും അദ്ദേഹത്തിൽനിന്നും ഉയരുകയോ പാദങ്ങൾ ചലിക്കുകയോ ചെയ്തില്ല; ശ്വസിക്കാൻവേണ്ടി വിമ്മിഷ്ടപ്പെട്ടുകൊണ്ട്, അദ്ദേഹം തൻെറ ഡ്രസിംഗ്ഗൗണും ഷർട്ടും വലിച്ചുകീറിയിട്ട കിടക്കയിലേക്കു മലന്നു; അദ്ദേഹത്തിൻെറ ബോധം നശിച്ചിരുന്നു.

## പത്തൊൻപതു്

അടുത്ത ദിവസം എഴുന്നേററപ്പോൾ അദ്ദേഹത്തിൻെറ ഹൃദയം വല്ലാതെ തുടിക്കുകയും ചെവിയിൽ കടുത്ത മുഴക്കം അനുഭവപ്പെടുകയും ചെയ്തിരുന്നു; ഓരോ അസ്ഥിയും വേദന കൊണ്ടു നുറുങ്ങുന്നുമുണ്ടായിരുന്നു. കഴിഞ്ഞ രാത്രിയിലെ തൻെറ ദൗർബ്ബല്യത്തിൻെറ സ്മരണ അപമാനഭരിതമായ ഒരു വികാരം അദ്ദേഹത്തിൽ ജനിപ്പിച്ചിരുന്നില്ല. അദ്ദേഹം ഒരു ഭീരുവിനെപ്പോലെ പെരുമാറി, ചന്ദ്രികയാൽ കൂടുതൽ ഭീതനാക്കപ്പെടാൻ സ്വയം അനുവദിക്കുകയും മുൻപൊരി ക്കലും താൻ സംശയിക്കുകൂടി ചെയ്യാത്ത വികാരവിചാര ങ്ങൾക്കു പൂർണ്ണമായും കീഴടങ്ങുകയും ചെയ്തു. സാധാരണ ക്കാരുടെ അസംതൃപ്തി ദൈവചിന്തകളിൽ അഭയംതേടുന്നു എന്ന ചിന്തതന്നെ ഉദാഹരണമായി എടുക്കാം.

യാതൊന്നും കഴിക്കാതെ അദ്ദേഹം മൂകനും നിശ്ചേത നനുമായി തൻെറ കിടക്കയിൽ കിടന്നു.

“ഞാൻ വഴങ്ങുന്നില്ല”. ചോദ്യംചെയ്യപ്പെട്ടപ്പോൾ അദ്ദേഹം ചിന്തിച്ചു: “ഞാൻ അവരോടു മറുപടിപറക യില്ല........ ഞാനതു ശ്രദ്ധിക്കുകതന്നെ ഇല്ല”.

ഉച്ചഭക്ഷണത്തിനുശേഷം ഒരു പാക്കററു് തേയിലയും ഒരു റാത്തൽ ലന്തപ്പഴവുമായി മൈക്കേൽ അവറിയാനിച്ച് അദ്ദേഹത്തെ കാണാൻ വന്നു. ഡരിയായും, മൂകമായ വേദന കുടിയിരിയ്ക്കുന്ന വദനത്തോടെ വന്നു്, അദ്ദേഹത്തിൻെറ കിടക്കയ്ക്കരികിൽ ഒരു മണിക്കൂർനേരം നിന്നു. ഡക്ടർ ഖൊബോട്ടോവും അദ്ദേഹത്തെ സന്ദർശിച്ചു. അയാൾ ഒരു കുപ്പി പൊട്ടാസ്യം ബ്രോമെയ്ഡുകൂടി കൊണ്ടുവന്നിരുന്നു, അതു നികിതായെ ഏല്പിച്ചിട്ടു് എന്തിനോട്ടുകൂടിയെങ്കിലും ഇട്ടു വാർഡിൽ പുകക്കാൻ അയാൾ ഏർപ്പാടുചെയ്തു.

സായന്തനവേളയോടെ പെട്ടെന്നുണ്ടായ ഒരു സന്നിബാധയുടെ ആക്രമണത്താൽ അൻഡ്രേയിഫിമിച്ച് മരിച്ചു. ആദ്യം അദ്ദേഹത്തിനു ജ്വരബാധിതമായ ഒരു വിറയലും ഛർദ്ദിയുമുണ്ടായി; മനം മടുപ്പിക്കുന്ന എന്തോ ഒന്നു ശരീരം മുഴുവൻ വ്യാപിക്കുന്നതായി അദ്ദേഹത്തിനു തോന്നി; കാൽവിരലുകളിൽനിന്നാരംഭിച്ച അതു് അതി ശീഘ്രം ഉദരത്തോളം പാഞ്ഞുകയറുകയും മിഴികളിലും കണ്ണുങ്ങളിലും തുളച്ചുകയറുന്നതുപോലെ വ്യാപിക്കുകയും ചെയ്തു. തൻെറ മുന്നിലുള്ള എല്ലാം പച്ച നിറമാകുന്നതായി അദ്ദേഹത്തിന്നു തോന്നി. ഇതു് അവസാനനിമിഷമാണെന്നു് അൻഡ്രേയിഫിമിച്ചിനു മനസ്സിലായി. അദ്ദേഹം ഇവാൻ ഡിമിററ്റിച്ചിനേയും, മൈക്കേൽ അവറിയാനിച്ചിനേയും, അനശ്വരതയിൽ വിശ്വസിക്കുന്ന പരകോടി ആളുകളേയും ഓർത്തു. അങ്ങനൊരവസ്ഥ ഉണ്ടെന്നു വരികിലോ? പക്ഷേ അനശ്വരതത്തിനുള്ള നേരിയൊരാശപോലും അദ്ദേഹത്തിനുണ്ടായില്ല, ആ ചിന്ത ഒരു നിമിഷത്തിലധികം അദ്ദേഹത്തിൻെറ സ്മരണയിൽ നിന്നില്ല. കഴിഞ്ഞ ദിവസം താൻ വായിച്ച കഥയിലെ ഒരു കലമാൻകൂട്ടം തൻെറ മുന്നിലൂടെ അതിവേഗം കടന്നുപോകുന്ന അനുഭൂതി അദ്ദേഹത്തിനു

ണ്ടായി, അവയുടെ ചന്തം പറഞ്ഞാൽ ഒടുങ്ങുകയില്ല; പിന്നെ ഒരു നാട്ടുമ്പുറത്തുകാരി സ്ത്രീ തന്റെനേരെ ഒരു രജിസ്റ്റർ കത്തു നീട്ടുന്നു.......മൈക്കേൽ അവറിയാനിച്ച് എന്തോ പറഞ്ഞു. അപ്പോൾ എല്ലാം മറയുകയും അൻഡേരിയിഫിമിച്ചിന് എന്നന്നേക്കുമായി ബോധം നശിക്കുകയുംചെയ്തു.

ആശുപത്രിയിലെ അന്തേവാസികളിൽ രണ്ടുപേർ വന്ന്, അദ്ദേഹത്തെ കൈയ്യും കാലിനുംകൂടി തൂക്കിയെടുത്തു പള്ളിയിലേക്കു കൊണ്ടുപോയി. അദ്ദേഹത്തിന്റെ ശരീരം അവിടത്തെ മേശപ്പുറത്തു തുറന്ന മിഴികളോടെ കിടന്നു, രാത്രി മുഴുവൻ ചന്ദ്രൻ ആ ശരീരത്തിനുമേൽ നിലാവു ചൊരിഞ്ഞുകൊണ്ടിരുന്നു. അടുത്തദിവസം രാവിലെ സെർഗെയ് സെർഗിച്ച് വന്ന്, ക്രൂശിക്കപ്പെട്ട രൂപത്തിനു മുൻപിൽനിന്നു പ്രാർത്ഥിച്ചിട്ട്, തന്റെ പഴയ മേലധികാരിയുടെ മിഴികൾ തിരുമി അടച്ചു.

രണ്ടു ദിവസത്തിനുശേഷം അൻഡേരിയീഫിമിച്ചിന്റെ ശവശരീരം സംസ്കരിക്കപ്പെട്ടു. മൈക്കേൽ അവറിയാനിച്ചും ഡരിയായും മാത്രമേ ആ കർമ്മങ്ങൾക്കു സാക്ഷ്യം വഹിക്കാൻ എത്തിയുള്ളു.

R. I. DEPARTMENTAL LIBRARY
20 JUN 1981
UNIVERSITY OF MADRAS
32D
358393